# കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ



## ജനകീയാസൂത്രണം

## കരട് വികസന രേഖ

Office Of The
Date..........
...di Grama Panch...



117-6

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# കൂട്ടിലങ്ങാടി

## ഗ്രാമ പഞ്ചായത്ത്

### വികസന സെമിനാർ




# സമഗ്ര വികസനരേഖ



നമ്മുടെ ഗ്രാമലക്ഷങ്ങളെ
സേവിക്കുകയാണ്
സ്വരാജിന്റെ ഉദ്ദേശം.

-ഗാന്ധിജി-

# കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

**കരട് സമഗ്ര രേഖ**

# സന്ദേശം

G.M. BANATWALA
M.Com., B.Ed.
MEMBER OF PARLIAMENT
(LOK SABHA)

28, Meghraj Sethi Marg,
(Souter Street)
Bombay - 400008
Phone : 379760

Room No: 302
Kerala House
3, Jantar Mantar Road
New Delhi-110001
Phone: 3736428



Dear Hamza Haji
President,
Kootilangadi Panchayath

Date: 1-12-96

I am very happy to note that a Panchayath Level Seminar on development is organised there in Kootilangadi, in connection with the popular Planingprogramme of the 9th plane of Kerala State. Wish the venture all success

G.M. Banathwala

# സന്ദേശം



**K.P. A. MAJEED**
(MANKADA)
KERALA LEGISLATIVE ASSEMBLY
PADAPARAMBA
VATTALUR. P.O.
(VIA) MAKKARAPARAMBA
PIN-676507

**PHONE: (RES) 04935-2060**
**04933-42350**
THIRUVANANTHAPURAM
(RES) 0471-438749
M.L.A. HOSTEL 0471-443970/367

Date: 1-12-96

കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ഒരു വികസനറിപ്പോർട്ട് തയ്യാറാക്കുന്നുണ്ട് എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. വളരെ വിസ്തൃതവും, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ഈ പഞ്ചായത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്ക് ഈ വികസന റിപ്പോർട്ട് മാർഗ്ഗരേഖയാവട്ടെ എന്നാശംസിക്കുന്നു.

(കെ.പി.എ.മജീദ്)

കെ.പി.എ. മജീദ്

# കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി



എൻ. കെ. ഹംസഹാജി
(പ്രസിഡണ്ട്)



വി. ഉസ്മാൻ മാസ്റ്റർ
(വൈസ്. പ്രസിഡണ്ട്)



പി. എം. കുഞ്ഞിമമ്മു
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

1. എം. സുലൈഖടീച്ചർ
2. പി.സി. മാധവൻ
3. എൻ. എം. ദുർഗ്ഗ
4. വി. ഇസ്ഹാഖ് മാസ്റ്റർ
5. ടി. അബ്ദുൽ കരീം മാസ്റ്റർ
6. പി. ഹംസ
7. കെ. കദിയുമ്മ
8. ടി. ജമീല

## പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന മറ്റു ജനപ്രതിനിധികൾ

| | | |
|---|---|---|
| പാർലമെന്റ് അംഗം | : | ജ: ജി.എം. ബനാത്ത്‌വാല സാഹിബ് |
| അസംബ്ലി അംഗം | : | ജ: K.P.A. മജീദ് സാഹിബ് |
| ജില്ലാപഞ്ചായത്ത് അംഗം | : | ശ്രീമതി ഗീതാമാധവൻ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | 1. N.K. മായിൻകുട്ടി |
| | | 2. P. സെയ്ഫുന്നിസ |

| | |
|---|---|
| എഡിറ്റർമാർ | : M. വിജയരാഘവൻ മാസ്റ്റർ. |
| | : V. ഉസ്മാൻ മാസ്റ്റർ (വൈസ് പ്രസിഡണ്ട്) |
| എഡിറ്റോറിയൽ സ്റ്റാഫും മറ്റു സഹായികളും | : N.K. ഹംസഹാജി (പ്രസിഡണ്ട്) |
| | : P.N. കുഞ്ഞിമമ്മു (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| | : K.P. രത്നാകരൻ മാസ്റ്റർ |
| | : P.V. ജനാർദ്ദനൻ മാസ്റ്റർ |
| | : അഡ്വ: M.A. റഹിമാൻ (D.R.P) |
| | : M. കുഞ്ഞിമുഹമ്മദ് മാസ്റ്റർ (DRP) |
| | : P. മോഹനൻ (DRP) |
| | : N.K. അബുഹാജി (DRP) |
| | : K.P. കേശവൻനായർ |
| | : M. കുമാരൻ |
| | : M.P. സലീം |
| | : K. കുഞ്ഞുമുഹമ്മദ് മാസ്റ്റർ (DRP) |
| | : M.ഉമർ മാസ്റ്റർ (DRP) |
| | : T. അബ്ദുൽ കരീം മാസ്റ്റർ (മെമ്പർ & DRP) |
| | : N. സെയ്തലവി (DRP) |
| | : K.P. കുഞ്ഞിമുഹമ്മദ് |
| | : V. അബ്ദുൽ നാസിർ |
| | : P. രശ്മി |
| | : K.M.G. പണിക്കർ |
| | : P. ഉസ്മാൻ |
| | : C.K. അബൂബക്കർ മാസ്റ്റർ |
| | : V. അബ്ദുൽ റഷീദ് |
| | : V.P. കുഞ്ഞിമുഹമ്മദ് മാസ്റ്റർ |
| | : K.S. ശശീന്ദ്രൻ (UDC) |

# അകത്താളുകളിൽ


| | | |
|---|---|---|
| 1. | ആമുഖം | ................................. |
| 2. | പഞ്ചായത്ത് പൊതുവിവരണം | ................................. |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | ................................. |
| 4. | ഭൂവിഭവം, മനുഷ്യവിഭവം, ജലവിഭവം | ................................. |
| | ഭൂപടം (വാർഡുകൾ) | ................................. |
| 5.1. | കൃഷിയും, ജലസേചനവും | ................................. |
| 5.2. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | ................................. |
| 5.3. | വ്യവസായം | ................................. |
| 5.4. | വിദ്യാഭ്യാസം | ................................. |
| 5.5. | കുടിവെള്ളവും, പൊതുജനാരോഗ്യവും | ................................. |
| 5.6. | ഗതാഗതം, ഊർജ്ജം, ഭൂപടം (റോഡുകൾ) | ................................. |
| 5.7. | പാർപ്പിടവും, സാമൂഹ്യക്ഷേമവും | ................................. |
| 5.8. | സംസ്കാരം | ................................. |
| 5.9. | വനിത | ................................. |
| 5.10. | സഹകരണം | ................................. |
| 5.11. | പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം | ................................. |
| 5.12. | വിഭവസമാഹരണം | ................................. |
| 6. | ഉപസംഹാരം | ................................. |

# ആമുഖം

കേരളത്തിലെ ഗ്രാമങ്ങളുടെ മുഖച്ഛായ മാറ്റാൻ ഉതകുന്ന വിധത്തിൽ സമഗ്രവികസനം സാധ്യമാക്കാൻ ഉതകുന്ന വിധത്തിൽ സമഗ്ര വികസനം സാധ്യമാക്കാൻ വഴിയൊരുക്കുന്ന ഗ്രാമ ഭരണ സംവിധാനമാണു സുപ്രധാനമായ ഭരണഘടനാ ഭേദഗതികളിലൂടെ രൂപപ്പെടുത്തപ്പെട്ട പഞ്ചായത്ത് രാജ് നിയമം വഴി നമുക്കു കൈവന്നിട്ടുള്ളത്.

പഞ്ചായത്തുകളുടെ ദീർഘകാലസമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയെന്നത് പഞ്ചായത്തുരാജ് നിയമപ്രകാരം പഞ്ചായത്തിന്റെ കടമയാണ്. ഇതു നിർവഹിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമോ മാതൃകയാക്കാവുന്ന മുൻ പ്രവർത്തനങ്ങളോ നമ്മുടെ മുമ്പിലില്ലതാനും.

ഇങ്ങനെയുള്ള സാഹചര്യത്തിലാണ് ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണം ഗ്രാമതലങ്ങളിൽ നിന്നു രൂപപ്പെട്ടുവരുന്ന വിധത്തിൽ, ജനകീയാസൂത്രണ പരിപാടിയാക്കി മാറ്റുകയെന്ന ആശയം കേരള ഗവൺമെന്റു മുന്നോട്ടുവെച്ചത്.

പ്രത്യക്ഷത്തിൽ അസാധ്യമെന്നുതന്നെ തോന്നിയേക്കാവുന്ന ഈ ആശയം എന്തായാലും, ഒരു ദീർഘകാല സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാനിനെകുറിച്ചുള്ള ചിന്തകൾ വഴിമുട്ടി നിൽക്കുന്ന സന്ദർഭത്തിൽ ഒരു കൂട്ടായ യത്നത്തിലൂടെ ഇതു നേടിയെടുക്കുവാൻ സാധിക്കുമെന്ന പ്രായോഗിക ചിന്തയിലേക്കു നമ്മുടെ ശ്രദ്ധ തിരിച്ചു വിടുവാൻ ഉപകരിച്ചു എന്നതിൽ തർക്കമില്ല.

1947ൽ ഇന്ത്യ ബ്രിട്ടീഷ് ആധ്യപത്യത്തിൽ നിന്നു സ്വാതന്ത്ര്യം നേടിയപ്പോൾ നമ്മുടെ പ്രതീക്ഷകൾ ഉച്ചകോടിയിലായിരുന്നു. എന്നാൽ 49 വർഷം പിന്നിട്ടു കഴിഞ്ഞിട്ടും നാം പ്രതീക്ഷിച്ച നേട്ടം നമുക്കു കൈവരിക്കാൻ ആയില്ല എന്നതാണു സത്യം. വിവിധ കാരണങ്ങളാൽ പ്രതീക്ഷകൾ നശിച്ച് "ഒന്നും നടക്കുകയില്ല" എന്ന നിരാശാബോധത്തിലെത്തി നിൽക്കുന്ന സമൂഹത്തിൽ പ്രത്യാശയുടെ കിരണങ്ങൾ അങ്കുരിക്കുവാനും ഗ്രാമഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ജനപ്രതിനിധികളിൽ അവരവർ പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ

പുരോഗതിക്കുവേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയുമെന്ന ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കുവാനും ഇതു വരെയുള്ള പ്രവർത്തനം കൊണ്ടു സാധിച്ചു.

9-ാം പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭ്യമാക്കുകയാണെങ്കിൽ അതു ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചെടുക്കാൻ നമുക്ക് സാധിക്കും. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ഗതാഗതരംഗത്ത് ഒരു മുന്നേറ്റം തന്നെ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ടെങ്കിലും എല്ലാ മേഖലകളെയും സ്പർശിച്ചു എന്ന് പറഞ്ഞുകൂടാ. വികസന സങ്കൽപ്പം തന്നെ മാറിയ ഈ ഘട്ടത്തിൽ പുതിയ കാഴ്ചപ്പാടിലൂടെ ഇതര മേഖലകളും എത്തിപ്പിടിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ജനപങ്കാളിത്തം നിർവ്വഹണത്തിലും നിഷ്കർഷിക്കുന്നതിനാൽ നിലവിലുണ്ടായിരുന്ന കുറെയേറെ കടമ്പകൾ ഇല്ലാതാകുകയും, പദ്ധതികൊണ്ട് ഉദ്ദേശിക്കപ്പെട്ട ലക്ഷ്യം പൂർണ്ണമായി കൈവരിക്കുവാൻ ഉപകരിക്കുകയും ചെയ്യും.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്തിരുന്ന 'ഗ്രാമസ്വരാജ്' എന്ന സങ്കപ്പത്തിന്റെ ഒരു ചെറിയ അംശമെങ്കിലും പഞ്ചായത്ത്രാജ് സംവിധാനത്തിലൂടെ നേടുന്നതിന് ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്ന ഒരു പദ്ധതിയെന്ന നിലയിൽ ജനകീയാസൂത്രണത്തിന് പ്രാധന്യം കൈവരുന്നു.

ഇതര സംസ്ഥാനങ്ങൾക്കു കൂടി മാതൃകയാക്കാവുന്ന ഒന്നായി ഇതു മാറണമെങ്കിൽ ജനങ്ങളിൽ നാമ്പെടുക്കുന്ന പുതിയ പ്രത്യാശ അസ്ഥാനത്തായിട്ടില്ല എന്ന തോന്നലെങ്കിലും ഉണ്ടാക്കിയെടുക്കാൻ വരും നാളുകളിൽ നമുക്ക് സാധിക്കണം. അതിനുവേണ്ടിയുള്ള യജ്ഞത്തിൽ കക്ഷി-രാഷ്ട്രീയ ജാതി-മത ഭേതമന്യെ നമുക്ക് കൈ കോർക്കാം.

# പഞ്ചായത്ത് പൊതുവിവരണം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | കൂട്ടിലങ്ങാടി |
| 2. | ഉൾപ്പെടുന്ന വില്ലേജ് | : | കൂട്ടിലങ്ങാടി |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | മങ്കടപള്ളിപ്പുറം, കൂട്ടിലങ്ങാടി |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : | മങ്കട |
| 5. | താലക്ക് | : | പെരിന്തൽമണ്ണ |
| 6. | അസംബ്ലി മണ്ഡലം | : | മങ്കട |
| 7. | വിസ്തീർണം | : | 20.91 ചതുരശ്ര കി.മീ. |
| 8. | അതിരുകൾ, വടക്ക്, പടിഞ്ഞാറ് | : | കടലുണ്ടിപ്പുഴ |
| | കിഴക്ക് | : | മങ്കട പഞ്ചായത്ത് |
| | തെക്ക് | : | മക്കരപ്പറമ്പ പഞ്ചായത്ത് |
| 9. | ജനസംഖ്യ | : | 27,684 |
| 10. | വാർഡുകൾ | : | 11 |
| 12. | പ്രസിഡന്റിന്റെ പേര് | : | ശ്രീ. എൻ.കെ ഹംസഹാജി. |
| 13. | വൈസ്പ്രസിഡന്റിന്റെ പേര് | : | ശ്രീ.വി. ഉസ്മാൻ മാസ്റ്റർ |
| 14. | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. പി.എൻ. കുഞ്ഞിമമ്മു. |

3

# സാമൂഹിക സാംസ്കാരിക ചരിത്രം

പഴയ മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ വള്ളുവനാട് താലൂക്കിലായിരുന്നു ഈ പ്രദേശം ഉൾക്കൊണ്ടിരുന്നത്. കൂട്ടിലങ്ങാടി, മങ്കടപള്ളിപ്പുറം എന്നീ രണ്ടംശങ്ങളിലായി യഥാക്രമം കടുകൂർ, കോണോത്തുംമുറി, കൊഴിഞ്ഞിൽ, പെരിന്താറ്റിരി എന്നിങ്ങനെ നാലും പള്ളിപ്പുറം, പടിഞ്ഞാറ്റുമുറി, വള്ളിക്കാപറ്റ എന്നിങ്ങനെ മൂന്നും ദേശങ്ങളായിരുന്നു ഉണ്ടായിരുന്നത്. 1961ൽ പഞ്ചായത്തു രൂപീകൃതമായപ്പോൾ കൂട്ടിലങ്ങാടി അംശത്തിന്റെ പേര് പൊതുവായി സ്വീകരിക്കപ്പെടുകയാണുണ്ടായത്. പഞ്ചായത്തു രൂപീകരിക്കപ്പെട്ടതിനുശേഷം പുതുതായി പ്രദേശങ്ങൾ കൂട്ടിച്ചേർക്കപ്പെടുകയോ നിലവിലുള്ള പ്രദേശങ്ങൾ വിട്ടുപോവുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ സ്വാതന്ത്ര്യപൂർവ്വ ചരിത്രത്തെക്കുറിച്ചും മതിയായ രേഖകളോ തെളിവുകളോ ലഭ്യമല്ലാത്തതുകൊണ്ടു വാമൊഴികളും നാട്ടറിവുകളും മാത്രമാണ് അവലംബമായിട്ടുള്ളത്.

സ്വാതന്ത്ര്യത്തിനു മുമ്പ് ഏകദേശം 1100 ഹെക്ടർ ഭൂവിസ്തൃതി ഉണ്ടായിരുന്ന ഈ പഞ്ചായത്തിലെ ഭൂമിയന്ത്രവും 3 കോവിലകങ്ങളുടെയും രണ്ടോ മൂന്നോ ക്ഷേത്രങ്ങളുടെയും വിരലിലെണ്ണാവുന്ന നമ്പൂതിരി ഇല്ലങ്ങളുടെയും അധീനതയിലായിരുന്നു. ഇപ്പോൾ മങ്കട പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വള്ളുവനാട് രാജവംശത്തിൽപെട്ട മങ്കട, ആയിരനാഴി, കടന്നമണ്ണ കോവിലകങ്ങളും മേതൃക്കോവിൽ, കളമേതൃക്കോവിൽ, തിയ്യാടിക്കാവ് ദേവസ്വങ്ങളും പയ്യപ്പള്ളി, വെള്ളത്തേമന, കടക്കോട്ടിൽ, മെടപ്പിലാപ്പള്ളി, നാറാസ്, പെരുമ്പള്ളി, കല്ലിൽ എന്നീ മനകളുമാണ് ഭൂരിഭാഗം ഭൂമിയുടെയും ഉടമസ്ഥാവകാശം കയ്യാളിയിരുന്നത്. ജന്മികൾ ഈ ഭൂമി യത്രയും കൈവശ കൃഷിക്കാർക്കായി 'കാണസംഖ്യ' ഈടാക്കി 'ചാർത്തി' നൽകിയിരുന്നു. വിളവെടുപ്പു കാലത്തു തന്റെ ലാഭനഷ്ടങ്ങൾ പരിഗണിക്കാതെ തന്നെ കുടിയാൻമാർ വിളവിലൊരു ഭാഗം ജന്മിമാർക്കു മിച്ചവാരമായി നൽകിയിരുന്നു. പരിമിതമായ വരുമാനമാണ് കുടിയാൻമാർക്ക് ഉണ്ടായിരുന്നതെങ്കിലും ജന്മിമാർക്കു നൽകാനുള്ള ബാധ്യതകൾ അവർ ഒരനുഷ്ഠാനം പോലെ സഹിച്ചിരുന്നു. അതേസമയം ജന്മിത്വത്തിന്റെ സഹജ സ്വഭാവമായ കൊടും ക്രൂരതകളോ, ജന്മിത്വത്തിനെതിരായ ശക്തമായ ബഹുജന പ്രക്ഷോഭങ്ങളോ നമ്മുടെ പഞ്ചായത്തിൽ പ്രകടമായി അനുഭവപ്പെട്ടിരുന്നില്ല.

സുദീർഘവും അഭിമാനകരവുമായ ഒരു മതേതര പാരമ്പര്യം അവകാശപ്പെടാവുന്ന പഞ്ചായത്താണു നമ്മുടേത്. 1921ലെ മലബാർ കലാപ കാലത്ത് ഹിന്ദു മുസ്ലീം സമുദായങ്ങൾ തികഞ്ഞ സൗഹൃദത്തോടുകൂടി ജീവിക്കുകയും പരസ്പരം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നതായി അക്കാലത്തു ജീവിച്ചിരുന്ന പഞ്ചായത്തിലെ കാരണവൻമാർ ഏകകണ്ഠമായി അഭിപ്രായപ്പെടുകയുണ്ടായി. അതേസമയം ജാതീയതയും അനുബന്ധമായ ഉച്ചനീചത്വങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലം വരെ ഏറ്റക്കുറച്ചിലോടെ നിലനിന്നുവെന്നതിനു ദൃഷ്ടാന്തങ്ങളുണ്ട്. ഇതിനെതിരായ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യ ജീവിതത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടില്ല. എന്നാൽ വി.ടി. ഭട്ടതിരിപ്പാടിന്റെയും മറ്റും സ്വാധീനത്തിൽ നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരായ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ ചില ബ്രാഹ്മണയുവാക്കളെയെങ്കിലും ആവേശംകൊള്ളിച്ചിരുന്നു. കുടുമ മുറിച്ചും സാധാരണ രീതിയിൽ വിവാഹം കഴിച്ചും അനാചാരങ്ങൾക്കെതിരെ പ്രതിഷേധം പ്രകടിപ്പിച്ച ഉല്പതിഷ്ണുക്കളായ യുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. ജാതി വ്യവസ്ഥയുടെ സാമ്പ്രദായിക ഘടനക്ക് പോറലേൽപ്പിച്ചത് സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളെക്കാളും വിദ്യാഭ്യാസത്തിന്റെ വ്യാപനത്തെക്കാളും ഉപരിയായി ജന്മിഭ്യവസ്ഥയുടെ അടിവേരറുത്ത ഭൂപരിഷ്കരണ നടപടികളായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെയും ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെയും പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ അലയടികളുയർത്തിയിട്ടുണ്ട്. മലബാറിലെ പ്രശസ്തനായ കോൺഗ്രസ് നേതാവായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പ്രധാന പ്രവർത്തന കേന്ദ്രങ്ങളിലൊന്നായിരുന്നു കൂട്ടിലങ്ങാടി പഞ്ചായത്ത്. വിലങ്ങപ്പുറത്ത് കുഞ്ഞിസൂപ്പി ഹാജി, സഹോദരൻ സെയ്തുട്ടി, തുപ്പത്ത് അച്ചുതൻ നായർ, പെരുമ്പള്ളി കൃഷ്ണൻ നമ്പൂതിരി തുടങ്ങിയവർ ആദ്യകാല കോൺഗ്രസ് നേതാക്കളായിരുന്നു. പടിഞ്ഞാറ്റും മുറിയിലെ പൊറ്റയിലെ രാമൻനായർ INA യിൽ പ്രവർത്തിച്ചിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ നിർണായകമായ വഴിത്തിരിവായി മാറിയ 1936ലെ കേരള പ്രദേശ് കോൺഗ്രസ് കമ്മറ്റിയുടെ വേനൽക്കാല പഠന ക്യാമ്പിന് ആതിഥേയത്വം വഹിച്ചത് നമ്മുടെ പഞ്ചായത്തായിരന്നുവെന്നത് പ്രത്യേകം സ്മരണീയമാണ്. മങ്കടപള്ളിപ്പുറത്തെ ചീരക്കുഴിയിൽ നടന്ന ഒരു മാസം നീണ്ടുനിന്ന പ്രസ്തുത ക്യാമ്പിൽ അന്നത്തെ കെ.പി.സി.സി നേതാക്കളായിരുന്ന ഇ.എം.എസ്. പി. കൃഷ്ണപിള്ള, കെ. ദാമോദരൻ, ഇ.കെ. ഇമ്പിച്ചിബാവ, ഇ.കെ. നായനാർ തുടങ്ങിയവർ സംബന്ധിച്ചിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമമായി കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ഗോമതി' പത്രത്തിന്റെ പത്രാധിപർ K.V. രാഘവൻനായർ മങ്കടപള്ളിപ്പുറം സ്വദേശിയായിരുന്നു.

പഞ്ചായത്തിന്റെ സമസ്ത പുരോഗതിക്കും പ്രധാന ഹേതുവായത് കൂട്ടിലങ്ങാടി വള്ളിക്കാപറ്റ റോഡ് സഞ്ചാരയോഗ്യമായതാണ്. അക്കാലത്തു നിലവിലുണ്ടായിരുന്ന നൂറുകണക്കിനു

ചവിട്ടു വഴികളിലൊന്നാണ് റോഡായി മാറിയത്. വിലങ്ങപ്പുറത്ത് കുഞ്ഞിസൂപ്പിഹാജിയും പയ്യപ്പള്ളി തുപ്പൻ നമ്പൂതിരിയും ചേർന്നു അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡംഗമായിരുന്ന മങ്കട കോവിലകത്തെ ഉദയവർമരാജ മുഖേന ജില്ലാ ബോർഡധ്യക്ഷൻ R.M. പാലാട്ട്, അന്നത്തെ മദിരാശി അസംബ്ലിയിലെ പൊതുമരാമത്തു വകുപ്പുമന്ത്രി യാക്കൂബ് ഹസ്സൻ എന്നിവരിൽ ചെലുത്തിയ സമ്മർദ്ദഫലമായാണ് റോഡു നിർമാണത്തിന് അനുമതി ലഭിച്ചത്. 1936 ലാണു റോഡു നിർമ്മാണം പൂർത്തിയായത്. 1978ലാണ് ഈ റോഡിലൂടെ ആദ്യമായി ബസ്‌സർവ്വീസ് ആരംഭിച്ചത്. 1919 മങ്കടപള്ളിപ്പുറത്തും 1929ൽ പടിഞ്ഞാറ്റും മുറിയിലും ആരംഭിച്ച മിഡിൽ, പ്രൈമി സ്കൂളുകളും പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിയെ അളവറ്റു സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ മങ്കടപള്ളിപ്പുറം ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചത് 1974 ലാണ്.

വാർത്താവിനിമയ രംഗത്തും ഗണ്യമായ പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ആനക്കയം പഞ്ചായത്തിലുള്ള പാണായിലായിരുന്നു നമ്മുടെ ആദ്യകാല പോസ്റ്റോഫീസ്. ആഴ്ചയിലൊരു ദിവസം അഞ്ചൽക്കാരൻ കത്തുകൾകൊണ്ടു വരികയും കൊണ്ടുപോവുകയും ചെയ്തിരിരുന്നു. ഇപ്പോൾ പഞ്ചായത്തിൽ കൂട്ടിലങ്ങാടിയിൽ ഒരു സബ് പോസ്റ്റോഫീസും, പള്ളിപ്പുറം, വള്ളിക്കാപറ്റ, പടിഞ്ഞാറ്റുമുറി, പെരിന്താന്നിരി എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്റ്റോഫീസുകളുമുണ്ട്.

കടന്നമണ്ണ പോലീസ് ഔട്ട് പോസ്റ്റിനു കീഴിൽ ഉൾപ്പെട്ടിരുന്ന നമ്മുടെ പഞ്ചായത്ത് ഇപ്പോൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിന്റെ നാമം ദേശീയ ആരോഗ്യ ഭൂപടത്തിലെത്തിച്ച ഒരു സ്ഥാപനവും ഇവിടെ ഉണ്ട്. വള്ളിക്കാപറ്റയിലെ പ്രശസ്തമായി പൂങ്കുടിൽ മനോരോഗ ചികിത്സാലയമാണത്. അന്തരിച്ച മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ ശാസ്ത്ര സാങ്കേതിക ഉപദേഷ്ടാവായിരുന്ന ഡോ. ദർശൻ ശങ്കറിന്റെ വരെ സവിശേഷ ശ്രദ്ധയ്ക്ക് ഈ സ്ഥാപനം പാത്രീഭൂതമായിട്ടുണ്ട്. വള്ളിക്കാപറ്റയിലെ തന്നെ അന്ധവിദ്യാലയവും നമ്മുടെ പഞ്ചായത്തിന്റെ യശസ്സ് ദൂരസ്ഥലങ്ങളിലെത്തിക്കാൻ സഹായിച്ച സ്ഥാപനമാണ്.

## ഉത്സവങ്ങൾ, ആഘോഷങ്ങൾ:

പടിഞ്ഞാറ്റുംമുറിയിലെ മേതൃക്കോവിൽ ക്ഷേത്രത്തിൽ നടന്നിരുന്ന ഒൻപതു ദിവസം നീണ്ടുനിന്നിരുന്ന ഉത്സവവും മങ്കടപള്ളിപ്പുറത്തു നടന്നിരുന്ന ഗംഭീരമായ നേർച്ചയാഘോഷവും ഇപ്പോൾ അന്യം നിന്നുപോയ പ്രധാന ആഘോഷങ്ങളാണ്.

## ചരിത്ര സ്മാരകങ്ങൾ:

അജ്ഞാതമായ ഏതോ രാജകീയ പടയോട്ടത്തെ അനുസ്മരിപ്പിക്കുന്ന ചെല്ലൂരിലെ കോട്ടയുടെ അവശിഷ്ടങ്ങളും വിശദാംശങ്ങൾ വെളിപ്പെട്ടിട്ടില്ലാത്ത പടിഞ്ഞാറ്റും മുറിയിലെ ഗുഹാമാർഗവും കൂടുതൽ ചരിത്ര ഗവേഷണങ്ങൾക്ക് സാധ്യതയുള്ള ചരിത്ര സ്മാരകങ്ങളാണ്.

1936ൽ രൂപീകൃതമായ പഞ്ചായത്തിലെ ആഭ്യഭണം സമിതിയുടെ പ്രസിഡന്റ് ശ്രീ. കെ.പി.

ബാപ്പു ഹാജി എന്ന മുഹമ്മദ് ഹാജിയായിരുന്നു. സർവശ്രീ. പി.എൻ. കുഞ്ഞിമൊയ്തിൻകുട്ടി, ഇ.സി.അബ്ദുപ്പ ഹാജി, വിഷ്ണു നമ്പൂതിരി, വി. അയ്യപ്പൻ, കെ.പി. ചേക്കുഹാജി എന്നിവരാണ് 7 വാർഡുകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ടത്. ശ്രീമതി ഏലച്ചോല കദീജ വനിതാ അംഗമായി നോമിനേറ്റു. ചെയ്യപ്പെടുകയും ചെയ്തു. ശ്രീ. കെ.പി. ചേക്കുഹാജിയായിരുന്നു ആദ്യവൈസ് പ്രസിഡന്റ്.

1979ൽ നടന്ന രണ്ടാമത് തെരഞ്ഞെടുപ്പിൽ ഒൻപതു വാർഡുകളിൽ നിന്നുമായി സർവശ്രീ. സി.എച്ച് അബു, കെ.പി, കേശവൻനായർ, എം.പി. രാമൻ നമ്പൂതിരി, വി.ചെള്ളി, വി. ഉസ്മാൻ മാസ്റ്റർ, ഇ.സി. അബ്ദുപ്പഹാജി, പി.എൻ. മൂസ്സ, പുൽപ്പാടൻ മുഹമ്മദ്, ശ്രീമതി. വി.പി. ആയിഷ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പ്രസിഡന്റായി ശ്രീ. പുൽപ്പാടൻ മുഹമ്മദും വൈസ് പ്രസിഡന്റായി ശ്രീ. വി. ഉസ്മാൻ മാസ്റ്ററും തെരഞ്ഞെടുക്കപ്പെട്ടു.

1988ൽ നടന്ന മൂന്നാമതു തെരഞ്ഞെടുപ്പിൽ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടത് താഴെ പറയുന്നവരായിരുന്നു. 1. പി.എൻ. കുഞ്ഞിമമ്മു എന്ന കുഞ്ഞാപ്പുട്ടി ഹാജി. 2. പി.സി. ഉണ്ണി 3. കെ.പി. രാമനാഥൻ 4. മോഹനൻ പുളിക്കൽ 5. കെ.പി.മറിയക്കുട്ടി 6. മേമന അബ്ദുൽ ജബ്ബാർ 7. പി. അലവി മാസ്റ്റർ 8. വി. പാത്തുമ്മ 9. എൻ.കെ. ഹംസ ഹാജി 10. കെ. മുഹമ്മദ്കുട്ടി ഹാജി. പ്രസിഡന്റായി ശ്രീ. എൻ. കെ ഹാജിയും, വൈസ് പ്രസിഡണ്ടായി കെ. മുഹമ്മദ്കുട്ടി ഹാജിയും തെരഞ്ഞെടുക്കപ്പെട്ടു.

1995ൽ തെരഞ്ഞെടുക്കപ്പെട്ട ഇപ്പോഴത്തെ ഭരണസമിതിയിൽ 11 അംഗങ്ങളാണുള്ളത്. 1. ശ്രീമതി എം. സുലൈഖ 2. ശ്രീ. പി. എൻ. കുഞ്ഞിമമ്മു. 3. ശ്രീ .പി.സി. മാധവൻ 4. ശ്രീമതി N.M. ദുർഗ 5. ശ്രീ. വി. ഉസ്മാൻ മാസ്റ്റർ 6. ശ്രീ. വി. ഇസ്ഹാഖ് 7. ശ്രീ. ടി. അബ്ദുൽ കരീം 8. ശ്രീ. പി. ഹംസ 9. ശ്രീ. എൻ.കെ. ഹംസഹാജി. 10. ശ്രീമതി കെ. കദിയുമ്മ 11. ശ്രീമതി ടി. ജമീല.

പ്രസിഡന്റായി ശ്രീ. എൻ.കെ. ഹംസഹാജിയും വൈസ് പ്രസിഡന്റായി ശ്രീ. വി. ഉസ്മാൻ മാസ്റ്ററും പ്രവർത്തിക്കുന്നു.

# 4
# ഭൂവിഭവം, മനുഷ്യവിഭവം, ജലവിഭവം

ഉയർന്നകുന്നിന്റെ പ്രദേശങ്ങളും ചെരിവുകളും സമതലങ്ങളും ഉൾപ്പെട്ടതാണു പൊതുവെ നമ്മുടെ പഞ്ചായത്ത്. വളക്കൂറിലും ഉത്പാദനക്ഷമതയിലും വൈവിധ്യമുണ്ടെങ്കിലും പൂർണമായ തരിശുഭൂമികൾ വിരളമാണ്. കേരളത്തിലെ പൊതുവായ കാലാവസ്ഥയ്ക്കും വർഷപാതത്തിനും സമാനമായ സ്ഥിതിയാണു നമ്മുടെ പഞ്ചായത്തിനുള്ളത്. അക്ഷാംശം $11^0$ ക്കും 11.05 N നും രേഖാംശ $76^05$ നു $76^010E$ ക്കും ഇടയിൽ മലപ്പുറം മുനിസിപ്പാലിറ്റിയുടെ തെക്കു കിഴക്കേഭാഗത്താണ് 20.91 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തു സ്ഥിതി ചെയ്യുന്നത്.

ആനക്കയം മുതൽ കൂട്ടിലങ്ങാടി വരെ കടലുണ്ടിപ്പുഴ പഞ്ചായത്തിനെ ചുറ്റിഒഴുകുന്നു. പുഴയുടെ തീരപ്രദേശങ്ങളിൽ മണൽ കലർന്ന എക്കൽമണ്ണാണുള്ളത്. കളിമണ്ണും ഉറച്ചചെങ്കല്ലുകൾ നിറഞ്ഞ പ്രദേശങ്ങളും ചെമ്മണ്ണും പഞ്ചായത്തിന്റെ വിവിധ മേഖലകളിലുണ്ട്. ആസൂത്രിതമായ ജലസേചന സൗകര്യം ലഭ്യമാക്കിയാൽ കാർഷികോത്പാദനം പതിൻമടങ്ങ് വർധിപ്പിക്കാൻപ്പറ്റിയെ പ്രദേശങ്ങളാണധികവും.

## മനുഷ്യവിഭവം:

4,900 വീടുകളിലായി 13512 പുരുഷന്മാരും 14172 സ്ത്രീകളും ഉൾപ്പടെ 27,684 പേരാണു പഞ്ചായത്തിലുള്ളത്. ഇവരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പുരുഷന്മാരുടെ എണ്ണ 810 ഉം സ്ത്രീകളുടെ എണ്ണം 808 ഉം ആണ്. രണ്ടു പുരുഷൻമാരും ഒരു സ്ത്രീയും ഉൾപ്പെടുന്ന ഒരു പട്ടിക വർഗ്ഗകുടുംബവും പഞ്ചായത്തിലുണ്ട് വിദ്യാഭ്യാസ രംഗത്തു ശരാശരി വളർച്ച കൈവരിച്ച പഞ്ചായത്താണു നമ്മുടേത്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തകർച്ചയും അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മയും പ്രധാന പ്രശ്നങ്ങളാണ്. തൊഴിലില്ലാത്ത യുവാക്കളും കാർഷികമേഖലയിലും മറ്റും പരമ്പരാഗതമായിത്തന്നെ പ്രവർത്തിച്ചു വരുന്നവരുമാണ്

ജനസംഖ്യയുടെ വലിയൊരു ഭാഗം. പഞ്ചായത്തിന്റെ പുരോഗതിക്കു വേണ്ടിയുള്ള ഭാവിപ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താവുന്ന പ്രധാന വിഭവവും ഇതുതന്നെയാണ്.

## ജലവിഭവം:

ആനക്കയം മുതൽ കൂട്ടിലങ്ങാടി വരെ ഏതാണ്ട് 14 കി.മീ. നീളം കടലുണ്ടിപ്പുഴ പഞ്ചായത്തിനെ ചുറ്റിഒഴുകുന്നു. തെക്കുഭാഗത്തു കുറഞ്ഞ ദൂരം ചെറുപുഴയും ഒഴുകുന്നു. എന്നാൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഈ ജലസ്രോതസ്സ് പരമാവധി പ്രയോജനപ്പെടുത്താൻ തക്കവിധം ബൃഹത്പദ്ധതികളൊന്നും നിലവിലില്ല. ഭാവിയിൽ ഉപയോഗപ്പെടുത്താവുന്ന ഉപരിതല ശ്രോതസ്സുകൾ വേറെയുമുണ്ട് പ്രധാന ഉപരിതല ജല സ്രോതസ്സുകൾ താഴെ പറയുന്നവയാണ്.

| ക്രമ നമ്പർ | ജലസ്രോതസ്സിന്റെ പേര് | വാർഡ് |
|---|---|---|
| 1. | വള്ളിക്കാവറ്റ തോട് | V, IV |
| 2. | കരുവാൻ തോട് | VIII |
| 3. | അത്തി തോട് | VI |
| 4. | ആക്കക്കുളം തോട് | VI |
| 5. | ആറ്റക്കോറ തോട് | VI |
| 6. | പെരിഞ്ചോല തോട് | VII |
| 7. | പൂളക്കൽ തോട് | VII |
| 8. | അത്തിക്കുളം | V |
| 9. | വലിയ കുളം | VII |
| 10. | മാണയോട് കുളം | IX |
| 11. | നീർവഴിക്കുളം | IX |

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും വേനൽക്കാലത്തു രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ജലസേചന സൗകര്യമില്ലായ്മ കാർഷിക രംഗത്തെ ഉത്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുമുണ്ട്.



TO MANJERI
TO PANDALLUR
TO VELLILA
TO MALAPPURAM
PWD റോഡ്
പ്രധാന റോഡുകൾ
പഞ്ചായത്ത് അതിർത്തി

5 | 1

# കൃഷിയും ജലസേചനവും

കൂട്ടിലങ്ങാടി പഞ്ചായത്ത് ഒരു കാർഷികഗ്രാമമാണ്. ജനങ്ങൾ പൊതുവെ കൃഷിയെ ആശ്രയിച്ചു ജീവിച്ചുവന്നവരാണ്. കൂട്ടിലങ്ങാടി പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴ മലപ്പുറം ജില്ലാ രൂപീകരണം വരെ കോഴിക്കോട്, പാലക്കാട് ജില്ലകളെ വേർതിരിക്കുന്ന അതിരായിരുന്നു. പഞ്ചായത്തിന്റെ ഒരറ്റത്തുള്ള ആനക്കയം മുതൽ കൂട്ടിലങ്ങാടിവരെ പുഴ പഞ്ചായത്തിന്റെ അതിർത്തിയിലൂടെയാണ് ഒഴുകുന്നത്. പുഴയോരം ഉയർന്ന ഭൂമിയാണ്. പഞ്ചായത്തിന്റെ വിസ്തീർണ്ണം 1978.36 ഹെക്ടറാണ്. ഇതിൽ കൃഷിയോഗ്യമായ നിലം 180 ഹെക്ടറും കൃഷിയോഗ്യമായ തരിശുനിലം 62 ഹെക്ടറുമാണ്.

പുഴയോരത്ത് ഇടുങ്ങിയ സമതലവും കുന്നിൻചെരിവുകുളും, കുന്നുകൾക്കുമുകളിൽ ചെറിയ സമതല പ്രദേശവും ഉൾപ്പെടുന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. കുന്നുകളിൽ നിന്നുദ്ഭവിക്കുന്ന പത്തോളം ചെറിയ തോടുകൾ കടലുണ്ടിപ്പുഴയുടെ പോഷകങ്ങളായിത്തീരുന്നു. കുന്നിൻ ചെരിവുകളിൽ ഉണ്ടായിരുന്ന പല ചോലകളും വയലുകളിലെ കുളങ്ങളും മണ്ണിറങ്ങി നികന്നു പോയിട്ടുണ്ട്.

നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, പച്ചക്കറി, മരച്ചീനി മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, വെറ്റില, ഇഞ്ചി, വാഴ, എള്ള്, ചാമ റാഗി എന്നിവയെല്ലാം ധാരാളമായി കൃഷിചെയ്തിരുന്നു. കൂടാതെ പറമ്പുകളിൽ 'മോടൻ' എന്ന പേരിലുള്ള നെൽകൃഷി വ്യാപകമായി നിലനിന്നിരുന്നു. ഇപ്പോൾ ഇവയിൽ പലതും തീരെ കൃഷി ചെയ്യുന്നില്ല. മുഖ്യമായ കൃഷി തെങ്ങ്, കവുങ്ങ്, കശുമാവ്, നെല്ല്, പച്ചക്കറി മുതലായവയാണ്. വാഴ, മരച്ചീനി തുടങ്ങിയവ നാമമാത്രമായി കൃഷിചെയ്യുന്നുണ്ട്. റബ്ബർ കൃഷിയും അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്. കൃഷി ലാഭകരമല്ലാതായതും കാർഷിക ജോലിചെയ്യുന്നതിൽ യുവാക്കളിൽ ഉയർന്നു വന്നിട്ടുള്ള വൈമുഖ്യവും കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതായതോടെ കൂടുതൽ വീടുകൾ ആവശ്യമായി വന്നതും കൃഷി കുറയുന്നതിനു പ്രധാന കാരണമായി.

| ക്രമ നമ്പർ | വിളകളുടെ പേര് | ഭൂമി വിനിയോഗം ഹെക്ടറിൽ |
|---|---|---|
| 1. | തെങ്ങ് | 1267.24 |
| 2. | നെല്ല് | 180.00 |
| 3. | കവുങ്ങ് | 268.00 |
| 4. | കശുമാവ് | 289.98 |
| 5. | പച്ചക്കറി | 150.00 |
| 6. | റബ്ബർ | 4.60 |
| 7. | മരച്ചീനി | 2.74 |
| 8. | വാഴ | 3.18 |
| | **ആകെ** | **2165.74** |

നെൽകൃഷിയിൽ രണ്ടാംവിള കൃഷി ചെയ്യുന്നത് 160 ഹെക്ടറിലും മൂന്നാംവിള കൃഷി ചെയ്യുന്നത് കേവലം രണ്ട് ഹെക്ടറിലും മാത്രമാണ്.

## ഉത്പാദനക്ഷമത:

തെങ്ങിന്റെ ഉത്പാദനക്ഷമത ഇന്ന് തെങ്ങൊന്നിന് വർഷത്തിൽ ശരാശരി 30 തേങ്ങയാണ്. പുഴയോരങ്ങളിൽ സ്വൽപം കൂടുതലും, കുന്നിൻ ചെരിവുകളിൽ കുറവും കണ്ടു വരുന്നുണ്ട്. മണൽ കലർന്ന മണ്ണാണു പുഴയോരങ്ങളിലുള്ളത്. മറ്റു പ്രദേശങ്ങളിൽ ചുകന്ന മണ്ണും വെട്ടുകല്ലുമാണുള്ളത്. കവുങ്ങു കൃഷി തെങ്ങിൻ തോപ്പുകളിലാണു മുഖ്യമായുള്ളത്. ഒരു കവുങ്ങിൽ നിന്നും വർഷത്തിൽ ശരാശരി 6 കിലോ അടയ്ക്ക ലഭിക്കുന്നു. പ്രത്യേക പരിചരണമൊന്നും ചെയ്യാറില്ലാത്ത കശുമാവു കൃഷിയിൽ നിന്ന് ഒരു വർഷം ശരാശരി 5 കിലോഗ്രാം കശുവണ്ടി ലഭിക്കുന്നു. നെൽകൃഷിയിൽ നിന്ന് ഒരു വർഷം ശരാശരി ഹെക്ടറിന് 24 ക്വിന്റൽ നെല്ലാണു ലഭ്യമാകുന്നത്. കുരുമുളകു കൃഷി നാശോൻമുഖമായതുകൊണ്ടും പുരയിടങ്ങളിലെ മരങ്ങളിൽ മാത്രം കൃഷി ചെയ്യുന്നതുകൊണ്ടും ഒരു വിലയിരുത്തൽ സാധ്യമായിട്ടില്ല. പച്ചക്കറി കൃഷി ഗണ്യമായ ഒരു വരുമാനമാർഗ്ഗമായി ഈ പഞ്ചായത്തിലെ

കൃഷിക്കാർ സ്വീകരിച്ചിട്ടില്ല. നേന്ത്രവായ കൃഷിയിൽ നിന്ന് ഒരു വിളയ്ക്ക് ഒരു ഹെക്ടറിന് 15,000 രൂപയുടെ ഉത്പാദനം (20 ക്വിന്റൽ വിളവ്) ലഭിക്കുന്നു. മരച്ചീനി കൃഷി വ്യാപകമല്ലെങ്കിലും ഒരു ഹെക്ടറിൽ നിന്നും ശരാശരി 150 ക്വിന്റൽ ഉത്പാദനമുണ്ട്.

## ജലസേചന സൗകര്യങ്ങൾ:

ഈ പഞ്ചായത്തിന്റെ വടക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലൂടെ കടലുണ്ടിപ്പുഴയും തെക്കുഭാഗത്തു ചെറുപുഴയും ഒഴുകുന്നുണ്ടെങ്കിലും ഇവയിലെ വെള്ളം ജലസേചനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ പദ്ധതികളൊന്നും നിലവിലില്ല. താഴെ പട്ടികയിൽ (പട്ടിക 2) കാണിച്ചിരിക്കുന്ന കുളങ്ങളും തോടുകളുമാണ് ചുരുങ്ങിയ തോതിൽ ജലസേചനത്തിന് ഉപയോഗിക്കുന്നത്.

വള്ളിക്കാപറ്റ തോട്ടിൽ കാഞ്ഞമണ്ണയിലും വള്ളിക്കാപറ്റപള്ളി പള്ളിപ്പടിയിലും ഓരോ ചിറകൾ ഉണ്ടെങ്കിലും കാഞ്ഞമണ്ണ ചിറ

### പട്ടിക 2
### നിലവിലുള്ള ഉപരിതല ജലസ്രോതസ്സുകൾ

| ക്രമ നമ്പർ | ജലസ്രോതസ്സിന്റെ പേര് | വാർഡ് |
|---|---|---|
| 1. | വള്ളിക്കാപറ്റ തോട് | V, IV |
| 2. | കരുവാൻ തോട് | VIII |
| 3. | അത്തി തോട് | VI |
| 4. | ആക്കക്കുളം തോട് | VI |
| 5. | ആറ്റക്കോറ തോട് | VI |
| 6. | പെരിഞ്ചോല തോട് | VII |
| 7. | പൂളക്കൽ തോട് | VII |
| 8. | അത്തിക്കുഴിക്കുളം | V |
| 9. | വലിയ കുളം | VII |
| 10. | മാണയോട് കുളം | IX |
| 11. | നീർവഴിക്കുളം | IX |

## പട്ടിക 3
## ഉപയോഗ ശൂന്യമായ പഴയ കുളങ്ങൾ

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | കുളത്തുപുറം കുളം | III |
| 2. | കക്കുളം | III |
| 3. | പുതുക്കൊള്ളിക്കുളം | V |
| 4. | ആക്കംകുളം | VI |
| 5. | ഉപ്പാറകുളം | VI |
| 6. | പുത്തൻ പുരക്കൽ കുളം | VI |
| 7. | പാറക്കൽചോല | VI |
| 8. | മാണിയോട് കുളം | IX |
| 9. | പാറാച്ചിൽ കുളം | IX |
| 10. | വടക്കേ കുളം | IX |
| 11. | കുണ്ടത്തറ | IX |
| 12. | ഏലച്ചോല കുളം | IX |
| 13. | കടുകൂർ കുളം | IX |
| 14. | വെമ്രക്കോട്ട് ചോല | IX |
| 15. | അമ്മച്ചി കുളം | X |
| 16. | പറച്ചോല | XI |
| 17. | ചോലയിൽ കുളം | XI |
| 18. | തെക്കേകുളം-സർക്കാർ വക | VI |

മാത്രമാണ് ജലസേചനത്തിനു പ്രയോജനപ്പെടുന്നത്. ഇതേ തോട്ടിൽ കുമ്മിൽചിറ, പൂങ്കുടിൽച്ചിറ എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന നാടൻ ചിറകൾ ഇപ്പോൾ നിലവിലില്ല. ഈ തോടിൽ തന്നെയുള്ള ഉതിരാൻചിറ പണിയാരംഭിച്ചുവെങ്കിലും കരാറുകാരൻ ഇടയ്ക്കുവെച്ചു പണി ഉപേക്ഷിച്ചിരിക്കുകയാണ്. എട്ടാം വാർഡിലെ കരുവാൻ തോടിൽ ഒരു ചിറയുണ്ട്. പട്ടിക 2ൽ കാണിച്ച് ജല സ്രോതസ്സുകൾ ഫലപ്രദമായി ചൂഷണം ചെയ്യാനുതകുന്ന പദ്ധതികൾ ഇല്ലാത്തതു കൊണ്ടും പട്ടിക 3ൽ കാണിച്ച ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കാൻ ശ്രമം നടക്കാത്തു കൊണ്ടും ജലസേചനാവശ്യത്തിനു വെള്ളം ലഭിക്കാത്തത് കാർഷിക രംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും:

പഞ്ചായത്തിലെ പ്രധാന ഉത്പന്നമായ നാളികേരത്തിന്റെ വില കാർഷികച്ചെലവുകൾ നടത്താൻപോലും പര്യാപ്തമല്ല. ഇടത്തട്ടു സമ്പ്രദായം ഈ കൃഷിയിൽ ഉള്ളതുകൊണ്ടു മാർക്കറ്റു വിലപോലും ലഭ്യമല്ല. സർക്കാർ ഉടമസ്ഥതയിലുള്ള കേരവികസന-വിപണന സ്ഥാപനങ്ങളുടെ സേവനം ഈ പഞ്ചായത്തിൽ ഇതുവരെ ലഭ്യമായിട്ടില്ല. അടയ്ക്കയുടെ സ്ഥിതിയും ഇതുതന്നെയാണ്. കശു വണ്ടിക്കാര്യത്തിൽ സർക്കാർ തറവില നിശ്ചയിച്ച് സംഭരണത്തിനു സംവിധാനമൊരുക്കുന്ന പഞ്ചായത്തിൽ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ആഴ്ച ചന്തയോ മറ്റു വിപണന സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഇടത്തട്ടുകാർ മുഖേനയാണു മറ്റു കാർഷികോത്പന്നങ്ങളുടെയും വിപണനം നടക്കുന്നത്.

ഒരു ഹെക്ടറിൽ കൂടുതൽ ഭൂമികൈവശമുള്ളവർ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ബഹുഭൂരിപക്ഷവും ദരിദ്ര കൃഷിക്കാരാണ്. സ്വയം പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരികയാണ്. ഇവർ ഒരു 15% വരും. കാർഷിക ജനസംഖ്യയുടെ ഇരുപത്തഞ്ചും ശതമാനം കർഷകത്തൊഴിലാളികളാണ്. ഉഴവ്, നടീൽ, കളപറി, കൊയ്ത്ത്, മെതി തുടങ്ങിയ നെൽകൃഷിപ്പണിക്കാർ വളരെയേറെ കുറവാണ്. ഇവരുടെ കൂലി പുരുഷന് 100ക. മുതൽ 150ക വരെയും സ്ത്രീക്ക് 60 ക മുതൽ 80 ക വരെയുമാണ്. തേങ്ങയിടൽ, റബ്ബർവെട്ട്, കീടനാശിനി തളിയ്ക്കൽ എന്നീ ജോലികൾ പുരുഷന്മാർ മാത്രം ചെയ്യുന്ന ജോലിയാണ്. അതിന് 150ക മുതൽ 200ക വരെയാണ് കൂലി.

## വളത്തിന്റെ ഉപഭോഗം

ജൈവവളങ്ങളും രാസവളങ്ങളും കൃഷിക്കാർ ഉപയോഗിക്കുന്നു. 1995-96 വർഷം പഞ്ചായത്തിൽ ഏകദേശം 90,208 കിലോഗ്രാം രാസവളം വിൽപന നടന്നിട്ടുണ്ട്. ദ്രവരൂപത്തിലുള്ള 47 ലിറ്റർ കീടനാശിനിയും ഖരരൂപത്തിലുള്ള 242 കിലോഗ്രാം കീടനാശിനികളും വിൽപന നടന്നിട്ടുണ്ട്. ഇതിൽ 75 ശതമാനം ഈ പഞ്ചായത്തിലെ ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ട്. രാസവളങ്ങളുടെ വിലകൂടുതൽ കർഷകർക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. ജൈവവളമായി പച്ചിലവളം, ചാണകം ചാരം എന്നിവയാണു പ്രധാനായി ഉപയോഗത്തിൽ

ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന ജൈവവള ഇനങ്ങൾ ഗുണം കുറഞ്ഞതും അതേ സമയം വില കൂടിയതുമാണ്.

## നടപ്പുപദ്ധതികൾ

കാർഷിക പദ്ധതികളെക്കുറിച്ച് കൃഷിക്കാർ ബോധവാൻമാരല്ല. അവരെ ബോധവത്സരിക്കുന്ന പരിപാടികൾ തീരെ അതൃപ്തികരമാണ്. ഉത്പാദനവർധനവിനാവശ്യമായ വിത്ത്, വളം മുതലായവയുടെ വിതരണം ഉൾപ്പടെയുള്ള പദ്ധതികൾ അർഹതയുള്ള കൃഷിക്കാർക്കും ആവശ്യമുള്ള സമയത്തും എത്തിക്കുന്നതിന് കൃഷി വകുപ്പിന് കഴിയുന്നില്ല. കൃഷിഭവൻ പ്രവർത്തനം കുറേക്കൂടി ഊർജ്ജിതമാക്കേണ്ടതാണ്.

കൃഷിയോഗ്യമായ 62 ഹെക്ടർ തരിശു ഭൂമി ഈ പഞ്ചായത്തിലുണ്ട്. കാർഷിക ചെലവിലുണ്ടായ വർധനവും ഉത്പാദനക്കുറവും മൂലം കൃഷിചെയ്യാതെ തരിശിട്ട കൃഷിഭൂമിയും ധാരാളമുണ്ട്. അനുകൂലമായ സാഹചര്യങ്ങളിൽ ഈ നിലം കൃഷിക്കുപയോഗിക്കാൻ കഴിയും.

## പ്രശ്നങ്ങൾ:

മണ്ണിന്റെ ഫലപുഷ്ടി പരിശോധിച്ച് യഥാവിധി വളപ്രയോഗം നടത്തപ്പെടുന്നില്ല.

ചില പ്രദേശങ്ങളിൽ ജലസേചനത്തിന് ആവശ്യമായ വെള്ളം കിട്ടുന്നില്ല. നിലവിലുള്ള ഉപരിതല ജലസ്രോതസ്സുകൾ ശരിയായി ഉപയോഗിക്കപ്പെടുന്നില്ല. പഞ്ചായത്തിന്റെ മൂന്നുഭാഗം ചുറ്റി ഒഴുകുന്ന നദികളിലെ ജലം ജലസേചനാവശ്യത്തിനു പ്രയോജനപ്പെടുത്താനാവശ്യമായ പദ്ധതികളില്ല. കാർഷികരംഗത്ത് വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നു.

കർഷകത്തൊഴിലാളികളുടെ കൂലികൂടുതൽ ഉത്പാദനച്ചെലവ് വർധിപ്പിക്കുന്നു. കൊയ്ത്ത്, മെതി മുതലായ കാർഷിക പ്രവൃത്തികൾക്കുള്ള യന്ത്രോപകരണങ്ങൾ ലഭ്യമല്ല.

കൃഷിക്കാർക്കുള്ള വായ്പാസൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പരിമിതമാണ്. അനുയോജ്യമായ വിത്തിനങ്ങൾ, ശാസ്ത്രീയ കൃഷിരീതികൾ എന്നിവയെക്കുറിച്ചു കൃഷിക്കാർ അജ്ഞരാണ്.
ഗ്രൂപ്പ് ഫാമിംഗ് സംവിധാനം പ്രയോഗത്തിലില്ലാത്തത്.

## രോഗങ്ങൾ:

നെൽകൃഷിക്കു മുഞ്ഞരോഗം, ഓലപ്പുഴു, ചാഴിക്കേട് മുതലായ രോഗങ്ങൾ ബാധിക്കുന്നു. തെങ്ങിന് കൂമ്പു ചീയൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം എന്നീ രോഗബാധകളും കവുങ്ങിന് മഗാളിയും പതിവു ബാധകളാണ്.

## വായ്പാ സൗകര്യങ്ങൾ:

വായ്പാ സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ഒരു സർവീസ് സഹകരണ ബാങ്ക് മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഇവിടെ നിന്നുള്ള വായ്പാ സൗകര്യം അപര്യാപ്തമാണ്. ബാങ്കുകളെയും മറ്റു സാമ്പത്തിക സഹായ സ്ഥാപനങ്ങളെയും ആശ്രയിക്കേണ്ട കൃഷിക്കാർ ജില്ലാ തലസ്ഥാനമായ മലപ്പുറത്തോ മഞ്ചേരിയിലോ പോകണം. ഗ്രാമീണ ബാങ്കിന്റെയോ മറ്റേതെങ്കിലും ദേശസാൽകൃത

ബാങ്കിന്റെയോ ശാഖ ഈ പഞ്ചായത്തിൽ തുടങ്ങുന്നതു കൃഷിക്കാർക്കു പുറമെ മറ്റു തൊഴിൽ മേഖലകൾക്കും സഹായകമായിരിക്കും.

## കർഷക സംരംഭങ്ങൾ:

കൂട്ടിലങ്ങാടി പഞ്ചായത്തിൽ താഴെകൊടുത്തിരിക്കുന്ന പാടശേഖര സമിതികൾ പ്രവർത്തനം നടത്തുന്നുണ്ട്.

### പാടശേഖര സമിതികൾ

| | |
|---|---|
| 1. | മങ്കട പള്ളിപ്പുറം പാടശേഖര സമിതി |
| 2. | പട്ടിയിൽ പറമ്പ് പാടശേഖര സമിതി |
| 3. | വള്ളിക്കാപറ്റ പാടശേഖര സമിതി |
| 4. | കടകൂർ പാടശേഖര സമിതി |
| 5. | കൂട്ടിലങ്ങാടി പാടശേഖര സമിതി |
| 6. | വള്ളം കൊള്ളിപ്പാടം |

കേര വികസന സമിതി നാളികേര കൃഷിക്കാർക്ക് കൂടുതൽ സഹായകമായ രീതിയിൽ പ്രവർത്തന ക്ഷമമാക്കണം.

പുരയിടങ്ങളിൽ തെങ്ങ്, കവുങ്ങ് എന്നിവയ്ക്കു പുറമെ പച്ചക്കറിയും മരച്ചീനി മധുരക്കിഴങ്ങ് എന്നിവയും കൃഷിചെയ്യുന്നുണ്ട്. എന്നാൽ ഇതു വേണ്ടത്ര വ്യാപിപ്പിക്കാനും വിളകൾ മെച്ചപ്പെടുത്താനും വേണ്ടത്ര വ്യാപിപ്പിക്കാനും വിളകൾ മെച്ചപ്പെടുത്താനും വേണ്ട പദ്ധതി കൾ ആവിഷ്കരിച്ചു നടപ്പാക്കണം.

സസ്യവേലികൾ മതിലുകൾക്ക് വഴിമാറുന്നു. വിള വൈജാത്യം കുറഞ്ഞുകൊണ്ടിരിക്കുന്നു.

ഇടവിള കൃഷി ഇല്ലാത്തതുകൊണ്ട് സാന്ദ്രത കുറയുന്നു.

## നിർദേശങ്ങൾ:

1. കടലുണ്ടിപ്പുഴയിൽ കൂട്ടിലങ്ങാടിപ്പാലത്തിനുമീതെ ഒരു ഭൂഗർഭ അണയും അതിനു മുകളിൽ ഒരു വിയറോ ക്രോസ്ബാറോ നിർമിക്കുകയും ചെയ്യുക.
2. മൂന്നാം വാർഡിൽ പെരുമ്പടപ്പു മുതൽ വെള്ളംകൊള്ളിവരെയും, വെള്ളം കൊള്ളിമുതൽ പുഴവരെയും പടിഞ്ഞാറ്റുമുറി കൊളത്തുപുറം പള്ളിയാൽ മുതൽ യത്തീംഖാന വരെയും കോണോത്തും മുറി കുന്നത്തു ചാത്തനരുതോടും ആഴം കൂട്ടി സൈഡ് കെട്ടുക.
3. അഞ്ചാം വാർഡിൽ പൊട്ടിയേടത്തു മുതൽ പുതുക്കൊള്ളിവരെയുള്ള ആണിത്തോട് വീതി കൂട്ടി സൈഡ് കെട്ടി ജലസേചന യോഗ്യമാക്കുക.
4. ചീതംകോട് ചോല മണ്ണുനീക്കി ജലസേചന യോഗ്യമാക്കുക.
5. നാലാം വാർഡിൽ പഴംതോട് ആഴംകൂട്ടി സൈഡ് കെട്ടണം.
6. വള്ളിക്കാപറ്റയിൽ ഉദിരം ചിറ, കുമ്മിൽ

ചിറ പൂങ്കുടിൽ പടി ചിറ എന്നിവ നിർമ്മിച്ച് ജലസേചന യോഗ്യമാക്കുക. കൃഷിനാശം ഒഴിവാക്കാൻ വള്ളിക്കാവറ്റ തോടിന് ആവശ്യമായ സൈഡ് ഭിത്തികെട്ടുക.

7. എട്ടാം വാർഡിൽ കീരംകുണ്ട് പാലത്തിന് മീതെ ക്രോസ് ബാർ നിർമ്മിക്കുക.

8. എട്ടാം വാർഡിൽ ആലുംകുന്ന് ചെലൂർ മദ്രസ വരെയുള്ള വയിലേയ്ക്കുള്ള മണ്ണൊലിപ്പ് തടഞ്ഞ് കൃഷി സംരക്ഷിക്കുക.

9. കരുവൻതോടിനു പാർശ്വഭിത്തികൾ പണിതു ജലസേചന സൗകര്യം ഉണ്ടാക്കുക.

10. കൊളത്തക നിലത്ത് ആണിത്തോടു പണിതു കൃഷിയോഗ്യമാക്കുക.

11. കോട്ടപ്പള്ളയിൽ നിന്നൊഴുകി വരുന്ന നീർച്ചാലുകൾ സംയോജിപ്പിച്ചു തോടുനിർമിച്ചു ജലസേചനത്തിന് ഉപയുക്തമാക്കുക.

12. മൂന്നാം വാർഡിലെ കുളത്തുപുറം കുളം, കക്കൂളം, അഞ്ചാം വാർഡിലെ പുതുക്കൊള്ളി കുളം ആറാം വാർഡിലെ ആക്കക്കുളം, ചിറു ഉപ്പാറക്കുളം, പുത്തൻ പുരക്കൻകുളം, പാറക്കൽ ചോല, ഒമ്പതാം വാർഡിൽ മണിയോട്ടുകുളം, പാർലിൻ കുളം വടക്കെ കുളം, കുണ്ടത്തറകുളം, ഏലച്ചോലകുളം, പൊൻകുളം, പീടിയിൽ കുളം, കടുകൂർകുളം, വെമ്രക്കോട്ട് ചോല, പത്താം വാർഡിൽ അമ്മച്ചിക്കുളം, പതിനൊന്നാം വാർഡിൽ പറച്ചോല, ചോലയിൽ കുളം എന്നിവ മണ്ണു നീക്കി പാർശ്വഭിത്തികൾ നന്നാക്കി ജലസേചന യോഗ്യമാക്കുക.

13. ആറാം വാർഡിൽ സർക്കാർ നിർമിച്ചതും ഇപ്പോൾ ഉപയോഗയോഗ്യമല്ലാതായിക്കിടക്കുന്നതുമായ തെക്കേകുളം ആഴം കൂട്ടി ആവശ്യമായ ഭിത്തികെട്ടി ഉപയോഗയോഗ്യമാക്കിയാൽ ചുറ്റു പ്രദേശങ്ങളിൽ രണ്ടു വിള കൃഷിയെടുക്കാൻ കഴിയും.

14. കൃഷിഭവനിൽ നടീൽ വസ്തുക്കൾ സൂക്ഷിച്ചുവെക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം.

15. കൃഷിഭവൻ സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും സൗകര്യപ്രദമായ സ്ഥലത്തേക്കു മാറ്റുക.

16. കൃഷിയിടങ്ങളിൽ തേനീച്ച വളർത്തുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുക.

17. നെൽകൃഷിക്ക് അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുക.

18. പാടശേഖര കമ്മിറ്റികൾക്ക് കാർഷികോപകരണങ്ങൾ നൽകുക.

19. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകളായ കൈതച്ചക്ക, പയർ, പച്ചില, വളച്ചെടികൾ, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, മധുരക്കിഴങ്ങ്, തീറ്റപ്പുല്ല് എന്നിവ കൃഷിചെയ്യുന്നതിന് ആവശ്യമായ നിർദേശങ്ങളും സഹായവും നൽകുക.

20. ചെറുകിട കൊപ്ര കൃഷിക്കാർക്ക് കൊപ്ര ഡ്രയർ നിർമിക്കുന്നതിനും സംസ്കരിക്കുന്നതിനും മില്ലുകൾ തുടങ്ങുന്നതിനും സഹായം നൽകുക.

21. തെങ്ങുകയറ്റത്തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

22. വിള ഇൻഷൂറൻസ് പദ്ധതി, രോഗം വന്ന് നശിച്ച വിളകൾക്കും ബാധകമാക്കുക.

23. ആവശ്യമായ വിത്തും പരിജ്ഞാനവും നൽകി കൂൺ കൃഷി വ്യാപകമാക്കുക.

# 5-2
# മൃഗസംരക്ഷണവും മത്സ്യബന്ധനവും

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ കന്നുകാലികളെയും വളർത്തു പക്ഷികളെയും വ്യാപകമായി വളർത്തിയിരുന്നു. ഇപ്പോൾ അപൂർവ്വം വീടുകളിൽ പശു, ആട്, എരുമ, പോത്ത്, കാള എന്നിവയെ വളർത്തിവരുന്നു. ചുരുക്കം വീടുകളിൽ നാടൻ കോഴികളെയും ചെറിയ തോതിൽ താറാവുകളെയും വളർത്തി വരുന്നു. ആധുനിക കൃഷി ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിച്ചതോടെ ഉഴവുമാടുകളുടെ വ ളർത്തൽ വളരെ കുറഞ്ഞു. മുൻ കാലങ്ങളിൽ മേച്ചിൽ സ്ഥലങ്ങൾ സുലഭമായതിനാൽ ആടു മാടു വളർത്തലിന് പ്രത്യേകമായ സാമ്പത്തിക ബാദ്ധ്യത ഇല്ലായിരുന്നു. എന്നാൽ ഇന്ന് മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും, നെൽകൃഷിയിൽ വന്ന കുറവും കാലി വളർത്തലിനെ പ്രതികൂല മായി ബാധിച്ചു. ഗതാഗതത്തിനുവേണ്ടി മുൻകാ ലങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ കണ്ടുവന്നിരുന്ന കാളവണ്ടികൾ പൂർണ്ണമായും അപ്രത്യക്ഷമായി. ഇപ്പോൾ ഈ മേഖലകളിൽ അത്യുത്പാദനശേ ഷിയുള്ള കറവപ്പശുക്കളെയും, ആട്,കോഴി എന്നിവയെയും വളർത്തിവരുന്നു. ഇവയുടെ സംര ക്ഷണച്ചിലവ് ഭാരിച്ചതായതിനാൽ ഈ മേഖല അനാകർഷകമായിരിക്കുന്നു.

പട്ടിക 1

ഈ പഞ്ചായത്തിലെ പക്ഷി മൃഗ സമ്പത്ത് പട്ടികപ്പെടുത്തി താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | കാള | 186 |
| 2. | പശു | 396 |
| 3. | എരുമ | 60 |
| 4. | പോത്ത് | 74 |
| 5. | ആട് | 680 |
| 6. | പട്ടി | 89 |
| 7. | കുതിര | 1 |
| 8. | കോഴി | 16,245 |
| 9. | താറാവ് | 14 |

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണുള്ളത്. ഇത് പടിഞ്ഞാറ്റുംമുറിയിൽ സ്ഥിതി ചെയ്യുന്നു. തീരെ സൗകര്യമില്ലാത്ത വാടകക്കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇതിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കേണ്ടതാണ്. ഇതിന്റെ സേവനങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കണം. പഞ്ചായത്തിലെ കന്നുകാലികളിൽ കണ്ടുവരുന്ന അകിടുവീക്കം, കുളമ്പുരോഗം, പനി എന്നിവക്കും കോഴികളെ ബാധിക്കുന്ന കോഴിവസന്തക്കും എതിരായി സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് കർഷകർ അജ്ഞരാണ്. ക്ഷീരോത്പാദക സഹകരണസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഗോബർ ഗ്യാസ് പ്ലാന്റുകൾ ഈ പഞ്ചായത്തിൽ നാമമാത്രമാണ്.

പ്രശ്നങ്ങൾ

★ മേച്ചിൽ സ്ഥലങ്ങളുടെ അഭാവം

★ കാലിത്തീറ്റയുടെ വിലവർദ്ധ

★ തീറ്റപ്പുൽക്കൃഷിയുടെ അഭാവം

★ മൃഗചികിത്സാരംഗത്തെ അപര്യാപ്തത.

★ ധനകാര്യസ്ഥാപനങ്ങളുടെ പ്രയാസമേറിയ വായ്പാനിബന്ധനകൾ

സാധ്യതകൾ

✹ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി തീറ്റപ്പുൽ കൃഷി ചെയ്യാവുന്നതാണ്.

✹ പ്രാദേശികവിഭവങ്ങളിൽ നിന്നും കാലിത്തീറ്റ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുക.

✹ കുറഞ്ഞവിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക.

✹ ഓരോ വാർഡിലും പാലിന്റെ ലഭ്യതയനുസരിച്ച് സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും അവിടെനിന്ന് കാലിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.

✹ അത്യുത്പാദന ശേഷിയുള്ള കന്നുകുട്ടികളെയും കോഴിക്കുഞ്ഞുങ്ങളെയും ലഭ്യമാക്കുക.

✹ വളെരെയേറെ തൊഴിൽ സാധ്യതയുള്ള മുട്ടക്കോഴി ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുക.

✹ ഈ പഞ്ചായത്തിൽ 10 കോഴി വിൽപന കേന്ദ്രങ്ങൾക്ക് ആവശ്യമായ കോഴികൾ നിലവിലുള്ള 3 കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമല്ലാത്തതിനാൽ അന്യപഞ്ചായത്തുകളെ ആശ്രയിക്കേണ്ടിവരുന്നു.

✹ വീടുകളിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുകയും രണ്ടോ മൂന്നോ വീടുകൾക്കായി ഓരോ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

## മത്സ്യബന്ധനം

കടൽ, കായൽ സാമീപ്യമില്ലാത്തിനാൽ പഞ്ചായത്തിൽ മത്സ്യബന്ധനം നടക്കുന്നില്ല. ശുദ്ധജലമത്സ്യവളർത്തലിന് മാത്രമാണ് പഞ്ചായത്തിൽ സാധ്യതയുള്ളത്. നിലവിലുള്ള കുളങ്ങളിലും, കൃഷി ആവശ്യത്തിനായി പുതുതായി പ്രയോജനപ്പെടുത്തുന്ന കുളങ്ങളിലും മത്സ്യക്കൃഷി ആരംഭിക്കാവുന്നതാണ്. ഇതിനായി പഞ്ചായത്തിലെ കർഷകർക്ക് മത്സ്യക്കൃഷിയിൽ ശാസ്ത്രീയ പരിശീലനം നൽകുകയും മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്താൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്.

5 3

# വ്യവസായം

വ്യവസായ മേഖലയിൽ കൂട്ടിലങ്ങാടി പഞ്ചായത്ത് ജില്ലയിലെ മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ഭൂമിശാസ്ത്രപരമായ ഈ പഞ്ചായത്തിന്റെ കിടപ്പും ഗതാഗത സൗകര്യമില്ലായ്മയും വ്യവസായിക മേഖലയെക്കുറിച്ചുള്ള പരിജ്ഞാനക്കുറവുമാണ് ഇതിനു പ്രധാന കാരണങ്ങൾ. മൂന്നുഭാഗവും കടലുണ്ടിപുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ പഞ്ചായത്തിൽ ഗതാഗത സൗകര്യത്തിന് ഒരേ ഒരു പി.ഡബ്ലി.ഡി. റോഡ് മാത്രമേയുള്ളു. (രണ്ടു ദശാബ്ദങ്ങൾക്കുമുമ്പ് ഈ പഞ്ചായത്തിൽ കൂടി ബസ്സ് ഗതാഗതം തുടങ്ങിയെങ്കിലും ഇന്നും ബസ്സുകളുടെ എണ്ണം വളരെ പരിമിതമാണ്.

മലപ്പുറം ജില്ലയുടെയും പ്രത്യേകിച്ച് നമ്മുടെ പഞ്ചായത്തിനെയും വ്യവസായിക മേഖലയിൽ നേരിടുന്ന മറ്റൊരു പ്രശ്നമാണ് വൈദ്യുതി. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് മുഴുവൻ സമയ പ്രവർത്തനം നടത്താൻ ആവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല. വൈദ്യുതി ലഭിക്കുന്ന അവസരങ്ങളിൽ വോൾട്ടേജ് ക്ഷാമവും അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ വ്യവസായി മേഖലയുടെ പിന്നോക്കാവസ്ഥക്ക് ഇത് ഒരു പ്രധാന കാരണമാണ്.

26-8-1971 ന് മലപ്പുറം ജില്ലയെ വ്യവസായിക പിന്നോക്ക ജില്ലയായി പ്രഖ്യാപിക്കുകയും ചെറുകിട വ്യവസായം ആരംഭിക്കാൻ മുന്നോട്ട് വരുന്നവർക്ക് ധാരാളം ആനുകൂല്യങ്ങൾ അനുവദിക്കുകയും, ചെയ്തതിനു ശേഷം ജില്ലയിൽ ഈ മേഖലയിൽ നേരിയ പുരോഗതി ഉണ്ടായെങ്കിലും നമ്മുടെ പഞ്ചായത്തിൽ വ്യവസായികമായി ഒരു നേരിയ ചലനം പോലും സൃഷ്ടിക്കാൻ ഇതുകൊണ്ട് കഴിഞ്ഞിട്ടില്ല. ജില്ലയിൽ 6000ത്തിൽ പരം ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇതിൽ $^1/_2$ ശതമാനം പോലും നമ്മുടെ പഞ്ചായത്തിൽ ഉൾപെട്ടിട്ടില്ല. ആയതുകൊണ്ട് തന്നെ ഈ പഞ്ചായത്തിലെ മാനുഷിക വിഭവ ശേഷി വ്യവസായിക മേഖലയിൽ പരിമിതമായേ ഉപയോഗപ്പെടുന്നുള്ളു.

## നിലവിലുള്ള വ്യവസായങ്ങൾ

വൻകിട വ്യവസായങ്ങളൊന്നും നിലവിലില്ലാത്ത കൂട്ടിലങ്ങാടി പഞ്ചായത്തിൽ താഴെപ്പറയുന്ന ഏതാനും ചെറുകിട വ്യവസായങ്ങളാണ് ഇപ്പോഴുള്ളത്.

| ചെറുകിട വ്യവസായം | എണ്ണം | | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. പിൾട്രി ഫാം | 4 | - | 10 |
| 2. റൈസ് മിൽ | 6 | - | 6 |
| 3. ഓയിൽമിൽ | 3 | - | 3 |
| 4. എഞ്ചിനീയറിംഗ് വ്യവസായം | 5 | - | 16 |
| 5. ഇഷ്ടിക വ്യവസായം | 1 | - | 7 |
| 6. ഹോളോബ്രിക്സ് | 3 | - | 9 |
| 7. മരത്തടി വ്യവസായം | 2 | - | 6 |
| 8. ഫർണീച്ചർ വ്യവസായം | 5 | - | 10 |
| 9. ഇലക്ട്രിക്കൽ/ഇലക്ട്രോണിക്സ് | 1 | - | 5 |
| 10. ബ്രഡ് നിർമ്മാണം | 1 | - | 5 |
| 11. കല്ലുവെട്ട് വ്യവസായം | 6 | - | 48 |
| 12. കൊപ്ര പ്രൊസ്സസിംഗ് യൂണിറ്റ് | 1 | - | 6 |
| 13. പ്ലാസ്റ്റിക് മോൾഡിംഗ് | 1 | - | 2 |
| 14. ഹലുവ നിർമ്മാണം | 1 | - | 5 |

നമ്മുടെ പഞ്ചായത്തിൽ 88-89 വർഷത്തിൽ പടിഞ്ഞാറ്റും മുറിയിൽ ഒരു വനിതാ ബുക്ക് ബൈൻഡിങ്ങ് യൂണിറ്റ് 15 വനിതകൾ കൂടി ആരംഭിച്ചിരുന്നു. ആ യൂണിറ്റ് അധികം താമസിയാതെ പരാജയപ്പെട്ടു. ഇന്ന് ആ യൂണിറ്റ് നിലവിലില്ല.

പഞ്ചായത്തിൽ നിലവിലുള്ള കുടിൽ വ്യവസായങ്ങൾ

| | | |
|---|---|---|
| 1. | പപ്പട നിർമ്മാണം | 4 |
| 2. | ഫർണിച്ചർ | 5 |
| 3. | സുർക്ക നിർമ്മാണം | 1 |
| 4. | അച്ചാർ നിർമ്മാണം | 2 |
| 5. | റെഡിമെയ്ഡ് യൂണിറ്റ് | 2 |
| 6. | കൊപ്ര സംസ്ക്കരണം | 5 |
| 7. | സോഡാ നിർമ്മാണം | 1 |
| 8. | മൺപാത്ര നിർമ്മാണം | 2 |
| 9. | മറ്റുള്ളവ | 70 |

**പ്രശ്നങ്ങൾ:**

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചക്കാവശ്യമായിട്ടുള്ള അനുകൂല ഘടകങ്ങളായ ഉയർന്ന സാക്ഷരതാ നിരക്ക്, വാർത്താവിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം, ഗതാഗത സൗകര്യങ്ങൾ എന്നീ ഘടകങ്ങളുടെ അപര്യാപ്തതയും താഴെ പറയുന്ന പ്രശ്നങ്ങളും ഈ പഞ്ചായത്തിനെ വ്യവസായികമായി പുറകോട്ട് കൊണ്ടുപോവുന്നു.

1. മുഖ്യ കാർഷികോൽപന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള കാലതാമസം.
3. ലഭ്യമാവുന്ന വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം.
4. സാങ്കേതിക പരിജ്ഞാനക്കുറവ്.
5. ധനസഹായം ലഭിക്കാനുള്ള സാങ്കേതിക

ബുദ്ധിമുട്ട്.

6. വിപണന സാദ്ധ്യതക്കുറവ്.
7. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.
8. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകാനുള്ള സാദ്ധ്യതയില്ല.
9. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തെയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണക്കുറവ്.
10. വ്യവസായിക മേഖലയുമായുള്ള സമ്പർക്കക്കുറവ്.
11. അസംസ്കൃത വസ്തുക്കളുടെ പൊതുവെയുള്ള ലഭ്യതക്കുറവ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ:

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ചേർന്ന ഗ്രാമസഭകളിൽ പ്രസ്തുത വാർഡുകളിൽ തുടങ്ങാൻ നിർദ്ദേശിക്കപ്പെട്ട ചെറുകിട വ്യവസായങ്ങൾ.

1. ചകരിമില്ല് - ചകിരിയിൽ നിന്ന് ജൈവവളം
2. കോഴിത്തീറ്റ നിർമ്മാണം
3. റെഡിമെയിഡ് യൂണിറ്റ്
4. ഹവായ് ചെരുപ്പ് നിർമ്മാണം
5. ഓർക്കിഡ് വ്യവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യൽ.
6. തീപ്പെട്ടിക്കമ്പനി
7. പട്ടുനൂൽ വ്യവസായം
8. ചിപ്സ് നിർമാണം
9. പപ്പട നിർമ്മാണം
10. ക്ഷീരോൽപാദന കേന്ദ്രം
11. സോപ്പ് നിർമ്മാണം
12. ഗോൾഡ് കവറിംഗ് യൂണിറ്റ്
13. കയർ നിർമ്മാണം
14. മെഴുകുതിരി നിർമ്മാണം
15. സോഡാ ഫാക്ടറി
16. മരച്ചീനി സംസ്കരണ യൂണിറ്റ്
17. ഇഷ്ടിക നിർമ്മാണം
18. ഹോളാ ബ്രിക്സ് നിർമ്മാണം
19. അലക്കുസോപ്പ് നിർമ്മാണം
20. മാംസ സംസ്ക്കരണം
21. പപ്പയിൽ സംസ്ക്കരണം
22. അച്ചാറ് നിർമ്മാണം
23. ചന്ദനത്തിരി നിർമ്മാണം
24. ബനിയൻ ക്ലോത്ത് നിർമ്മാണം
25. റബ്ബർ തടി സംസ്ക്കരണം
26. പഴ സംസ്ക്കരണം
27. കല്ല്വെട്ട് വ്യവസായം
28. മിഠായി നിർമ്മാണം
29. പായനെയ്ത്ത്
30. സിമന്റ് കട്ടിള, ജനൽ യൂണിറ്റ്

## മിനി വ്യവസായ എസ്റ്റേറ്റ്

20.91 ചതുരശ്ര കി.മീ. വിസ്തീർണ്ണവും 26,010 വരുന്ന ജനസംഖ്യയും (91ലെ സെൻസസ്) 5581 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉൽപന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റ് പോലും വളർന്ന് വരാത്തത് ഗൗരവമായി പരിശോധിക്കുകയും ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാധ്യതയുള്ളതിനാൽ ചുരുങ്ങിയത് രണ്ട് ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

## സ്ത്രീകളുടെ പങ്കാളിത്തം:

ചെറുകിട, കുടിൽ വ്യവസായ മേഖല ഗ്രാമീണ വനിതകൾക്ക് ഏറ്റവും അനുയോജ്യ മായ ഒരു മേഖലയാണ്. പരമ്പരാഗത മേഖല യിലും നമ്മുടെ ഗ്രാമീണ വനിതകൾക്കനുയോ ജ്യമായ പുതിയ പദ്ധതികൾ നമുക്ക് ആരംഭി ക്കാവുന്നതാണ്. നാളികേരം, മരം, ഭക്ഷ്യം എന്നി വയെ ആശ്രയിച്ച് പുതിയ യൂണിറ്റുകൾ ആരംഭി ക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പടി ഞ്ഞാറ്റുംമുറിയിൽ ഒരു വനിതാ ബുക്ക് ബൈൻഡിങ്ങ് യൂണിറ്റ് 15 വനിതകൾ കൂടി ആരംഭിച്ചിരുന്നു. ആ യൂണിറ്റ് അധികം താമ സിയാതെ പരാജയപ്പെട്ടു. ഇന്ന് ആ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. ഈ യൂണിറ്റ് പുനരുജ്ജീ വിപ്പിക്കുന്നതിന്, അധികൃതർ മുന്നോട്ട് വന്ന്, വേണ്ടുന്ന സഹായ സഹകരണങ്ങൾ വനിത കൾക്ക് ചെയ്തുകൊടുക്കുന്നതു വഴി ഇനിയും വനിതകൾക്ക് ഇത്തരം യൂണിറ്റുകൾ തുടങ്ങാൻ പ്രേരണയാകും.

## വൻകിട വ്യവസായം:

1. കൂട്ടിലങ്ങാടി കേന്ദ്രീകരിച്ച് ഒരു കോക്ക നട്ട് കോംപ്ലക്സ് സ്ഥാപിക്കുക.
2. മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ സഹകരണ ത്തോടെ ആയിരം സ്പിന്റിൽ ഉള്ള ഒരു അനുബന്ധ യുണിറ്റ് ആരംഭിക്കുക.
3. വള്ളിക്കാപ്പറ്റ കേന്ദ്രീകരിച്ച് ഒരു ഡിസ്പോ സിബിൾ സിറിഞ്ച് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
4. പഞ്ചായത്തിലെ ഏഴാം വാർഡായ ചെല്ലൂ രിൽ പറങ്കിമാങ്ങ എന്നിവ സംസ്ക്കരിച്ചെ ടുക്കുന്ന ഒരു ഫുഡ് പ്രൊസസിംഗ് യൂണിറ്റ് ആരംഭിക്കുക.

## ടൂറിസം വികസനം:

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പഞ്ചായത്തിൽ ടൂ റിസ്റ്റ് സാധ്യതകൾ വളരെ കുറവാണ്. അഞ്ചാം വാർഡിലെ പൂങ്കുടിയിൽ മനയും, ബ്ലൈന്റ് സ്ക്കൂൾ മങ്കട പള്ളിപ്പുറവും ശ്രദ്ധ പിടിച്ചു പറ്റിയ രണ്ടു സ്ഥാപനങ്ങളാണ്. മനോരോഗികൾക്കു പാരമ്പര്യവൈദ്യസഹായം നൽകുന്ന സ്ഥാപന മാണ് പൂങ്കുടിൽമന. വർഷത്തിൽ ഒരിക്കൽ മനോ രോഗ സെമിനാർ സംഘടിപ്പിക്കുന്ന ഈ സ്ഥാ പനത്തിൽ സെമിനാറിൽ പങ്കെടുക്കാനും ചികി ത്സാ രീതികൾ മനസ്സിലാക്കാനും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഉന്നത വ്യക്തികൾ ഇവിടം സന്ദർശിക്കാറുണ്ട്. പഞ്ചായത്തിന്റെ ടൂറിസം ഭൂപടത്തിൽ ഈ മേഖലകൾ ഉൾപ്പെ ടുത്തി വേണ്ട വികസന പദ്ധതികൾ ആസൂ ത്രണം ചെയ്യാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭി ക്കുന്ന നാളികേരം ഉപയോഗിച്ച് തുടങ്ങാവുന്ന ഒരു ചെറുകിട വ്യവസായത്തെക്കുറിച്ചുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## ജലാംശം നീക്കിയ നാളികേരപ്പൊടി പദ്ധതി രൂപരേഖ

1. ഉപയോഗവും വിപണിയും:

ഉണക്കി പാക്ക് ചെയ്ത നാളികേരപ്പൊടി മറ്റ് സംസ്ഥാനങ്ങളെപ്പോലെ നമുക്കും ഗാർഹിക ഉപയോഗത്തിനും വ്യവസായ ആവശ്യങ്ങൾക്കും അനിവാര്യമാണ്. ഈ ഉൽപന്നത്തിന് നല്ല വിദേ ശ വിപണിയുമുണ്ട്. 60-70 ശതമാനം എണ്ണമയ മുള്ള തേങ്ങയിൽ നിന്നും എണ്ണയുടെ രാസഘട

നക്ക് വ്യതിയാനം വരുത്താതെ ജലാംശം നീക്കം ചെയ്തു പൊടിയാക്കി കേടുവരാതെ സൂക്ഷി ക്കുകയാണ് ചെയ്യുന്നത്. സാധാരണ തേങ്ങ കൊണ്ടുള്ള എല്ലാ ഉപയോഗവും ഈ നാളികേ രപ്പൊടികൊണ്ട് നിർവ്വഹിക്കാവുന്നതാണ്. കൂടാതെ മിഠായികൾ, സുഫാരികൾ, സുഗന്ധ മുറുക്കാൻ, തുടങ്ങിയവക്കും ഇവ ചേർക്കാറുണ്ട്.

പഞ്ചായത്തിലെ ഒരു പ്രധാന കാർഷി കോൽപന്നമായ നാളികേരം മൂല്യ വർദ്ധനവോടെ വിപണനം ചെയ്യുന്നതിലും നാളികേരത്തിന്റെ ഉ പയോഗം സാർവ്വത്രികമാക്കി വില പിടിച്ചു നിർത്തുന്നതിനും ഇത്തരം ഉൽപന്നങ്ങൾ സഹാ യിക്കും. കൂടാതെ പഞ്ചായത്തിൽ യഥേഷ്ടം ലഭ്യമായ ഈ അസംസ്കൃത വസ്തു വ്യവസാ യാടിസ്ഥാനത്തിൽ പരമാവധി ചൂഷണം ചെയ്യ പ്പെടുന്നത് സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക താൽപര്യത്തിന് ഉപോൽബലകവു മാണ്.

2. **ഉൽപാദന ക്ഷമത:**

   15. മെട്രിക്ടൺ (പ്രതിമാസം)

3. **സ്ഥലവും കെട്ടിടവും:**

   50 ച.മീ. സ്ഥലവും 100 ച.മീ. കെട്ടിടവും വാടക്ക്.

4. **യന്ത്രസാമഗ്രികൾ**

   കൊപ്ര കട്ടർ, ഡസിന്റെ ഗ്രേറ്റർ, ബേബി ബോയ്ലർ, വാക്യം ബഡ്സ് ഫ്ലൂയിഡ് ഡ്രയർ, പ്ലാസ്റ്റിക് സീലിങ്ങ് മെഷീൻ മറ്റുപകരണങ്ങൾ.

   ആകെ 3,25,000

5. പ്രവർത്തന മൂലധനം : **2,00,000**
6. മൊത്തം മൂലധന നിക്ഷേപം : 5,25,000
7. വാർഷിക വരുമാനം: **1,37,500**
8. തൊഴിലവസരങ്ങൾ : എട്ട്
9. അസംസ്കൃത സാധനങ്ങൾ

   തേങ്ങ, പേക്കിംഗ് മെറ്റീരിയൽസ്.

## സാങ്കേതിക വിജ്ഞാനം

## നിർമ്മാണ രീതി:

നന്നായി വിളഞ്ഞതേങ്ങ പൊരിച്ച് അതിന്റെ ഉൾക്കാമ്പ് മാത്രം വേർതിരിക്കുക. കാമ്പിന് പുറത്തു കാണുന്ന നേർത്ത തൊലി നീക്കം ചെയ്യണം. തുടർന്ന് ഡിസിന്റഗ്രേറ്റർ ഉപയോ ഗിച്ച് പൊടിയാക്കുക. വാക്വം ബഡ്ഡ് ഫ്ലൂയിഡ് ഡ്രയർ ഉപയോഗിച്ച് ഈ പൊടിയിൽ നിന്നും ജലാംശം നീക്കി ഉണക്കിയ ശേഷം 12,14,16 മെഷ് വലിപ്പമുള്ള അരിപ്പയിൽ പൊടി കടത്തിവിട്ട് അരിച്ചെടുക്കുക. അതിനുശേഷം നിർദ്ദിഷ്ട വലി പ്പമുള്ള പ്ലാസ്റ്റിക് കൂടകളിൽ ഉൽപന്നം പാക്ക് ചെയ്തു വായു ബന്ധമായി പാക്കുചെയ്യുക.

വീട്ടമ്മമാർക്കു എളുപ്പം ഉപയോഗിക്കാവു ന്നതും എപ്പോഴും കയ്യെത്തുന്ന ദൂരത്തിൽ അടു ക്കള റാക്കിൽ സജ്ജീകരിച്ച് വെക്കാവുന്നതു മായി നാളികേരം ലഭ്യമാവുമ്പോൾ തന്നെ ഉപ യോഗത്തിനുള്ള വാസന കൂടും. കാരണം ഒരു നാളികേരം പൊളിച്ചെടുക്കാനും ചിരവാനുമുള്ള സാഹസത്തിനുപോലും ആധുനിക വീട്ടമ്മക്ക് സമയം കാണില്ല. രോഗികളോ അടുക്കളയിൽ പരസഹായം തേടുന്നവരോ ആയ അടുക്കള ഭരണക്കാർക്കും നാളികേരപ്പൊടി എളുപ്പ പാച കത്തിന് സഹായകമാവും. വിപണനം സുഗമമാ യിരിക്കും എന്നർത്ഥം.

5 4

# വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹ്യപ്രക്രിയയാണ്. സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തലമുറയെ വാർത്തെടുക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസം ഒരു വികസനപ്രക്രിയ കൂടിയാണ്. വിദ്യാഭ്യാസത്തിലൂടെ വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം, എന്നിവ വികസിതമാകുന്നു.

അവികസിത ജില്ലയായ മലപ്പുറത്തിന്റെ ആസ്ഥാനത്ത് നിന്നും ഏതാനും കിലോമീറ്ററുകൾ മാറി സ്ഥിതി ചെയ്യുന്ന കൂട്ടിലങ്ങാടി പഞ്ചായത്തിൽ ഇന്നും വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവാണ്. മത പഠനത്തിന് മാത്രം പ്രാമുഖ്യം നൽകി കൊണ്ടുള്ള ഓത്തുപള്ളികൾ വളരെ മുൻപ് മുതൽ തന്നെ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഇവയിൽ പലതും പിന്നീട് സ്കൂളുകളായി മാറി. കൂട്ടിലങ്ങാടി, മങ്കട പള്ളിപ്പുറം എന്നീ സ്ഥലങ്ങളിൽ 1919ൽ ആദ്യത്തെ എൽ.പി.സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. 1929ൽ പടിഞ്ഞാറ്റുംമുറിയിൽ ഒരു സർക്കാർ എൽ.പി.സ്കൂൾ പ്രവർത്തനമാരംഭിച്ചു.

പഞ്ചായത്തിന്റെ പൊതുവായ സാംസ്കാരിക സാമൂഹിക പുരോഗതിയിൽ വഴിത്തിരിവ് സൃഷ്ടിച്ച ഈ സ്ഥാപനങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രത്യേകിച്ചും മുസ്ലീം സ്ത്രീകൾക്കിടയിലെ വിദ്യാഭ്യാസ പ്രചരണത്തിന് വലിയ തോതിൽ സഹായകമായിട്ടുണ്ട്. ആദ്യകാലത്തു തന്നെ സർക്കാർ ഉദ്യോഗങ്ങളിൽ ഈ പ്രദേശത്തുള്ള കുറെയേറെ മുസ്ലിം സ്ത്രീകൾ പ്രവേശിച്ചതിന് കാരണമായതും ഈ വിദ്യാലയങ്ങൾ തന്നെയാണ്. തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നുവന്നു. ഇന്ന് രണ്ട് ഗവൺമെന്റ് എൽ.പി. സ്കൂളുകൾ അടക്കം ഒൻപത് എൽ.പി. സ്കൂളുകളും രണ്ട് ഗവൺമെന്റ് യു.പി. സ്കൂളുകൾ അടക്കം നാല് യു.പി. സ്കൂളുകളും ഒരു ഗവൺമെന്റ് ഹൈസ്ക്കൂളും ഒരു അൺ എയ്ഡഡ് ഹൈസ്ക്കൂളും അടക്കം പതിനഞ്ച് വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു.

'കേരള സ്ക്കൂൾ ഫോർ ബ്ലൈന്റ്' എന്ന ഒരു അന്ധ വിദ്യാലയം ഈ പഞ്ചായത്തിൽ മങ്കട പള്ളിപ്പുറത്ത് പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ അന്ധ വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നു. ഏഴാം ക്ലാസ് വരെയുള്ള പഠനം ഈ വിദ്യാലയത്തിൽ വെച്ചും എട്ടുമുതൽ പത്തുവരെ ക്ലാസുകളിലെ പഠനം മങ്കട ഗവൺമെന്റ് ഹൈസ്ക്കൂളിനെ ആശ്രയിച്ചും ഈ വിദ്യാർത്ഥികൾ നടത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള അഞ്ച് ഗവൺമെന്റ് സ്കൂളുകളിലും ഒൻപത് എയ്ഡഡ് സ്ക്കൂളുകളിലും ഒരു അൺഎയ്ഡഡ് സ്കൂളിലുമായി 6448 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഇതിൽ 3331 പെൺകുട്ടികളും 3117 പേർ ആൺകുട്ടികളുമാണ്. ഇതിൽ പട്ടിക ജാതി വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികൾ 362 പേരാണ് മൊത്തം കുട്ടികളുടെ 17.81 ശതമാനം പട്ടിക ജാതി വിഭാഗത്തിൽപെടുന്ന കുട്ടികളാണ്.

ഈ വിദ്യാലയങ്ങളിൽ മൊത്തം 206 അദ്ധ്യാപകർ ജോലി നോക്കി വരുന്നു. ഇതിൽ 111 പേർ പുരുഷൻമാരും 95 പേർ സ്ത്രീകളുമാണ്.

## പട്ടിക 1
## അദ്ധ്യാപക വിദ്യാർത്ഥി വിവരപ്പട്ടിക.

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ഗവ:\ എയിഡഡ് | വിദ്യാർത്ഥികൾ | | | SC/ST | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | മുത്തക്കുളം എ.എം.എൽ.പി.സ്കൂൾ | എയ്ഡഡ് | 92 | 63 | 155 | 0 | 1 | 1 | 2 | 3 | 5 |
| 2. | പടിഞ്ഞാറ്റുമുറി ജി.എൽ.പി.എസ്. | ഗവ: | 247 | 223 | 470 | 25 | 22 | 47 | 6 | 8 | 14 |
| 3. | വള്ളിക്കാപ്പറ്റ എ.എം.എൽ.പി.സ്കൂൾ | എയ്ഡഡ് | 117 | 112 | 229 | 6 | 9 | 15 | 5 | 1 | 6 |
| 4. | വള്ളിക്കാപ്പറ്റ ജി.എൽ.പി.എസ്. | ഗവ: | 82 | 74 | 156 | 3 | 4 | 7 | 2 | 3 | 5 |
| 5. | വള്ളിക്കാപറ്റ വെസ്റ്റ് എ.എൽ.പി.എസ്. | എയ്ഡഡ് | 58 | 59 | 117 | 4 | 3 | 7 | 4 | 1 | 5 |
| 6. | പി.ടി.യം. എൽ.പി. എസ് ചെല്ലൂർ | എയ്ഡഡ് | 117 | 119 | 236 | - | - | - | 6 | 4 | 10 |
| 7. | എ.എം.എൽ.പി.എസ്. എസ്. പറമ്പാട്ട്പറമ്പ് | എയ്ഡഡ് | 156 | 149 | 305 | 9 | 9 | 18 | 4 | 6 | 10 |
| 8. | എ.എം.എൽ.പി.എസ്. പടിഞ്ഞാറ്റുംമുറി | എയ്ഡഡ് | 54 | 56 | 110 | 2 | 0 | 2 | 5 | 5 | 10 |
| 9. | എ.എം.എൽ.പി.എസ്. പടിഞ്ഞാറ്റുംമുറി ഈസ്റ്റ് | എയ്ഡഡ് | 73 | 74 | 147 | 9 | 9 | 18 | 6 | 6 | 12 |
| 10. | ജി.യു.പി.എസ്. പടിഞ്ഞാറ്റുംമുറി | എയ്ഡഡ് | 284 | 206 | 490 | 11 | 9 | 20 | 9 | 9 | 18 |
| 11. | ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം | ഗവ: | 523 | 488 | 1011 | 52 | 60 | 112 | 20 | 8 | 28 |
| 12. | ജി.യു.പി.എസ്. കൂട്ടിലങ്ങാടി | ഗവ: | 601 | 591 | 1192 | 9 | 0 | 9 | 13 | 16 | 29 |
| 13. | പി.എസ്. കൊഴിഞ്ഞിൽ എം.എം.എസ്.യു. | എയ്ഡഡ് | 336 | 301 | 637 | 14 | 7 | 21 | 9 | 14 | 23 |
| 14. | എഫ്.ഒ.എച്ച്.എസ്. പടിഞ്ഞാറ്റുമുറി | അൺ എയ്ഡഡ് | 66 | 31 | 97 | - | - | - | 6 | 0 | 6 |
| 15. | ജി.എച്ച്.എസ്. മങ്കട പള്ളിപ്പുറം | ഗവ: | 525 | 571 | 1096 | 37 | 48 | 85 | 14 | 11 | 25 |
| | | | 3331 | 3117 | 6448 | 181 | 181 | 362 | 111 | 95 | 206 |

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം വേണ്ടത്ര ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ കുറെ വിദ്യാർത്ഥികൾ മലപ്പുറം, മഞ്ചേരി, മക്കരപ്പറമ്പ എന്നിവിടങ്ങളിലെ ഹൈസ്ക്കൂളുകളെ ആശ്രയിക്കുന്നു. SSLC വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനം നടത്തുന്നതിനാവശ്യമായ മറ്റു സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. മലപ്പുറം ഗവൺമെന്റ് കോളേജ്, മഞ്ചേരി എൻ.എൻ.എസ്. കോളേജ് എന്നിവയാണ് അടുത്തുള്ള കോളേജുകൾ. ഭൂരിഭാഗം കുട്ടികളും മലപ്പുറം മഞ്ചേരി ഭാഗങ്ങളിലുള്ള പാരലൽ കോളേജുകളേയാണ് ഉപരിപഠനത്തിനായി ആശ്രയിക്കുന്നത്.

ഹൈസ്ക്കൂൾ പഠനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കൂട്ടിലങ്ങാടിയിലുള്ള ഗവൺമെന്റ് യു.പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുകയും കൊഴിഞ്ഞിൽ ഭാഗത്ത് ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുകയും വേണം. പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കടുങ്ങൂത്ത്, വെണ്ണക്കോട്, പട്ടിപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്കൂളുകളും ചെലൂർ, വള്ളിക്കാപ്പറ്റ എന്നീ സ്ഥലങ്ങളിൽ യു.പി. സ്കൂളുകളും പുതുതായി അനുവദിക്കുകയും അഞ്ചാതരം നിലവിലുള്ള പടിഞ്ഞാറ്റുംമുറി ഗവൺമെന്റ് എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തുകയും ചെയ്യേണ്ടതാണ്. ഉപരിപഠന സൗകര്യമില്ലാത്ത ഈ പഞ്ചായത്തിൽ ഒരു കോളേജും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കേണ്ടതാണ്.

മങ്കട പള്ളിപ്പുറം ഗവൺമെന്റ് ഹൈസ്ക്കൂളിൽ വോക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് ആരംഭിക്കേണ്ടതാണ്.

24 അംഗൻവാടികൾ കൂട്ടിലങ്ങാടി പഞ്ചായത്തിലുണ്ട്. ഇതിൽ ഒരെണ്ണത്തിനു മാത്രമേ സർക്കാർ വക കെട്ടിടമുള്ളൂ ഒരെണ്ണം സർക്കാരിന് വിട്ടുകൊടുത്ത ഒരു മഹിളാസമാജം കെട്ടിടത്തിലും താത്ക്കാലികമായി പ്രവർത്തിക്കുന്നു. മറ്റുള്ളവയെല്ലാം സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവക്കെല്ലാം സ്വന്തമായി സ്ഥലവും കെട്ടിടവും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കേണ്ടതാണ്. പടിഞ്ഞാറ്റുംമുറി ജി.എൽ.പി. സ്കൂളിൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ ചുമതലയിൽ 1990-91 അധ്യയന വർഷം മുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതാണ് ഈ പഞ്ചായത്തിലെ ഏക പ്രീ പ്രൈമറി വിദ്യാലയം ഇത് സർക്കാർ ഏറ്റെടുത്ത് നടത്തേണ്ടതാണ്.

വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ അത്യന്താപേക്ഷിതമാണ്. എന്നാൽ ഭൂരിപക്ഷം വിദ്യാലയങ്ങളുടേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ പട്ടിക രണ്ടിൽ കാണിച്ചിരിക്കുന്നു.

## പട്ടിക 2
## സ്കൂളുകളിലെ ഭൗതിക സൗകര്യം

| | വിദ്യാലയത്തിന്റെ പേര് | മതിയായ കെട്ടിടം/ ഫർണ്ണിച്ചർ | ലാബ് | ലൈബ്രറി | കക്കൂസ് | മൂത്രപ്പുര | കിണർ/ കുടിവെള്ളം | വൈദ്യുതി | ദൃശ്യശ്രാവ്യ ഉപകരണം | കളിസ്ഥലം | ചുറ്റുമതിൽ | അദ്ധ്യാപക, അനദ്ധ്യാപകരുടെ കുറവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | A.M.L.P.S. മുത്തുക്കുളം | ഉണ്ട് | | ഇല്ല | | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2. | G.L.P.S. പടിഞ്ഞാറ്റും മുറി | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഭാഗികം | ഇല്ല |
| 3. | A.M.N.P.S. വള്ളിക്കാപ്പറ്റ | ഉണ്ട് | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4. | G.N.P.S. വള്ളിക്കാപ്പറ്റ | ഉണ്ട് | | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 5. | A.L.P.S. വള്ളിക്കാപ്പറ്റ | ഉണ്ട് | | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6. | P.T.M.L.P.S. ചെല്ലൂർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7. | A.M.L.P.S. പറമ്പാട്ട്പറമ്പ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 8. | A.M.L.P.S. പടിഞ്ഞാറ്റുംമുറി(വെസ്റ്റ്) | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9. | A.M.L.P.S. പടിഞ്ഞാറ്റുംമുറി(ഈസ്റ്റ്) | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10. | O.U.P.S. പടിഞ്ഞാറ്റുമുറി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11. | G.U.P.S. മങ്കടപള്ളിപ്പുറം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 12. | G.U.P.S. കൂട്ടിലങ്ങാടി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 13. | M.M.S.U.P.S. കൊഴിഞ്ഞിരി | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 14. | G.H.S. മങ്കടപള്ളിപ്പുറം | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | F.O.H.S. പടിഞ്ഞാറെക്കം മുടി | ഉണ്ട് | | | ഉണ്ട് | | | ഉണ്ട് | | ഉണ്ട് | ഉണ്ട് | |

പഞ്ചായത്തിലെ 15 വിദ്യാലയങ്ങളിൽ ആറ് എണ്ണത്തിന് മാത്രമാണ് കക്കൂസ് ഉള്ളത്. മിക്ക വിദ്യാലയങ്ങളിലും ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേകം മൂത്രപ്പുര ഇല്ല. അഞ്ച് വിദ്യാലയങ്ങളിൽ കുടിവെള്ള സൗകര്യമില്ല. കുടി വെള്ളത്തിന് പ്രധാനമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലത്ത് ഇവയിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നു. വൈദ്യുതി ഉള്ള വിദ്യാലയങ്ങൾ മൂന്നെണ്ണം മാത്രമാണ്. സർക്കാർ വിദ്യാലയങ്ങളിൽ ചുറ്റുമതിൽ ഉള്ളത് രണ്ടെണ്ണത്തിനുമാത്രമാണ്. പടിഞ്ഞാറ്റുംമുറി ജി.എൽ.പി. സ്കൂളിന് വടക്കും കിഴക്കും ഭാഗ ങ്ങളിലും കൂട്ടിലങ്ങാടി ഗവൺമെന്റ് യു.പി. സ്കൂ ളിന് പൂർണ്ണമായും ചുറ്റുമതിൽ നിർമ്മിക്കേണ്ട താണ്.

ജില്ലാ പ്രൈമറി വിദ്യാഭ്യാസ പദ്ധതി (DPEP) സർക്കാർ പ്രൈമറി വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഒര ഉദ്ദേശം പരിശ്രമിക്കുന്നുണ്ട്.

**DPEP അനുസരിച്ച് അനുവദിച്ച ഭൗതിക സൗകര്യങ്ങൾ**

| | സ്കൂളിന്റെ പേര് | ക്ലസ്റ്റർ ക്ലാസുമുറി | ക്ലാസ്മുറി | ഇടഭിത്തി | കുടി വെള്ളം |
|---|---|---|---|---|---|
| 1. | GUPS കൂട്ടിലങ്ങാടി | 1 | 3 | - | 1 |
| 2. | GLPS പടിഞ്ഞാറ്റുംമുറി | - | 3 | 3 | കുഴൽ കിണർ |
| 3. | GLPS വള്ളിക്കാപ്പാറ | - | - | 2 | - |
| 4. | GUPS മങ്കട പള്ളിപ്പുറം | - | 8 | - | - |

ഈ പഞ്ചായത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളും DPEP യുടെ അവശ്യ പഠന നിലവാര പദ്ധതിയുടെ (MLL) കീഴിൽ വരുന്നു. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പല പരിപാടികളും ഈ പദ്ധതി അനുസരിച്ച് ആസൂ ത്രണം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് വിദ്യാഭ്യാ സത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിനുള്ള തീവ്ര പരിശ്രമങ്ങൾ വിദ്യാലയങ്ങളിൽ നടന്നു വരുന്നു. ഈ പദ്ധതി അനുസരിച്ച് സ്കൂൾ ഗ്രാന്റായി 2000 രൂപയും പഠനോപക രണ നിർമ്മാണത്തിന് എൽ.പി. വിഭാഗം അദ്ധ്യാ പകർക്ക് ആളൊന്നിന് 500 രൂപ വീതവും നൽകി വരുന്നു.

അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ, മാതൃസമിതികൾ എന്നിവക്ക് ഇന്ന് വിദ്യാഭ്യാസ രംഗത്ത് മുഖ്യ സ്ഥാനമാണ് ഉള്ളത്. സ്കൂളിന്റെ ഭൗതിക അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിനും കുട്ടികളുടെ കഴിവുകൾ ശരി യായ ദിശയിലേക്ക് തിരിച്ചു വിടുന്നതിനും വിദ്യാ ഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിനും ഇവയുടെ പങ്ക് ചെറുതല്ല. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും മാതൃ സമാജവും പ്രവർത്തിക്കുന്നു ണ്ട്. എന്നാൽ സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ സജീവമായി സഹ കരിക്കുന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതി

കൾ സർക്കാർ വിദ്യാലയങ്ങളിലാണ് ഉള്ളത്. കെട്ടിട നിർമ്മാണത്തിന് ഭൂമി, പണം, കുടി വെള്ള സൗകര്യത്തിന് വാട്ടർ ടാങ്ക് ക്ലാസ് മുറികൾക്ക് സീലിംഗ് തുടങ്ങി നിരവധി സൗകര്യങ്ങൾ സ്കൂളിനേർപ്പെടുത്തി കൊടുത്ത പടിഞ്ഞാറ്റുംമുറി ജി.എൽ.പി. സ്കൂൾ PTAയുടെ പ്രവർത്തനം മാതൃകാപരമാണ്. കൂടാതെ PTA നടത്തുന്ന ഒരു പ്രീ.പ്രൈമറി സ്കൂളും ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മങ്കട പള്ളിപ്പുറം ജി.യു.പി. സ്കൂളിന് DPEP പദ്ധതിയിൽ പുതുതായി അനുവദിച്ചു കിട്ടിയ കെട്ടിടത്തിന് വേണ്ട ഭൂമി വിലക്കു വാങ്ങി സർക്കാരിനു നൽകിയ പ്രസ്തുത സ്കൂളിലെ PTA യും അഭിനന്ദനമർഹിക്കുന്നു. കൂട്ടിലങ്ങാടി ജി.യു.പി. സ്കൂൾ PTA എല്ലാവർഷവും ഫർണീച്ചർ റിപ്പയറിന് ആവശ്യമായ ഫണ്ടും സ്കൂൾതല കലാകായിക മത്സരങ്ങൾക്ക് സമ്മാനങ്ങളും നൽകി വരുന്നു.

അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഇനിയും ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ മങ്കട പള്ളിപ്പുറം ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ SSLC വിജയ ശതമാനം താഴെകൊടുക്കുന്നു.

**SSLC പഠനനിലവാരം**

| സ്കൂളിന്റെ പേര് | കൊല്ലം | | | | |
|---|---|---|---|---|---|
| | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| ജി.എച്ച്.എസ് മങ്കട പള്ളിപ്പുറം | 22% | 19% | 18% | 14.5% | 13% |

ഇത് നമ്മുടെ പഞ്ചായത്തിലെ പഠനിലവാര തകർച്ചക്ക് നേരെയുള്ള ഒരു ചൂണ്ടുപലകയാണ്. പ്രൈമറി വിദ്യാലയങ്ങളുടെ നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റുള്ളവയുടേത് ജില്ലാപഞ്ചായത്തുകൾക്കും കൈവന്ന സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വിദ്യാഭ്യാസ നിലവാരതകർച്ച നേരിടുന്നതിന് ഗ്രാമ സഭാ ചർച്ചകളുടേയും സ്ഥാപന മേധാവികളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെയും വെളിച്ചത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. കോംപ്ലക്സുകളുടെ പ്രവർത്തനം ഊർജിതപ്പെടുത്തുക.
2. സ്കൂൾ പ്രവർത്തിദിവസങ്ങൾ ഒരു കാരണവശാലും നഷ്ടപ്പെടാൻ ഇടയാക്കാതിരിക്കുക.
3. സ്കൂളുകളിൽ വർഷാരംഭത്തിനു മുമ്പു തന്നെ അദ്ധ്യാപകരെ നിയമിക്കുക.
4. പാഠം പുസ്തകങ്ങൾ കൃത്യസമയത്ത് വിതരണചെയ്യുകയും വില്ലേജ് തലത്തിൽ വിതരണത്തിന് സംവിധാനമുണ്ടാക്കുകയും വേണം.
5. ഉച്ചഭക്ഷണ പരിപാടി അദ്ധ്യാപക രക്ഷാകർതൃസമിതിയുടേയും ഗ്രാമപഞ്ചായത്തിന്റേയും പരിപൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം.

6. അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ കഴിയുന്നതും വെക്കേഷൻ കാലത്തു നടത്തണം.

7. ഏഴാംതരം വരെ നിർബന്ധമായും മലയാളം ഒന്നാംഭാഗം തന്നെ (Part - I) പഠിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

8. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:3 ആക്കണം.

9. പ്രസവാവധി തുടങ്ങിയ ദീർഘ അവധികളിൽ പകരം അദ്ധ്യാപകരെ നിയമിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അദ്ധ്യാപകരെ നിയമിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകണം.

10. പാഠ്യവിഷയങ്ങൾ ജീവിതഗന്ധിയും തൊഴിലധിഷ്ഠിതവുമായിരിക്കണം.

11. പഞ്ചായത്തിൽ ഏകീകരിച്ച പരീക്ഷാരീതി നടപ്പാക്കണം.

12. എൽ.എസ്.എസ്, യു.എസ്.എസ്. തുടങ്ങിയ സ്കോളർഷിപ്പ് തുകകൾ വർദ്ധിപ്പിക്കണം.

13. ഗ്രാമത്തെക്കുറിച്ചുള്ള ചരിത്രവും ഭൂമിശാസ്ത്രപരവുമായ വിവരങ്ങൾ ലഭ്യമാക്കാനുതകുന്ന പാഠ്യപദ്ധതി ഉണ്ടായിരിക്കണം.

14. സ്കൂളുകളിൽ ആരോഗ്യ വൈദ്യപരിശോധനാ സേവനം ഉറപ്പുവരുത്തുക.

15. എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിനുള്ള പ്രത്യേക പരിപാടി ആവിഷ്കരിക്കുക.

16. ഹൈസ്കൂളിൽ തൊഴിലധിഷ്ഠിത ഉപരി പഠന സൗകര്യങ്ങൾ ഉണ്ടാക്കുക.

17. ദേശീയോത്സവങ്ങൾ എല്ലാവിദ്യാലയങ്ങളും പഞ്ചായത്ത് തലത്തിൽ ചേർന്ന് ആഘോഷിക്കുന്നതിനുള്ള പരിപാടികൾ ഏർപ്പെടുത്തുക.

18. പ്രീ പ്രൈമറി ക്ലാസ്സുകൾ എല്ലാ വിദ്യാലയത്തിലും ആരംഭിക്കുക.

19. അദ്ധ്യാപക അവാർഡ് തുക വർദ്ധിപ്പിക്കുകയും അർഹരായവർക്ക് അഡീഷണൽ ഇൻക്രിമെന്റ് പ്രമോഷൻ എന്നിവ നൽകുകയും വേണം.

20. മാതൃകാ അദ്ധ്യാപകർക്കും, SSLC പരീക്ഷയിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്കും പഞ്ചായത്ത് തലത്തിൽ അവാർഡുകൾ നൽകുക.

21. എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിക്കുക.

22. കൂട്ടിലങ്ങാടി ജി.യു.പി സ്കൂൾ, മങ്കട പള്ളിപ്പുറം, ജി.യു.പി. സ്കൂൾ, മങ്കട പള്ളിപ്പുറം ഗവൺമെന്റ് ഹൈസ്കൂൾ എന്നിവടങ്ങളിലെ സെഷണൽ സമ്പ്രദായം ഒഴിവാക്കുക.

23. സർക്കാർ വിദ്യാലയങ്ങളിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ആവശ്യം വേണ്ട ഫർണിച്ചറുകൾ ലഭ്യമാക്കുക.

24. മുഞ്ഞക്കുളം എ.എം.എൽ.പി. സ്കൂളിന്റെ മുൻഭാഗത്തുകൂടി കടന്നുപോകുന്ന പഞ്ചായത്തുവക റോഡ് സൈഡ് കെട്ടി കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളണം.

25. ചക്കാലകുന്നുവരെ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ പറമ്പാട്ടുപറമ്പ എ.എം.എൽ പി. സ്കൂൾവരെ നീട്ടി സ്കൂളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

26. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന മങ്കട പള്ളിപ്പുറം ജി.യു.പി സ്കൂളിനു വേണ്ട സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

27. സ്വകാര്യ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളുക.

28. വില്ലേജ് എജുക്കേഷൻ കമ്മറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുക.

29. വാർഡ് മെംബർ ചെയർമാനായി വിദ്യാലയ വികസനസമിതി രൂപീകരിച്ച് പ്രവർത്തനം ഊർജിതപ്പെടുത്തുക.

30. സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടികൾ ഊർജിതപ്പെടുത്തുക.

31. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും സ്കൗട്ട്, ഗൈഡ്, കബ്സ്, ബുൾബുൾസ് എന്നിവയും ഹൈസ്കൂളിൽ എൽ.ഡി.സി യും ആരംഭിക്കുക.

32. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും സ്കൗട്ട്, ഗൈഡ്, കബ്സ്, ബുൾബുൾസ് എന്നിവയും ഹൈസ്കൂളിൽ എൻ.സി.സി യും ആരംഭിക്കുക.

32. പടിഞ്ഞാറ്റും മുറിയിൽ ഒഴിഞ്ഞുകിടക്കുന്ന AR ക്യാമ്പിൽ ഒരു പ്രൊഫഷണൽ കോളേജ് (B.Ed). ആരംഭിക്കുക.

*"വിദ്യാധനം സർവധനാൽ പ്രധാനം"*

5 | 5

# കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. 2346 കിണറുകളുള്ളതിൽ 50% വേനൽക്കാലങ്ങളിൽ വറ്റി വരളുന്നവയാണ്. പഞ്ചായത്തിലെ ആകെ വിസ്തൃതിയുടെ പകുതിയോളം പ്രദേശങ്ങളിലും വേനൽകാലങ്ങളിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്നുണ്ട്. കേരള ജല അതോറിറ്റിയുടെ 1985ൽ ആർജിച്ച മൂന്നു പദ്ധതികൾ പഞ്ചായത്ത് അതിർത്തികൾക്കുള്ളിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ 1,2,3,4,5,6,8,9 എന്നീ വാർഡുകളിലായി 5,000 ത്തോളം പേർക്ക് കുടിവെള്ളം ഈ പദ്ധതികളിൽനിന്നു ലഭ്യമാകുന്നുണ്ട്. ഈ പദ്ധതികളിലായി 131 പൊതുടാപ്പും 534 ഗാർഹിക കണക്ഷനുകളും ഉണ്ട്. പഞ്ചായത്തതിർത്തിയായ കടലുണ്ടിപ്പുഴയിൽ നിർമ്മിച്ച മൂന്നു കിണറുകളും പടിഞ്ഞാറ്റുംമുറിയിലുള്ള കുഴൽകിണറുമാണ് പദ്ധതിയുടെ ഉറവിടം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 കുഴൽകിണറുകളാണുള്ളത്. ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ ഈ പദ്ധതികൾ കൊണ്ടു സാധിക്കുന്നില്ല. പദ്ധതികൾ നിലവിൽ വന്നതിനുശേഷം ആവശ്യമായ വിപുലീകരണം നടത്താത്തതാണ് ഈ ദൗർലഭ്യതയ്ക്ക് കാരണം. പഞ്ചായത്തിലെ ഉയരം കൂടിയ പ്രദേശങ്ങളായ പെരിന്താറ്റിരി, ചെലൂർ, വാലുപറമ്പ്, കൊഴിഞ്ഞിൽ ഭാഗങ്ങളിൽ നിലവിൽ യാതൊരു പദ്ധതികളും ചെന്നെത്തിയിട്ടില്ല.

പഞ്ചായത്തിൽ താഴെ പറയുന്ന പ്രദേശങ്ങളിലാണു രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത്.

കൂട്ടിലങ്ങാടി ടൗണും പരിസരവും, മെരുംകുന്ന് മൊട്ടമ്മൽ, മുഞ്ഞക്കുളം, ചിറ്റാടിമ്മൽ, പാറക്കൽ, മൊട്ടക്കുന്ന് പ്രദേശം, തോരപ്പക്കുണ്ട്, ഉന്നംതല, കരിയാട്ടിൽ (വാർഡ് 1) വാളക്കുന്ന്, കവളപ്പാറ, കാരൊള്ളി, കാരാട്ടുപറമ്പ്, തലാപ്പുംപടി (വാർഡ് 2), ചെറപറമ്പ്, കോണോത്തുംമുറി, നീറ്റുപറമ്പ്, കാഞ്ഞിരംകുന്ന്, ചെമ്പ്രാട്ട്, തുറയൻ പുലാക്കൽപടി, കാരപ്പാറ, മേതൃക്കോവിൽ, പുളിക്കൽ ഭാഗം (വാർഡ് 3) മങ്ങാരത്തിൽ, നാറാസ്പടി, പന്നിയങ്കര, പാറക്കുത്ത്, കുമ്മിൽചിറ, നെല്ലിപ്പറമ്പ്, കുറുവാഞ്ചേരി (വാർഡ് 4), വെളുത്തേടത്തുപാറ, അന്ധവിദ്യാലയം, കുരിക്കൾ കോളനി, മഠത്തിൽ തുരുത്ത്, പെരുമ്പുള്ളിക്കുന്ന് (വാർഡ് 5) വെണ്ണക്കോട്, പണിക്കരക്കുണ്ട്, ചീരക്കുഴിമേൽഭാഗം, പട്ടിപറമ്പ്, പുതുവൻപള്ള, പനയൻകുന്ന്, മേലേപള്ളിപ്പുറം, ഹൈസ്കൂൾ പിൻവശം, ആറ്റക്കോറ, കോഴിപറമ്പ് (വാർഡ് 6), വലിയപറമ്പ്, ചെലൂർ ലക്ഷം വീട് കോളനി, കല്ലുവെട്ടുകുഴി,

കാഞ്ഞിരത്തൊടി, കുണ്ടാട്, (വാർഡ് 7) കടുങ്ങുത്ത്, പാറടി, ചോലക്കൽ മേഖല, കീരൻകുണ്ട് (വാർഡ് 8) അമ്മിപ്പടി, കടൂപ്പുറം, കോക്കുന്ന്, കുണ്ടത്തറ, ഊളൻകൊടി (വാർഡ് 9) ലക്ഷം വീട് കോളനി, കോട്ടപള്ള, കൊളപ്പറമ്പ്, വലിയ പറമ്പ് (വാർഡ് 10) മുച്ചിതോടൻ കുളമ്പ്, പാറടി, കുണ്ടാട് (വാർഡ് 11)

## *ശുദ്ധജല സ്രോതസുകൾ*

### പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണർ | മൊത്തം കിണർ |
|---|---|---|---|---|---|
| പൊതുകിണർ | | സ്വകാര്യ കിണർ | | | |
| വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് | വെള്ളം ഉള്ളത് | വെള്ളം ഇല്ലാത്തത് (വേനൽക്കാലത്ത്) | | |
| 9 | 4 | 1122 | 1200 | 11 | 2346 |

### പട്ടിക 2
### K.W.A പദ്ധതികൾ (O.R.W.S.S)

| പൊതുടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
|---|---|
| 131 | 534 |

വിവിധ ഗ്രാമസഭകളിൽനിന്ന് ഉയർന്നു വന്നതായ പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതുമായ നിർദ്ദേശങ്ങളും ഇതിൽ ചേർത്തിരിക്കുന്നു.

## പട്ടിക 3

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ |
|---|---|---|
| 1 | കൂട്ടിലങ്ങാടി ടൗൺ, മെരുവൻ കുന്ന് മൊട്ടമ്മൽ, മുഞ്ഞക്കുളം, പാറക്കൽ, ചിറ്റാടിമ്മൽ, മൊട്ടക്കുന്ന് പ്രദേശം, തൊരപ്പക്കുന്ന്, ഉന്നംതല ,കരിയാട്ടിൽ | ഇപ്പോഴുളുള്ള ശുദ്ധജല വിതരണ പൈപ്പ് ലൈൻ ഈ മേഖലകളിലേക്ക് നീട്ടി സ്ഥാപിക്കണം, ഉന്നം തല, മെരുവൻകുന്ന് എന്നിവിടങ്ങലിൽ ടാങ്ക് സ്ഥാപിച്ച് പാറക്കടവ്, വരുമക്കൽ എന്നിവിടങ്ങലിൽനിന്ന് വെള്ളം പമ്പു ചെയ്യാൻ പമ്പ് ഹൗസ് സ്ഥാപിക്കുക<br>നിലവിലുള്ള രണ്ടു കുഴൽ കിണറുകളിലെ വെള്ളം കുടിവെള്ളാവശ്യത്തിന് ഉപയോഗിക്കാൻ GI പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കുക. |
| 2 | വാളക്കുണ്ട്, കവളപ്പാറ, കാരോടി, കാരാട്ടുപറമ്പ്, തലപ്പുംപടി | 1. കാരാട്ടുപറമ്പിൽ തെക്കുഭാഗത്തു കുഴൽ കിണർ അനുവദിക്കുക.<br>2. പനമ്പറ്റ കടവിൽ കിണർ കുഴിച്ച് പമ്പ് ഹൗസ് സ്ഥാപിക്കുകയും കാരാട്ടു പറമ്പിൽ ടാങ്കു നിർമ്മിക്കുകയും ചെയ്യുക. |
| 3 | ചെരപ്പറമ്പ് ഭാഗം, കോണോത്തും മുറി ഗവ. ആയുർവ്വേദ ഡിസ്പെൻസറി സൈറ്റ് കാഞ്ഞിരം കുന്ന് ഭാഗം, ചെമ്പ്രാട്ടു ഭാഗം, തുറയൽ പിലാക്കൽ, കാരപ്പാറ, മേതൃക്കോവിൽ, പുളിക്കൽ മേഖല | 1. നിലവിലുള്ള പടിഞ്ഞാറ്റുംമുറി ശുദ്ധജല വിതരണ പദ്ധതിയുടെ ലൈൻ നീട്ടി സ്ഥാപിക്കുക.<br>2. കാരപ്പാറ മേതൃക്കോവിൽ ഭാഗത്തു കുഴൽ കിണർ നിർമ്മിക്കുക<br>3. പടിഞ്ഞാറ്റുംമുറി പദ്ധതിയുടെ 8000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്ക് മാറ്റി 2 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുക |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ |
|---|---|---|
| 4 | മങ്ങാരത്തിൽ, നാറാസ്പടി, പന്നിയങ്കര, പറക്കൂത്ത്, കുമ്മിൽച്ചിറ, നെല്ലിപ്പറമ്പ്, കുറുവാഞ്ചേരി | 1. നിലവിലുള്ള പഞ്ചായത്തു കിണറും 2 കുഴൽ കിണറുകളും റിപ്പയർ ചെയ്തു ഉപയോഗപ്രദമാക്കുക.<br>2. പടിഞ്ഞാറ്റുംമുറി ശുദ്ധജല വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ കുടിവെള്ള പ്രശ്നമുള്ള ഭാഗങ്ങളിലേക്കു നീട്ടി സ്ഥാപിക്കുക. |
| 5 | വെളുത്തേടത്തുപാറ, അന്ധവിദ്യാലയം, കുരിക്കൾ കോളനി, മഠത്തിൽ തുരുത്ത്, പെരുമ്പുള്ളിക്കുന്ന് | 1. പടിഞ്ഞാറ്റുംമുറി ശുദ്ധജല വിതരണപദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുക<br>2. കല്ലടക്കടവത്ത് പമ്പ് ഹൗസ് സ്ഥാപിച്ചു, പഞ്ചായത്തിൽ ഏറ്റവും ഉയർന്ന പ്രദേശമായ വാലുപറമ്പിൽ വാട്ടർ ടാങ്ക് നിർമ്മിക്കുക.<br>3. ഈ പ്രദേശത്തു കൂടുതൽ വെള്ളം ലഭിക്കുന്ന സ്ഥലത്തു കിണർ കുഴിച്ച് വെള്ളം പൈപ്പ് ലൈനിലേക്കു നേരിട്ടടിക്കുക |
| 6 | വെണ്ണക്കോട്, പണിക്കര്കുണ്ട്, ചീരക്കുഴിമേൽഭാഗം, പട്ടീപറമ്പ്, പുതുവാൻ പറമ്പ്, പനയാൽകുന്നിന്റെ താഴ്ഭാഗം, മേലെപ്പള്ളിപ്പുറം, ഹൈസ്കൂൾ പിൻവശം, ആറ്റക്കോറ മേൽഭാഗം, കേഴിപറമ്പ് | വാർഡിലെ ഉയർന്ന പ്രദേശത്തു ടാങ്ക് സ്ഥാപിക്കുകയും നിലവിലുള്ള പടിഞ്ഞാറ്റുംമുറിയിലെ പമ്പ് ഹൗസിൽ നിന്നും വെള്ളം എത്തിക്കുകയും ചെയ്യുക |
| 7 | വലിയപറമ്പ്, കല്ലുവെട്ടുകുഴി, ലക്ഷം കോളനി, കാഞ്ഞിരത്തൊടി, കുണ്ടാട്ട്, ഐക്കരപ്പടി, ഒടുവൻപറമ്പ് | 1. നിലവിലുള്ള പഞ്ചായത്തു കിണർ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുക.<br>2. ചെലൂരിൽ കിണർ കുഴിച്ചു പമ്പ് ഹൗസ് സ്ഥാപിക്കുകയും വലിയപറമ്പിൽ ടാങ്ക് നിർമ്മിച്ചു ശുദ്ധജല വിതരണം നടത്തുകയും ചെയ്യുക.<br>3. ശിശു വിഹാർ പരിസരത്തു കുഴൽകിണർ സ്ഥാപിക്കുക |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ |
|---|---|---|
| 8 | കടുങ്ങൂത്ത്, പാറടി, ചോലക്കൽ, കീരൻകുണ്ട് | 1. നിലവിലുള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുക<br>2. ചെറുപുഴയിൽ പമ്പ് ഹൗസ് സ്ഥാപിച്ച് ലക്ഷം വീടു കോളനിയിൽ ടാങ്ക് സ്ഥാപിക്കുക.<br>3. കൂടുതൽ വീടുള്ള ഭാഗങ്ങളിൽ റോഡിന്റ ഇരുഭാഗത്തും പൈപ്പ് ലൈൻ സ്ഥാപിക്കുക |
| 9 | ചെമ്രക്കോട്ട് ചോലയുടെ മുകൾഭാഗം (അമ്മിപ്പടി), ഊളൻകൊടി, കടൂപ്പുറം, കോക്കുന്ന്, കുണ്ടത്തറ | അമ്മിപ്പടിയിലേക്കു പൈപ്പ് ലൈൻ നീട്ടുക. സ്ഥലത്തെ പഞ്ചായത്തു കിണർ താഴ്ത്തി വെള്ളം ലഭ്യമാക്കുക. കുടിവെള്ള ക്ഷാമം നേരിടുന്ന മറ്റു പ്രദേശങ്ങളിലേക്കും പൈപ്പ് ലൈൻ നീട്ടുക. വാഴക്കാട്ടിരി മുതൽ കടൂപ്പുറം ജുമാ മസ്ജിദ് വരെയുള്ള സ്ഥലത്തും ലൈൻ ആവശ്യമാണ്. |
| 10 | ലക്ഷം വീട് കോളനി, പാലേങ്ങൽ, കോട്ടപ്പള്ള, വലിയ പറമ്പ് | 1. വലിയപറമ്പിൽ കുഴൽ കിണർ നിർമ്മിക്കുക. ടാങ്കു നിർമ്മിച്ച് വാർഡു മുഴുവൻ ജലവിതരണം ചെയ്യുക.<br>2. ലക്ഷം വീട് കോളനി, കോട്ടപ്പള്ള എന്നിവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക<br>3. കിണർ നിർമ്മിക്കാനാവശ്യമായ ധനസഹായം എത്തിക്കുക |
| 11 | പാറടി, അങ്ങാടി, കുണ്ടാട്, മൂച്ചിത്തോടൻകുളമ്പ് | 1. ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് പുതിയ ലൈൻ സ്ഥാപിക്കുക.<br>2. പുതിയ കുഴൽ കിണർ നിർമ്മിക്കുക |

## കുടിവെള്ളക്ഷാമ പരിഹാര മാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എല്ലാ ഗ്രാമ സഭകളിൽനിന്നും നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ട്. എല്ലാ വാർഡുകളിലും കുടി വെള്ളം എത്തിക്കുവാൻ നിർദ്ദേശിക്കപ്പെട്ട പദ്ധ തികൾ പരിശോധിക്കുമ്പോൾ നിലവിലുള്ള പദ്ധതികൾ വിപുലപ്പെടുത്തിക്കൊണ്ടും ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ചെറുകിട പദ്ധതികൾ ആരംഭി ച്ച്കൊണ്ടും പഞ്ചായത്തിലെ മൊത്തമുള്ള കുടി വെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും.

1. പടിഞ്ഞാറ്റുംമുറി ശുദ്ധജല വിതരണ പദ്ധതി

പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള പദ്ധതി കളിൽ ഏറ്റവും പ്രധാനപ്പെട്ടത് 1985 ൽ ആരം ഭിച്ച പടിഞ്ഞാറ്റുംമുറി ശുദ്ധജല വിതരണ പദ്ധ തിയാണ്. ഈ പദ്ധതി ഇന്ന് പഞ്ചായത്തിന്റെ 1,2,3,4,5,6,9 വാർഡുകളിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു. എന്നാൽ ജന ങ്ങൾക്ക് ആവശ്യമായ തോതിൽ കുടിവെള്ളം എത്തിക്കാൻ ഈ പദ്ധതികൊണ്ട് ഇപ്പോൾ സാധിക്കുന്നില്ല. ആവശ്യമായ ശുദ്ധജലം ശേഖ രിക്കുന്നതിനും സംഭരിച്ച് വിതരണം ചെയ്യുന്ന തിനും ഉള്ള സംവിധാനത്തിന്റെ അപര്യാപ്ത തയാണ്. ഇന്ന് പമ്പിങ്ങിന് വേണ്ടി ഉപയോഗി ക്കുന്നത് 10 എച്ച്.പി. മോട്ടോറും 80 എം.എം. വ്യാസമുള്ള പമ്പിങ്ങ് കുഴലുകളുമാണ്. വെള്ളം സംഭരിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്നത് 8000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കുമാണ്.. ഇതിന് പകരം 25 എച്ച്. പി. മോട്ടോറും 200 എം.എം. വ്യാസമുള്ള പമ്പിങ്ങ് കുഴലുകളും 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കും സ്ഥാപിക്കുകയും വേണം. ഇത് പ്രാവർത്തിക മാക്കി കഴിഞ്ഞാൽ ഇന്ന് ജലം വിതരണം ചെയ്യ പ്പെടുന്ന പ്രദേശങ്ങൾക്ക് പുറമെ മേൽപറഞ്ഞ വാർഡുകളിലെ കൂട്ടിലങ്ങാടി ടൗണും ചുറ്റു പാടും പ്രദേശങ്ങൾ, മെരുംകുന്ന്, മൊട്ടമ്മേൽ, പാറക്കൽ, ചിറ്റാടിമ്മൽ, മൊട്ടക്കുന്ന് പ്രദേശം, തൊരപ്പകുണ്ട്, ഉന്നംതല, കരിയാട്ടിൽ (വാർഡ് 1), വാളക്കുണ്ട്, കവളപ്പാറ, കാരൊള്ളി, തലാ പ്പുംപടി, (വാർഡ് II) ചെരപ്പറമ്പ്, കൊണോത്തും മുറി, നീറ്റ്പറമ്പ്, കാഞ്ഞിരംകുന്ന്, ചെമ്പാട്ട്, തുറയൽ പിലാക്കൽ കാരപ്പാറ, മേതൃക്കോവിൽ, പുളിക്കൽ ഭാഗം (വാർഡ് III) മങ്ങാരത്തിൽ, നാരാസ്പടി, പന്നിയങ്കര, പാറക്കുത്ത്, കുമ്മിൽചിറ, നെല്ലിപ്പറമ്പ്, കുറുവാഞ്ചേരി (വാർഡ് IV), വെളുത്തേടത്തുപാറ, അന്ധവിദ്യാ ലയം, കുരിക്കൾ കോളനി, മഠത്തിൽ തുരുത്ത്, പെരുമ്പുള്ളിക്കുന്ന് (വാർഡ് 5), വെണ്ണക്കോട്, പണിക്കരക്കുണ്ട്, ചീരക്കുഴി മേൽഭാഗം, പട്ടി പറമ്പ്, പുതുവൻപള്ള, പനയാൽകുന്നിന്റെ താഴ്ഭാഗം, മേലെ പള്ളിപ്പുറം, ഹൈസ്കൂളിന്റെ പിൻവശം, ആറ്റക്കോറ മേൽഭാഗം, കോഴിപറമ്പ് (വാർഡ് 6) വെമ്രക്കോട്ട് ചോലയുടെ മുകൾഭാഗം, ഊളൻകൊടി, കുണ്ടത്തറ ഭാഗം (വാർഡ് 9) എന്നീ ഭാഗങ്ങളിൽ ആവശ്യമായ ശുദ്ധജലം എത്തിക്കാൻ സാധിക്കും.

## 2. കൂട്ടിലങ്ങാടി പദ്ധതി

കൂട്ടിലങ്ങാടിയിൽ നിലവിലുള്ള പദ്ധതി വിപു ലപ്പെടുത്തുന്നതിലൂടെ 1,8,9 വാർഡുകളിൽ നില വിൽ വിതരണം ചെയ്യുന്ന പ്രദേശങ്ങൾക്കു പുറമെ കൂടുതൽ മേഖലകളിലേക്കും XI-ാം വാർഡിലേക്കും ശുദ്ധജലം എത്തിക്കാൻ സാധിക്കും.

## 3. ചെറുകിട ശുദ്ധജല വിതരണ പദ്ധതി (ചെലൂർ)

നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ യാതൊരു പ്രയോജനവും ഇതുവരെ ലഭിക്കാത്ത 7,10 വാർഡുകളിലെ പോരായ്മ പരിഹരിക്കുന്നതിനു വേണ്ടി പുതിയ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

കൂട്ടിലങ്ങാടി പദ്ധതിക്കു വേണ്ടി നിർമ്മിച്ച കിണർ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇതിനാവശ്യമായ ടാങ്ക് ഈ മേഖലകളിലെ ഏറ്റവും ഉയർന്ന പ്രദേശമായ വലിയപറമ്പിൽ സ്ഥാപിച്ചു ശുദ്ധജല വിതരണം ഏർപ്പെടുത്താൻ കഴിയും.

4. പഞ്ചായത്തിലെ II-ാം വാർഡ് കാരാട്ടുപറമ്പിലും X-ാം വാർഡിലെ കോക്കുന്നിലും കുഴൽകിണർ നിർമ്മിച്ചു ഹാൻഡ് പമ്പ് സ്ഥാപിക്കണം.

## കൂട്ടിലങ്ങാടി വില്ലേജിലേക്കുള്ള CARWSS പദ്ധതി

കൂട്ടിലങ്ങാടി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ KWA യുടെ IPD വിഭാഗം ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ സഹായത്തോടെ ഏഴരക്കോടി രൂപയുടെ ചെലവിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, വടക്കാങ്ങര, കൂട്ടിലങ്ങാടി, മങ്കട എന്നീ വില്ലേജുകളിൽ മുഴുവൻ വെള്ളമെത്തിക്കുന്ന പദ്ധതിയുടെ ഒരു ഭാഗമായിട്ടാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതു പുഴയിൽനിന്നും ശേഖരിക്കുന്ന ജലം ശുദ്ധീകരിച്ചതിനുശേഷം ഈ പഞ്ചായത്തിലെ പെരിന്താറ്റിരി എന്ന പ്രദേശത്ത് നിർമ്മിക്കുന്ന 13.99 ലക്ഷം ലിറ്റർ സ്റ്റോറേജ് കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് എത്തിച്ചു വിതരണം ചെയ്യുക എന്നതാണ് മേൽപറഞ്ഞ പദ്ധതി. ഈ പദ്ധതി ത്വരിതഗതിയിൽ നടപ്പാക്കിയ ൽ ഈ പഞ്ചായത്തിലെ മൊത്തത്തിലുള്ള കുടിവെള്ള ക്ഷാമം തീരുന്നതാണ്. അതിനാൽ ഈ പദ്ധതി സമയബന്ധിതമായി കാലതാമസം ഒട്ടുമില്ലാതെ നടപ്പാക്കിക്കിട്ടേണ്ടതാണ്.

## പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. അമിതമായ ഭൂഗർഭജലം ചൂഷണം അവസാനിപ്പിക്കുക. നിലവിലുള്ള സാധാരണ കിണറുകളിലെയും കുളങ്ങളിലെയും വെള്ളം ഇവമൂലം വറ്റി വരളുന്നത് ഇവിടുത്തെ ജനങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്.

2. പഞ്ചായത്തിന്റെ ഏകദേശം മൂന്നു അതിരുകളിലായി ഒഴുകുന്ന കടലുണ്ടിപ്പുഴയ്ക്ക് ഇടയ്ക്കിടെ ഓരോ ചെക്ക് ഡാമുകൾ നിർമ്മിച്ചാൽ ആ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലവിതാനം ഉയർത്താനും അതുവഴി കുടിവെള്ള ക്ഷാമത്തിന് പ്രസ്തുത മേഖലകളിൽ പരിഹാരം കണ്ടെത്താനും സാധിക്കുന്നതാണ്.

# പൊതുജനാരോഗ്യം

ആരോഗ്യരംഗത്തു കൂട്ടിലങ്ങാടി പഞ്ചായത്ത് വളരെയധികം പിന്നോക്കമാണ്. നിലവിൽ ഈ പഞ്ചായത്തിലാകെ ഒരു ആരോഗ്യ കേന്ദ്രവും 5 ഉപകേന്ദ്രങ്ങളും 2 സ്വകാര്യ അലോപ്പതി ക്ലിനിക്കുകളും ഉണ്ട്. ആയുർവേദ രംഗത്ത് ഒരു സർക്കാർ ആശുപത്രിയും 6 സ്വകാര്യ ആയുർവേദ ക്ലിനിക്കുകളുമാണുള്ളത്. ഹോമിയോ രംഗത്ത് മൂന്നു സ്വകാര്യ ക്ലിനിക്കുകളും നിലവിലുണ്ട്. സർക്കാർ അലോപ്പതി, ആയുർവേദ ആശുപത്രികളിലായി മൊത്തം 20 ജീവനക്കാരാണു പ്രവർത്തിക്കുന്നത്. കേരളത്തിലറിയപ്പെടുന്ന മനോരോഗ ചികിത്സാകേന്ദ്രമായ 'പൂങ്കുടിൽമന' ഈ പഞ്ചായത്തിലാണു സ്ഥിതി ചെയ്യുന്നത്.

## പട്ടിക 1

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം | I | 9 |
| 2 | സബ്-സെന്റർ (ഉന്നംതല) | I | 1 |
| 3 | സബ്-സെന്റർ (വള്ളിക്കാവറ്റ) | V | 1 |
| 4 | സബ്-സെന്റർ (പെരിന്താറ്റിരി) | VII | 1 |
| 5 | സബ്-സെന്റർ (കുണ്ടാട്) | VII | 1 |
| 6 | കുടുംബക്ഷേമ കേന്ദ്രം (മങ്കട പള്ളിപ്പുറം) | VI | 2 |
| 7 | ആയുർവേദ ഡിസ്പെൻസറി (പടിഞ്ഞാറ്റും മുറി) | III | 5 |

പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള ഒരവലോകനം പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 2

## ആരോഗ്യസൂചകങ്ങൾ

| നമ്പർ | സൂചകങ്ങൾ | കേരളം | കൂട്ടിലങ്ങാടി |
|---|---|---|---|
| 1 | ജനസംഖ്യ | 2,90,99,000 | 27,684 |
| 2 | ജനസാന്ദ്രത | 747 ച.കി.മീ | 1324 ച.കി.മീ |
| 3 | ജനനനിരക്ക് | 17 | 23.8 |
| 4 | മരണനിരക്ക് | 5.9 | – |
| 5 | ശിശുമരണനിരക്ക് | 16 | 4.8 |
| 6 | മാതൃമരണനിരക്ക് | 1ൽ താഴെ | 0 |
| 7 | വികലാംഗ നിരക്ക് | – | 0.65 |

ഇത്രയേറെ സ്ഥാപനങ്ങൾ ഈ പഞ്ചായത്ത തിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആരോഗ്യരംഗത്ത് അതിനനുസരിച്ചുള്ള മേൻമ കണ്ടുവരുന്നില്ല. നിലവിലുള്ള ആശുപത്രിക ളുടെ പ്രവർത്തനം ശോചനീയമായതാണ് ഇതിനു കാരണം. പത്തുപേരെയെങ്കിലും കിടത്തി ചികിത്സിക്കാൻ സൗകര്യം വേണ്ട പ്രാഥമികാരോഗ്യകേന്ദ്രം യാതൊരു സൗക ര്യവും ഇല്ലാതെ വാടക കെട്ടിടത്തിലാണു പ്രവർത്തിക്കുന്നത്. തന്നിമിത്തം ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ജനങ്ങൾക്കു ലഭ്യമാ ക്കാൻ സാധിക്കാതെ പോകുന്നു. ചികിത്സാ സൗകര്യങ്ങൾക്കുവേണ്ടി ജനങ്ങൾക്ക് 10 കി.മീ. എങ്കിലും സഞ്ചരിക്കേണ്ടതായി വരുന്നു.

പഞ്ചായത്തിലെ ഏക ആയുർവ്വേദ ചികിത്സാ കേന്ദ്രമായ പടിഞ്ഞാറ്റുംമുറിയിലെ ഗവ. ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്ത മായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്തതി നാൽ വാടകക്കെട്ടിടത്തിലാണു പ്രവർത്തിക്കു ന്നത്.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ല. 24 മണി ക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കണം. ഫീൽഡ് വർക്കർമാരുടെ പ്രവർത്തനം കൂടു തൽ കാര്യക്ഷമമാക്കണം.

## കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ചു പ്രതിപാദി ക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാ ന്യമർഹിക്കുന്ന കാര്യമാണു ശുചിത്വം. പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ടത് കക്കൂസാണ്. പഞ്ചായത്തിലെ 5581 വീടുകളിൽ 2986 വീടുകളിലാണു കക്കൂസുകൾ ഉള്ളത് (ഏകദേശം 50%ൽ അധികം)

ഇങ്ങനെ കക്കൂസുകളുടെ കുറവുകാരണം വിരശല്യം വയറിളക്ക രോഗങ്ങൾ മുതലായവ ഈ പഞ്ചായത്തിൽ മൊത്തത്തിൽ കണ്ടുവ രുന്നു.

ഗ്രാമസഭകളിൽ വന്ന ചർച്ചകളുടെ അടി സ്ഥാനത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനു ഭവപ്പെടുന്ന പ്രയാസങ്ങളും അവയ്ക്കുള്ള പരി ഹാരങ്ങളും താഴെ പറയുന്ന പ്രകാരമാണ്.

സാമ്പത്തിക പരാധീനത, സ്ഥല പരിമിതി, കക്കൂസിന്റെ ആവശ്യകതയെക്കുറിച്ചു വേണ്ടത്ര ബോധമില്ലായ്മ എന്നിവയാണ് അവ.

ഇവയിൽ സാമ്പത്തിക പരാധീനതയ്ക്ക് പരി ഹാരമായി സർക്കാർ, അർദ്ധ സർക്കാർ സ്ഥാപ നങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ യുടെ സഹായത്തോടെ സാമ്പത്തിക സമാഹ രണം നടത്താവുന്നതാണ്. സ്ഥല പരിമിതി പ്രധാനമായും കണ്ടുവരുന്നത് ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിലാണ്. അതിനു പരി ഹാരമായി പൊതുവായ സെപ്റ്റിക്ക് ടാങ്ക് നിർമ്മിച്ചു പ്രശ്നം പരിഹരിക്കാൻ സാധിക്കു ന്നതാണ്.

ആരോഗ്യ ബോധവൽക്കരണയൂണിറ്റി ന്റെയും ആരോഗ്യപ്രവർത്തകരുടെയും ഉദ്യോ ഗസ്ഥന്മാരുടെയും കൂട്ടായ ബോധവൽകരണ പ്രവർത്തനത്തിലൂടെയും കക്കൂസുകളുടെ ആവശ്യകത ബോധ്യപ്പെടുത്താവുന്നതാണ്. ഇതിനായി ചർച്ചാ ക്ലാസുകളും മറ്റും സംഘടി പ്പിക്കേണ്ടതാണ്.

## പരിസര ശുചിത്വം

പഞ്ചായത്തിൽ പരിസര മലിനീകരണം കൂടു തലായി അനുഭവപ്പെടുന്നില്ല. വ്യവസായ സ്ഥാപനങ്ങൾ കൂടുതലായി ഇല്ലാത്തതിനാൽ അതിനോടനുബന്ധിച്ച മലിനീകരണങ്ങളും ഇല്ല. എങ്കിലും ടൗൺ പ്രദേശങ്ങളിൽ ഹോട്ടലുക ളിൽനിന്നും മറ്റുമായി റോഡിലേയ്ക്കു മലിന ജലം ഒഴുക്കി വിടുന്നതുമൂലം കൂട്ടിലങ്ങാടി ടൗണിൽ മലിനീകരണം രൂക്ഷമായി അനുഭവ പ്പെടുന്നു. ഇതുമൂലം കൊതുകു ശല്യം കൂടുത ലാണ്.

കൂടാതെ വീടുകളുടെ പരിസര ശുചിത്വമി ല്ലായ്മ മലിനീകരണത്തിനു മറ്റൊരു കാരണ മാണ്. അറവുശാലകൾ ശാസ്ത്രീയമായി നിർമ്മിക്കാത്തതും വേണ്ട രീതിയിൽ ശുചിത്വ ത്തോടെ ഉപയോഗിക്കാത്തതും കശാപ്പിനുശേ ഷമുള്ള അവശിഷ്ടങ്ങൾ വേണ്ട രീതിയിൽ സംസ്കരിക്കാത്തതും പരിസര മലിനീകരണ ത്തിനു മറ്റൊരു ഹേതുവാകുന്നു.

## പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ മൂന്ന് മേഖല യായി തിരിച്ച് മൂന്ന് PHCകൾ ആരംഭിക്കുക അങ്ങനെ തുടങ്ങുന്ന PHC കളിൽ 24 മണി ക്കൂറും ഡോക്ടർമാരുടെ സേവനം ഉണ്ടാവേ ണ്ടതുണ്ട്. അവിടെ രോഗനിർണ്ണയത്തിനും കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കണം.

2. നിലവിലുള്ള PHC വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതിന് പരിഹാരമായി ഇപ്പോൾ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള എ.ആർ കേമ്പിനുവേണ്ടി നിർമ്മിച്ച ഒഴിഞ്ഞു കിടക്കുന്ന കെട്ടിടത്തിലേക്ക് നിലവിലുള്ള PHC മാറ്റി സ്ഥിരമായി സ്ഥാപിക്കുക.

3. മുഴുവൻ വാർഡുകളിലും ഓരോ സബ് സെന്ററുകൾ സ്ഥാപിക്കുക

4. സർക്കാർ ആയുർവേദ ആസ്പത്രി നില വിൽ വന്നതുമുതൽ വാടക കെട്ടിടത്തിലാണ് നടത്തുന്നത്. ഈ ആസ്പത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സൗജന്യ മായി ലഭിച്ച സ്ഥലത്ത് തറ നിർമ്മാണം പൂർത്തി യാക്കിയിട്ട് വർഷങ്ങളായി. ഈ കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാക്കുകയും രോഗി കളെ കിടത്തി ചികിത്സിക്കുവാനുള്ള സംവി ധാനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉണ്ടാ ക്കുകയും വേണം.

5. വിദ്യാലയങ്ങളിൽ എല്ലാ മാസങ്ങളിലും രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി ബോധവൽക്കരണ ക്ലാസ്സുകൾ ഏർപ്പെടുത്തുക.

6. വിദ്യാർത്ഥികൾക്കു പ്രതിമാസം ആരോഗ്യ പരിശോധന നടത്തുക.

7. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.

8. പൊതുശ്മശാനം പഞ്ചായത്തിൽ അനു യോജ്യമായ സ്ഥലങ്ങളിൽ അനുവദിക്കുകയും നിലവിലുള്ളവയുടെ ശോചനീയാവസ്ഥ പരി ഹരിക്കുകയും ചെയ്യുക.

9. നിലവിലുള്ള സബ് സെന്ററുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുക.

10. പ്രതിരോധ കുത്തിവെപ്പിലൂടെ തടയാൻ പറ്റുന്ന രോഗങ്ങളിൽ നിന്നു ഘട്ടംഘട്ടമായി പഞ്ചായത്തിനെ മുക്തമാക്കുക.

11. ഇപ്പോൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങ ളില്ലാത്ത വാർഡുകളിൽ പ്രതിരോധ കുത്തിവെ പ്പുകൾക്ക് സൗകര്യപ്പെടുത്തുക.

## സ്പെഷ്യാലിറ്റി ആശുപത്രി

പടിഞ്ഞുറ്റുംമുറിയിൽ ഒഴിഞ്ഞു കിടക്കുന്ന ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള എ.ആർ.ക്യാമ്പിനുവേണ്ടി നിർമ്മിച്ച കെട്ടിടം ഉപ യോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടെ ഒരു സ്പെഷലൈസ്ഡ് ആശുപത്രി ഉണ്ടാ ക്കുക.

12. മേക്കുളമ്പിൽ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

13. പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും കക്കൂസുകൾ നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

14. ടൗൺ ശുചീകരണ പ്രക്രിയ കാര്യക്ഷമ മാക്കുക.

15. ശുചീകരണത്തിൽ ബോധവത്കരണം നട ത്തുക.

5-6

# ഗതാഗതവും ഊർജ്ജവും

ഈ പഞ്ചായത്ത് രൂപീകൃതമായ 1964ൽ പഞ്ചായത്തിന്റെ തെക്കുഭാഗത്തു കൂടെ കടന്നു പോകുന്ന പെരിന്തൽമണ്ണ - മലപ്പുറം റോഡും വടക്കുഭാഗത്തു കൂടി കടന്നു പോകുന്ന തിരൂർക്കാട് ആനക്കയം റോഡും മാത്രമെ ടാർ ചെയ്ത റോഡുകളായി ഉണ്ടായിരുന്നുള്ളു. അന്നു പഞ്ചായത്തിന്റെ ആസ്ഥാനം തെക്കെ അറ്റത്തുള്ള കൂട്ടിലങ്ങാടി ആയിരുന്നു. കാൽനടയായി സഞ്ചരിച്ചായിരുന്നു പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എട്ടുപത്തു കിലോ മീറ്റർ താണ്ടി ജനങ്ങൾ ആ സ്ഥാനത്ത് എത്തിയിരുന്നത്. വള്ളിക്കാപറ്റ മുതൽ കൂട്ടിലങ്ങാടിവരെ മലബാർ ഡിസ്ട്രിക്ട് ബോർഡ് നിർമിച്ച ഏഴു കിലോമീറ്റർ ദൈർഘ്യം വരുന്ന ഒരു ചെമ്മൺ പാതയും പഞ്ചായത്തിൽ ഉണ്ടായിരുന്നു. 1971-72ൽ ഈ റോഡ് PWD ഏറ്റെടുക്കുകയും വള്ളിക്കാപറ്റ തോടിനു കുറുകെ പാലം നിർമിച്ചുഗതാഗത യോഗ്യമാക്കുകയും ചെയ്തു. 1978ൽ ഈ റോഡ് ടാർ ചെയ്യുകയും ബസ് സർവ്വീസ് ആരംഭിക്കുകയും ചെയ്തു. പിന്നീടു പഞ്ചായത്തിലുള്ള വിവിധ വികസന പദ്ധതികളുടെ ഭാഗമായി നാനാ ഭാഗങ്ങളിലേക്കും ഏറെ റോഡുകൾ ഉണ്ടായി. ഇവയിൽ പലതും ടാർ ചെയ്തിട്ടുള്ളതാണ്. കുറെ റോഡുകൾ മെറ്റൽ ഇടുന്നതിനും ടാർചെയ്യുന്നതിനും ബാക്കിയുണ്ട്. ടാർ ചെയ്ത റോഡുകൾ ചിലത് അറ്റകുറ്റ പണി നടത്താത്തതിനാൽ ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്. കൂടാതെ മൺപാതകൾ ഇനിയും ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്.

20.91 ച.കി.മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ ഏകദേശം 66.187 കി.മീ. ഗതാഗത യോഗ്യമായ റോഡുണ്ട്. ഒരു ച.കി.മീ. വിസ്തീർണ്ണത്തിന് 3.1 കി.മീ. റോഡ് സംസ്ഥാന ശരാശരിയായ 3.2KM/ ച.കി.മീ ൽ നിന്നും താഴെയാണ് ഇത്. ആകെ ടാർ ചെയ്ത റോഡ് 42.75 കി.മീ. ആണ്.

ഈ പഞ്ചായത്തിൽ ഒറ്റ ബസ് ടെർമിനലും ഇല്ല. ഓട്ടോ ടാക്സി സ്റ്റാൻഡുകൾ ഇല്ല. വള്ളിക്കാപറ്റ, പടിഞ്ഞാറ്റുംമുറി, കൂട്ടിലങ്ങാടി എന്നീ കേന്ദ്രങ്ങളിൽ ഓരോ ഓട്ടോ ടാക്സി സ്റ്റാൻഡുകൾ ഉണ്ടാകേണ്ടത് ഗതാഗത സൗകര്യത്തിനും വികസനത്തിനും അത്യാവശ്യമാണ്. ഈ പഞ്ചായത്തിൽ റെയിൽ ഗതാഗതവും ജല ഗതാഗതവും ഇല്ല.

ഇരുമ്പുഴി, കാട്ടുങ്ങൽ, മുണ്ടുപറമ്പ്, എന്നീ പ്രദേശങ്ങളുമായി ജനങ്ങൾ ബന്ധപ്പെടുന്നത്

കടലുണ്ടിപ്പുഴയിലെ യഥാക്രമം പനമ്പറ്റ, കുണ്ടംകടവ് പത്താരക്കൽ എന്നീ കടവുകൾ വഴിയാണ്. കുണ്ടം കടവിൽ ഒരു നടപ്പാലം കടലുണ്ടിപ്പുഴയ്ക്കു കുറുകെ നിർമ്മിക്കുകയാണെങ്കിൽ ഈ മൂന്നുകടവ് ഉപയോഗിക്കുന്നവർക്കും കൂടി പ്രയോജനപ്പെടുത്താൻ കഴിയും.

## പ്രശ്നങ്ങൾ

I. ടാർ റോഡുകളുടെ പ്രശ്നങ്ങൾ:-

നിലവിലുള്ള ടാർ റോഡുകളിൽ ഓടകളും കലുങ്കുകളും ഇല്ലാത്ത സ്ഥലത്ത് അവ നിർമിക്കേണ്ടത് അത്യാവശ്യമാണ്. ഇവ ഇല്ലാത്തതിനാൽ റോഡുകൾക്ക് വളരെ വേഗം കേടുപാടുകൾ സംഭവിക്കുകയും അപകട സാധ്യത കൂടുകയും ചെയ്യുന്നു. ഉയരം കുറവുള്ള പ്രദേശങ്ങളിൽ റോഡ് ഉയർത്തേണ്ടത് ആവശ്യമാണ്. ഉയരമില്ലാത്തതുകൊണ്ട് വർഷക്കാലത്ത് വെള്ളം കയറുന്ന പ്രശ്നങ്ങളുമുണ്ട്.

ടാർ ചെയ്ത റോഡുകളിൽ റിപ്പയർ ചെയ്യേണ്ട റോഡുകൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. (ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങളെ ആസ്പദമാക്കി-കോഡ്നമ്പർ, ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കം വാർഡിൽ റോഡിന്റെ മുൻഗണനയെയും സൂചിപ്പിക്കുന്നു)

| ക്രമ നമ്പർ | കോഡ്നമ്പർ | വാർഡ് | റോഡിന്റെ പേര് | ചെയ്യേണ്ട ജോലികൾ |
|---|---|---|---|---|
| 1. | P.W.D. | V | വള്ളിക്കാപ്പറ്റ ചേപ്പൂർറോഡ് | സൈഡ് കെട്ടി ഓടനിർമ്മിക്കുക കാവുംപുറം ഭാഗത്ത് റോഡ് ഉയർത്തി വെള്ളം കെട്ടി നിൽക്കുന്നത് തടയുക |
| 2. | P.W.D | | വള്ളിക്കാപ്പറ്റ-കൂട്ടിലങ്ങാടി | വീതി കൂട്ടുക-വളവുകൾ കുറക്കുക. ഓടകൾ നിർമ്മിക്കുക. പള്ളിപ്പുറം പാടഭാഗത്ത് കൂടിയുള്ള റോഡ് ഉയർത്തുക. |
| 3. | P.W.D. | V | തിരൂർക്കാട്-ആനക്കയം | വള്ളിക്കാപറ്റ-കാഞ്ഞ മണ്ണ ഭാഗം വെള്ളംകയറുന്ന സ്ഥലം ഉയരം കൂട്ടുക. |
| 4. | P.W.D. | I, VIII | പെരിന്തൽമണ്ണ മലപ്പുറം | കൂട്ടിലങ്ങാടി മുതൽ കാച്ചിനിക്കാട് വരെ ഉയരം കൂട്ടുക. |
| 5. | 0501 | V | ബ്ലൈൻഡ് സ്കൂൾ റോഡ് | റീ ടാറിംഗ്, ഓട നിർമ്മാണം |
| 6. | 0901, 1001 | IX, X | മൊട്ടമ്മൽ കൊളപ്പറമ്പ് റോഡ് | സൈഡ് കെട്ടി വീതി കൂട്ടുക ഓടകൾ നിർമിക്കുക |
| 7. | 0801,0902 | VIII, IX | കൂട്ടിലങ്ങാടി-പെരിന്താറ്റി റോഡ് | കൂട്ടിലങ്ങാടി മുതൽ പാറടി വരെയുള്ള ഭാഗം ഉയർത്തുക |

II. മെറ്റലും ടാറും ചെയ്യേണ്ട റോഡുകൾ

വിവിധ പദ്ധതികളിൽ നിർമിച്ചിട്ടുള്ള കുറെ റോഡുകൾ ഉണ്ടെങ്കിലും ഇവയിൽ പലതും ഗതാഗതയോഗ്യമല്ല. ഇവ മെറ്റലും ടാറും ചെയ്ത് ഗതാഗതയോഗ്യമാക്കിയെങ്കിലെ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ. ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളുൾക്കൊള്ളുന്നവയുമാണിത്.

## മെറ്റലും ടാറും ചെയ്യേണ്ട റോഡുകളുടെ പട്ടിക

| ക്രമ നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 0101 | I | മെരുംകുന്ന്-മുഞ്ഞക്കുളം പുഴക്കടവ് റോഡ് | 0.5 | 5 | പുഴയോട് അടുത്തു മെറ്റലും ടാറും ചെയ്യാൻ ബാക്കിയുള്ള ഭാഗം |
| 2. | 0102 | I | ഉന്നംതല-ഹെൽത്ത് സെന്റർ | 0.5 | 5 | |
| 3. | 0103 | I | നെച്ചിക്കുറ്റി-പറമ്പിൽ തൊടി | 0.5 | 4 | |
| 4. | 0104 | I | മൊട്ടക്കുന്ന് - ഓളിക്കൽ | 0.5 | 4 | |
| 5. | 0201 | II | ബാങ്ക്പടി-പുഴക്കടവ് റോഡ് | 0.75 | 8 | പുഴയുടെ ഭാഗത്ത് ബാക്കിയുള്ളത് |
| 6. | 0202 | II | പത്താരക്കൽ കുണ്ടംകടവ് | 1.25 | 4 | |
| 7. | 0203 | II | പനമ്പറ്റ-പട്ടിക്കുത്ത് | 1.50 | 4 | |
| 8. | 0204 | II | തലാപ്പുംപടി കാരാട്ടുപറമ്പ് | 1.00 | 4 | |
| 9. | 0205 | II | കവളപ്പാറ മുക്കിൽ റോഡ് | 0.75 | 4 | |
| 10. | 0206 | II | കാരാട്ടുപറമ്പ് വെനക്കൽ | 1.00 | 4 | |
| 11. | 0207 | II | കാവിൽകുത്ത് | 0.75 | 4 | |
| 12. | 0208 | II | പടിഞ്ഞാറേകുണ്ട് | 0.20 | 4 | |
| 13. | 0301 | III | വെള്ളുത്തേമന പ്പടി റോഡ് | 3.00 | 6 | |
| 14. | 0302 | III | തിരുത്തുപറമ്പ് മേതൃക്കോവിൽ പുഴക്കടവ് | 2.00 | 4 | ബാക്കിയുള്ള ഭാഗം |
| 15. | 0303 | III | പനമ്പറ്റ പടിഞ്ഞാറ്റുംമുറി | 0.5 | 6 | |

| ക്രമ നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|---|
| 16. | 0304 | III | തിരുത്തുപറമ്പ്-കാഞ്ഞിരംപോക്ക് | 1.0 | 4 | |
| 17. | 0305 | III | ബാങ്കുംപടി-പാലപറമ്പ് | 0.4 | 4 | |
| 18. | 0306 | III | കാരാട്ടുപറമ്പ് അമ്പലപ്പടി | 1.0 | 4 | |
| 19. | 0307 | III | ചെമ്പ്രാട്ട് റോഡ് | 0.5 | 5 | |
| 20. | 0308 | III | പാലേങ്ങൽ പടി-പള്ളിയാൽ | 0.5 | 5 | |
| 21. | 0309 | III | പട്ടിയിൽ പറമ്പ്-ഹരിജൻ കോളനി | 1.5 | 8 | |
| 22. | 0401 | IV | വള്ളിക്കാപ്പറ്റ- വി.പി.മുക്ക് | 0.75 | 6 | |
| 23. | 0402 | IV | പള്ളിപ്പുറം-നെല്ലിപറമ്പ് റോഡ് | 1.5 | 4 | |
| 24. | 0403 | IV | പള്ളിപ്പുറം-മുണ്ടേങ്ങൽ ഹരിജൻ കോളനി | 1.0 | 4 | ബാക്കിയുള്ള ഭാഗം |
| 25. | 0404 | IV | കാഞ്ഞമണ്ണ നെല്ലിപ്പറമ്പ് | 1.0 | 4 | കാഞ്ഞമണ്ണയിൽ പാലം വരെ |
| 26. | 0405 | IV | ഹൈസ്കൂൾ, കുമ്മിൽച്ചിറ | 2.0 | 4 | |
| 27. | 0406 | IV | നാറസ്പടി-കക്കാട്ട് അമ്പലം | 1.0 | 4 | |
| 28. | 0501 | V | കുമ്മിൽച്ചിറ-ബ്ലൈൻസ് സ്കൂൾ പടി | 0.5 | 5 | |
| 29. | 0502 | V | ചെക് പോസ്റ്റ് ചേപ്പൂർ റോഡ് | 0.15 | 5 | കൂട്ടിലങ്ങാടി പഞ്ചായത്തിൽ പെട്ടഭാഗം |
| 30. | 0503 | V | പൂകുടിൽ മനപ്പടി-കൂർക്കൻനെറു | 0.5 | 4 | |
| 31. | 0601 | VI | പള്ളിപ്പുറം, ചീരക്കുഴി മേലെപള്ളിപ്പുറം | 2.0 | 4 | |
| 32. | 0602 | VI | ഹൈസ്കൂൾപടി, ചീരകുഴി | 1.0 | 4 | |
| 33. | 0603 | VI | വെണ്ണക്കോട്, മേലേ പള്ളിപ്പുറം | 0.75 | 4 | |
| 34. | 0604 | VI | അമ്പലപ്പടി-ആക്കംകുളം | 0.75 | 4 | |

| ക്രമ നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | നീളം കി.മീ. | വീതി മീ. | റിമാർക്സ് |
|---|---|---|---|---|---|---|
| 35. | 0605 | VI | മുളവൻ കുന്ന്-ഹരിജൻ കോളനി | 0.5 | 4 | |
| 36. | 0606 | VI | പിട്ടയിൽ പറമ്പ്-പനയാകുന്ന് | 0.5 | 4 | |
| 37. | 0701 | VII | ആലുംകുന്ന-ലക്ഷംവീട് കോളനി | 0.6 | 5 | |
| 38. | 0702 | VII | ആലുംകുന്ന-നേഴ്സറി | 0.5 | 5 | |
| 39. | 0703 | VII | സ്കൂൾപടി-വടക്കേകാട് | 1.0 | 4 | |
| 40. | 0704 | VII | അത്തിക്കാപറമ്പ്-വലിയപറമ്പ് | 1.5 | 4 | |
| 41. | 0705 | VII | ഐക്കരപടി-ഹരിജൻ കോളനി | 1.0 | 4 | |
| 42. | 0706 | VII | അക്കരമ്മൽ-കല്ലുവെട്ടിക്കുഴി | 0.75 | 4 | |
| 43. | 1001 | X | ഹൈദ്രുപടി-മുള്ളൻമട | 2.0 | 4 | |
| 44. | 1002 | X | കൊളപ്പറമ്പ്-കല്ലുവെട്ടുകുഴി | 2.0 | 4 | |
| 45. | 1003 | X | കൊളപ്പറമ്പ-വെണ്ണ | 2 | 4 | |
| 46. | 1004 | X | ഹൈദ്രുപടി-ആശാരിക്കോളനി | 0.25 | 4 | |
| 47. | 1005 | X | കൊളപ്പറമ്പ്-പാറക്കര | 1 | 4 | |
| 48. | 1006 | X | പുളക്കപറമ്പ്-തലാപ്പിൽ തൊടി | 1 | 3 | |
| 49. | 0801 | VIII | കടുങ്ങൂത്ത്-പുതുമനപാറടി | 1.5 | 4 | |
| 50. | 0801 | VIII | പാറടി-കീരൻകുണ്ട് | 1.0 | 4 | |
| 51. | 1101 | XI | കക്കാട്-കൊയപ്പയിൽ പടി | 1.0 | 4 | |
| 52. | 1102 | XI | കുണ്ടാട്-കൊയപ്പയിൽ പടി | 1.0 | 4 | |

## പാലങ്ങൾ

കടലുണ്ടിപ്പുഴ ഈ പഞ്ചായത്തിന്റെ അതിരിലൂടെ ഒഴുകുന്നതുകൊണ്ടും തോടുകൾ ധാരാളം ഉള്ളതുകൊണ്ടും നിലവിലുള്ള പാലങ്ങൾക്കു പുറമെ പുതിയ പാലങ്ങൾ ഉണ്ടാകാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സുഗമമായ ഗതാഗതം സാധ്യമാവുകയില്ല.

ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളെ ആസ്പദമാക്കി - അത്യാവശ്യമായി നിർമിക്കേണ്ട പാലങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | കോഡ് | വാർഡ് | പുഴയുടെ/ തോടിന്റെ പേര് | പാലം ആവശ്യമുള്ള സ്ഥലം | റിമാർക്സ് |
|---|---|---|---|---|---|
| 1. | 0501 | V | വള്ളിക്കാപറ്റ-കാഞ്ഞമണ്ണ തോട് | കാഞ്ഞമണ്ണ | പള്ളിപ്പുറത്തു നിന്ന് റോഡ് ഇതുവരെ വന്നു നിൽക്കുന്നു. |
| 2 | 0401 | IV | വള്ളിക്കാപറ്റ-കാഞ്ഞമണ്ണ തോട് | കുമ്മിൽ ചിറ | അപ്രോച്ച് റോഡ് രണ്ട് ഭാഗത്തും ഉണ്ട് |
| 3 | 0201 | II | കടലുണ്ടിപ്പുഴ | പടിഞ്ഞാറേക്കുണ്ട് കുണ്ടം കടവ് | ഏതാണ്ട് പുഴ വരെ ഇപ്പോൾ റോഡുണ്ട്. പടിഞ്ഞാറ്റുംമുറിയേയും ഇരുമ്പുഴിയേയും ബന്ധിപ്പിക്കുന്ന ദൂരം നാലിലൊന്നായി കുറയും |

## പുതിയ റോഡുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗതാഗതം ഇപ്പോഴും ദുരിത പൂർണമാണ്. അതിനാൽ നിലവിലുള്ള ഇടവഴികളും ചവിട്ടുപാതകളും റോഡുകളാക്കണമെന്നു ഗ്രാമസഭകളിൽ പൊതുവായി ഉയർന്നുവന്നിട്ടുള്ള ആവശ്യം ന്യായമാണ്. ഇതിനു വളരെ ഭാരിച്ച ചെലവു വരുമെങ്കിലും ഓരോ ഗ്രാമസഭയും അതാതുസ്ഥലത്തെ റോഡുകൾക്ക് ആവശ്യമായി വരുന്ന സ്ഥലവും റോഡുനിർമ്മാണത്തിനു വരുന്ന ചെലവിൽ 25%ൽ കുറയാത്ത മാനവ ശേഷിയും നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത് പ്രതീക്ഷ നൽകുന്ന കാര്യമാണ്.

ഗ്രാമ സഭകളിൽ ഉയർന്നുവന്നിട്ടുള്ള ആവശ്യങ്ങളെ ആസ്പദമാക്കി പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| നമ്പർ | കോഡ് | വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം.കി.മീ. |
|---|---|---|---|---|
| 1 | 0101 | 1 | മെരുവിൻകുന്ന്-നെച്ചികുറ്റി റോഡ് | .5 |
| 2. | 0102 | 1 | ഉന്നംതലപുളിയപ്പറമ്പ്-വരുമക്കൽ | .6 |
| 3. | 0103 | 1 | ഓളിക്കൽ-പടിഞ്ഞാറ്റുംമുറി | 1.0 |
| 4. | 0104 | 1 | കൊടപ്പനകല്ല്-ഓളിക്കൽ കടവ് | .75 |
| 5. | 0105 | 1 | മുഞ്ഞകുളംപറമ്പിൽ തൊടി-തെക്കേ തൊടി പട്ടിയിൽ തൊടി | .75 |
| 6. | 0201 | 2 | പടിഞ്ഞാറേകുണ്ട് പള്ളി-വരുമക്കൽ | .75 |
| 7. | 0202 | 2 | കാരള്ളിമുക്ക്-തെറ്റത്ത് | .8 |
| 8. | 0203 | 2 | കാരാട്ട് പറമ്പ് ചെനക്കൽ-പനമ്പറ്റ | .3 |
| 9. | 0301 | 3 | പാലങ്ങേൽ പറമ്പ്-കുന്നൽ ചാത്തനാരു | 1.0 |
| 10. | 0302 | 3 | പട്ടിയിൽ പറമ്പ്-കോഴിത്തടം-ബാങ്ക് പടി | 2.0 |
| 11. | 0401 | 4 | കാഞ്ഞമണ്ണ മുണ്ടയിൽപടി ഹരിജൻ കോളനി റോഡ് | 1.0 |
| 12. | 0402 | 4 | കൂനംപറമ്പ്-നെല്ലിപറമ്പ് | .5 |
| 13. | 0403 | 4 | നാറാസ്കുന്ന്-മുണ്ടക്കോട് പാടം നെല്ലിപറമ്പ് റോഡ് | 1.5 |
| 14 | 0404 | 4 | കല്ലടകടവത്ത് പടി-ഇതിരാം ചിറ-മുണ്ടയിൽപടികോളനി | 1.0 |
| 15 | 1501 | 5 | വട്ടത്തൊടി ഹരിജൻ കോളനി | .6 |
| 16. | 0502 | 5 | വെളുത്തേടത്ത് പാറ-മുൾക്കാട് | 1.0 |
| 17. | 0601 | 6 | വെണ്ണക്കോട്-കൊളപ്പറമ്പ് | 1.5 |
| 18. | 0602 | 6 | വെണ്ണക്കോട്-പള്ളിപ്പുറം ഹൈസ്കൂൾ പടി | 1.25 |
| 19. | 0603 | 6 | പട്ടിയിൽ പറമ്പ്-ആക്കംകുളം | 1.0 |
| 20. | 0604 | 6 | മേലേപള്ളിപ്പുറം-കൊഴിഞ്ഞിൽ | 1.0 |
| 21. | 0605 | 6 | ചീരിക്കുഴി-ഹരിജൻകോളനി | 1.0 |
| 22. | 1701 | 7 | മൊട്ടകുന്ന്-പാലാപറമ്പ് | 1.0 |
| 23. | 0801 | 8 | കടുങ്ങുത്ത്-ചോലക്കൽ ലക്ഷംവീട് കോളനി | 1.5 |
| 24. | 0802 | 8 | മേക്കുളമ്പ്-ചെലൂർ റോഡ് | .8 |
| 25. | 0901 | 9 | കടുപ്പുറം-പാറമ്മൽ-പറമ്പാട്ട് പറമ്പ് | 1.0 |
| 26. | 0902 | 9 | ശ്മശാനം-പാലേങ്ങൽ പറമ്പ് | .5 |
| 27. | 0903 | 9 | ശ്മശാനം-ഭീലായ് പടി | 1.5 |
| 28. | 0904 | 9 | മേക്കുളമ്പ്-കൊയപ്പയിൽ പടി | 1.5 |
| 29. | 0905 | 9 | പാലേങ്ങൽ പറമ്പ്-പാർലിൽ പാടം-കൊയപ്പയിൽ | 1.0 |
| 30. | 1001 | 10 | കോട്ടപ്പള്ള-വലിയ പറമ്പ് റോഡ് | .5 |
| 31. | 1101 | 11 | കടൂപ്പുറം ജംഗ്ഷൻ-കാരയിൽ പടി-പറമ്പാട്ട് പറമ്പ് | 1.0 |

## ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ:

വള്ളിക്കാപറ്റ കൂട്ടിലങ്ങാടി റോഡിൽ നാറാസ് പടി, ഹൈസ്കൂൾ പടി, യു.പി. സ്കൂൾ പടി, വിലങ്ങപ്പുറം, പടിഞ്ഞാറ്റുംമുറി ടൗൺ, മൊയ്തീൻ പടി, മൊട്ടമ്മൽ, മെരുവിൻകുന്ന്, വാഴക്കാട്ടിരി, എന്നീ സ്ഥലങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമിക്കേണ്ടത് ആവശ്യമാണ്. ആനക്കയം തിരൂർക്കാട് റോഡിൽ ചെക്കുപോസ്റ്റ്, കാഞ്ഞമണ്ണ, പൂങ്കളപ്പടി, പള്ളിപ്പുറം റോഡ് ജംഗ്ഷൻ ബ്ലൈൻഡ് സ്കൂൾ പടി, പൂഴിക്കുന്ന് എന്നിവിടങ്ങളിലും വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ല. ഇവ നിർമിക്കേണ്ടത് ജനങ്ങളുടെ വിഷമതകൾ പരിഹരിക്കേണ്ടതിന് ആവശ്യമാണ്. അതുപോലെ വള്ളിക്കാപ്പറ്റ - പന്തല്ലൂർ റോഡിൽ പഞ്ചായത്തിന്റെ അതിർത്തിയായ വെള്ളുത്തേടത്തു പാറയിലും ഒരു ബസ്‌വെയിറ്റിംഗ് ഷെഡ്ഡ് നിർമിക്കേണ്ടതാണ്.

## ബസ് സർവീസ് അത്യാവശ്യമായി ഏർപ്പെടുത്തേണ്ട റൂട്ടുകൾ:

മക്കരപ്പറമ്പ് വഴി പെരിന്താറ്റിരിവരെ കുറച്ചു വർഷങ്ങൾക്കുമുമ്പ് ചില ബസുകൾ വന്നു തിരിച്ചുപോയിരുന്നു. ഇതു ജനങ്ങൾക്കു ഏറെ സൗകര്യമായിരുന്നു. പെരിന്താറ്റിരിയിലേക്കു പല ഭാഗത്തു നിന്നും ടാറിട്ട റോഡുകൾ നിലവിൽ വന്നു. എന്നാൽ ഇപ്പോൾ ഒരു ബസ് സർവീസും ഇല്ല.

പെരിന്താറ്റിരി, കൊളപ്പറമ്പ് ചേലൂർ, കൊഴിഞ്ഞിൽ, കടൂപുറം, മൊട്ടമ്മൽ എന്നീ സ്ഥലങ്ങൾ ബന്ധിച്ചു ബസ് സർവീസുകൾ ആരംഭിക്കേണ്ടതാണ്.

വള്ളിക്കാപ്പറ്റ - കൂട്ടിലങ്ങാടി റൂട്ടിൽ വിദ്യാർത്ഥികളടക്കമുള്ള യാത്രക്കാരുടെ തിരക്ക് എപ്പോഴും അനുഭവപ്പെടുന്നു. മുമ്പ് ഇതിലെ ഒരു കെ.എസ്.ആർ.ടി.സി. വക ബസ്സ് ഉണ്ടായിരുന്നു. ഇപ്പോൾ ആയതില്ല. കെ.എസ്.ആർ.ടി.സി. വക ഉൾപ്പടെ കൂടുതൽ ബസുകൾ മഞ്ചേരി, മലപ്പുറം, പെരിന്തൽമണ്ണ, പന്തല്ലൂർ എന്നീ ഭാഗങ്ങളിലേക്ക് ഏർപ്പെടുത്തേണ്ടതാണ്.

# ഊർജ്ജം

വളരെയേറെ പ്രതിസന്ധികൾ നിറഞ്ഞ ഒരു മേഖലയാണിത്. ശരിയായ ഊർജ്ജാസൂത്രണത്തിലൂടെ മാത്രമെ ഈ പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ഊർജമെന്നാൽ വൈദ്യുതി എന്നാണു പൊതുവെ മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ വൈദ്യുതി ഊർജത്തിന്റെ ഒരു ഭാഗം മാത്രമാണ്. വിറക്, ചാണക വരളി, ചപ്പുചവറുകൾ മറ്റു ജൈവദ്രവ്യങ്ങൾ, ജൈവ വാതകം മണ്ണെണ്ണ, പാചക വാതകം, പെട്രോൾ, കൽക്കരി തുടങ്ങിയ നിരവധി ഊർജസ്രോതസ്സുകളുണ്ട്. കൂടാതെ സൗരോർജവും ഇന്ന് ഉപയോഗപ്പെടുത്തുന്നുണ്ട്.

മെച്ചപ്പെട്ട വിറകടുപ്പുകളും മറ്റു ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങളും നാം ഉപയോഗിക്കുന്നില്ല. വൈദ്യുതിയെ മാത്രം ആശ്രയിക്കുന്ന മനോഭാവം നമ്മുടെ പഞ്ചായത്തിൽ ഇന്നു നിലവിലുണ്ട്. ഊർജത്തെക്കുറിച്ചുള്ള പരിമിതമായ അറിവാണതിനുകാരണം. ശരിയായ ബോധവത്കരണത്തിലൂടെ ഇത് മാറ്റിയെടുക്കാൻ നമുക്കു കഴിയണം.

## വൈദ്യുതിരംഗം

മക്കരപ്പറമ്പ് സെക്ഷൻ, മഞ്ചേരി സൗത്ത്, മേജർ സെക്ഷൻ എന്നീ വൈദ്യുതി ഓഫീസുകളുടെ കീഴിലാണു പഞ്ചായത്തിലെ വൈദ്യുതി വിതരണം നടത്തപ്പെടുന്നത്. മലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും നിർഗമിക്കുന്ന മക്കരപ്പറമ്പ്, മഞ്ചേരി രണ്ട് എന്നീ 11 കെ.വി. ഫീഡറുകളിൽ നിന്നാണു വൈദ്യുതി വിതരണം ചെയ്യുന്നത്. മക്കരപ്പറമ്പ് ഫീഡറിൽ നിന്നുള്ള വൈദ്യുതി മക്കരപ്പറമ്പ് സെക്ഷന്റെ കീഴിലും മഞ്ചേരി രണ്ട് ഫീഡറിൽ നിന്നു മഞ്ചേരി സൗത്ത്

മേജർ സെക്ഷൻ കീഴിലും ആയിട്ടാണുള്ളത്. വൈദ്യുതിബോർഡ് ഓഫീസുകളൊന്നും പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നില്ല. കറണ്ട് ചാർജ് അടയ്ക്കാനും മറ്റു വൈദ്യുതി സംബന്ധിച്ച പ്രശ്നപരിഹാരങ്ങൾക്കും മൂന്നു മുതൽ പതിനാലു കിലോമീറ്റർ വരെ പഞ്ചായത്തിലെ ഉപഭോക്താക്കൾ യാത്ര ചെയ്യേണ്ടി വരുന്നു.

മക്കരപ്പറമ്പ്, മഞ്ചേരി സൗത്ത് എന്നീ ഇലഓഫീസുകളിൽ നിന്നും ശേഖരിച്ച സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ചു പഞ്ചായത്തിൽ മൊത്തം 16 ട്രാൻസ് ഫോർമറുകൾ, 19 കി.മീ. 11 കെ.വി. ലൈൻ, 40.5 കി.മീ. ത്രീഫെയ്സ് ലൈൻ, 54 കി.മീ. സിങ്കിൾഫേസ് ലൈൻ എന്നിവയാണു മൊത്തമുള്ളത്.

വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| നമ്പർ | പേര് | കെ.വി.എ. ശേഷി | ബന്ധപ്പെട്ട ഓഫീസ് |
|---|---|---|---|
| 1. | കൂട്ടിലങ്ങാടി ടൗൺ | 160 | മക്കരപറമ്പ സെക്ഷൻ |
| 2. | കൂട്ടിലങ്ങാടി ബ്ലോ | 100 | മക്കരപറമ്പ സെക്ഷൻ |
| 3. | മെട്ടമ്മൽ | 63 | മക്കരപറമ്പ സെക്ഷൻ |
| 4. | കടൂപ്പുറം | 63 | മക്കരപറമ്പ സെക്ഷൻ |
| 5. | പെരിന്താറ്റിരി | 100 | മക്കരപറമ്പ സെക്ഷൻ |
| 6. | വള്ളിക്കാപറ്റ | 100 | മഞ്ചേരി സൗത്ത് മേജർ |
| 7. | ഓട്ടുപാറ | 100 | മഞ്ചേരി സൗത്ത് മേജർ |
| 8. | വെണ്ണക്കോട് | 100 | മഞ്ചേരി സൗത്ത് മേജർ |
| 9. | മങ്കട പള്ളിപ്പുറം | 100 | മഞ്ചേരി സൗത്ത് മേജർ |
| 10. | പള്ളിപ്പുറം പള്ളിപ്പടി | 100 | മഞ്ചേരി സൗത്ത് മേജർ |
| 11. | പട്ടിയിൽ പറമ്പ് | 100 | മഞ്ചേരി സൗത്ത് മേജർ |
| 12. | കൊഴിഞ്ഞിൽ | 100 | മഞ്ചേരി സൗത്ത് മേജർ |
| 13. | പടിഞ്ഞാറ്റുംമുറി ടൗൺ | 160 | മഞ്ചേരി സൗത്ത് മേജർ |
| 14. | ഉന്നംതല | 100 | മഞ്ചേരി സൗത്ത് മേജർ |
| 15. | പടിഞ്ഞാറേകുണ്ട് | 100 | മഞ്ചേരി സൗത്ത് മേജർ |
| 16. | പടിഞ്ഞാറ്റുംമുറി ഈസ്റ്റ് | 100 | മഞ്ചേരി സൗത്ത് മേജർ |
| | ആകെ കെ.വി.എ. | 1646 | |

വൈദ്യുതി ഓഫീസുകളിലെ കണക്കുകൾ പ്രകാരം ഇവയിൽ ഒന്നും തന്നെ അധികഭാരം വഹിക്കുന്നില്ല. എങ്കിലും അനധികൃതമായ ഓവർലോഡു കാരണം മിക്കവയും ഇടയ്ക്കിടെ കേടുവരുന്നു. കേടുവന്നവ മാറ്റി സ്ഥാപിക്കാൻ വലിയ കാലതാമസവും നേരിടുന്നുണ്ട്.

## വോൾട്ടേജു നില

മലപ്പുറം 110കെ.വി. സബ്സ്റ്റേഷനോടു ചേർന്നാണു പഞ്ചായത്തു സ്ഥിതി ചെയ്യുന്നത്. എന്നിട്ടും പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും ആവശ്യത്തിനു വോൾട്ടേജിന്റെ അപര്യാപ്തത അനുഭവപ്പെടുന്നുണ്ട്. വോൾട്ടേജ് ഉയർത്താനും വൈദ്യുതി നില മെച്ചപ്പെടുത്താനുമായി പഞ്ചായത്തിൽ, താഴെ പട്ടികയിൽ കൊടുത്ത പദ്ധതികൾ വൈദ്യുതി ബോർഡ് അംഗീകാരം ലഭിച്ചു, നടപടികൾക്കു സാധന സാമഗ്രികളുടെ ലഭ്യത കാത്തിരിക്കുകയാണ്.

| നമ്പർ | പ്രവൃത്തി | എസ്റ്റി. തുക (രൂ) | 11 കെ.വി ലൈൻ (മീ.) | ട്രാൻസ് ഫോർമർ (K.V.A) | ത്രീ ഫേസ് ലൈൻ | കൺവർഷൻ | ഓഫീസ് |
|---|---|---|---|---|---|---|---|
| 1 | കടുങ്ങൂത്ത് പദ്ധതി | 81400 | 400 | 1X63 | 250 | - | മക്കരപറമ്പ് സെക്ഷൻ |
| 2. | ചാത്തുണ്ണിപ്പറമ്പ് | 30100 | - | - | 600 | - | |
| 3. | വാഴക്കാട്ടിരി | 50000 | - | - | 900 | - | |
| 4. | പാറക്കടി | 128530 | 160 | 1X100 | - | - | |
| 5. | കൂട്ടിലങ്ങാടി ക്ലേ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ | 58300 | - | 1X160 | - | - | |
| 6. | വരുമക്കൽ | 37500 | - | - | 750 | - | |
| 7. | ചുള്ളിയിൽ | 29700 | - | - | 600 | - | |
| 8. | പഴയ കൂട്ടിലങ്ങാടി | 122340 | 200 | 1X100 | - | - | |
| 9. | പെരിന്താറ്റിരി കുണ്ടാട്ഭാഗം | 164000 | - | - | 3000 | - | |
| 10. | ചീരക്കുഴി | 38200 | - | - | - | 800 | മഞ്ചേരി സൗത്ത് |
| | ആകെ | | **760** | **4 Nos.** | **6100** | **800** | |

മേൽ പറഞ്ഞ പദ്ധതികൾക്കു പുറമെ നിരവധി നിവേദനങ്ങളും ഭീമഹരജികളും നൽകിയിട്ടും അധികൃതർ കനിയാത്തതുകൊണ്ടും മറ്റു പലകാരണങ്ങളാലും അനുമതിയാകാതെ കിടക്കുന്ന പദ്ധതികൾ നിരവധിയുണ്ട്. അവയുടെ ഒരു ലിസ്റ്റ് ജനകീയാസൂത്രണത്തിന്റെ ഒന്നാം ഘട്ടത്തിൽ ഉരുത്തിരിഞ്ഞു വന്നതു താഴെ പട്ടികയിൽ കൊടുക്കുന്നു.

## പട്ടിക 3

| നമ്പർ | പ്രവൃത്തി | 11 കെ.വി ലൈൻ മീ. | ട്രാൻസ് ഫോർ മർ K.V.A | ത്രീ ഫേസ് ലൈൻ മീ. | കൺ വർഷൻ മീ. |
|---|---|---|---|---|---|
| 1 | നാറാസ്സക്കുന്ന് പ്രദേശം | - | 1X100 | - | - |
| 2. | കുമ്മിൽ ചിറ | 500 | 1X100 | - | - |
| 3. | കോണോത്തുമുറി | - | - | - | 1500 |
| 4. | കൊളപ്പറമ്പ് | 1500 | 1X100 | - | 500 |
| 5. | പറമ്പാട്ട പറമ്പ് | 300 | 1X100 | 300 | 600 |
| 6. | തിരുത്തു പറമ്പ് | 400 | 1X100 | - | - |
| 7. | മുഞ്ഞക്കുളം | 800 | 1X100 | - | 800 |
| 8. | കടങ്ങൂത്ത് | - | 1X100 | 400 | - |
| 9. | വാഴംപറമ്പ് | 1400 | 1X100 | - | - |

മേൽ പട്ടികയിൽ കൊടുത്ത പദ്ധതികൾ കൂടി അടിയന്തിരമായി അംഗീകരിച്ചു നടപ്പാക്കേണ്ട വയാണ്.

**വൈദ്യുത കണക്ഷനുകൾ:**

**പഞ്ചായത്തിൽ മൊത്തമുള്ള വൈദ്യുത കണക്ഷനുകളുടെ തരം തിരിച്ച പട്ടിക താഴെ കൊടുക്കുന്നു.**

| നമ്പർ | തരം | ഇപ്പോഴു ള്ളത് | ശേഷി K.V.A | അപേക്ഷിച്ചു കാത്തിരിക്കുന്നവർ | ശേഷി K.V.A | ഒ.വൈ.ഇ.സി |
|---|---|---|---|---|---|---|
| 1 | ഗാർഹികം | 3241 | - | 373 | - | 39 |
| 2. | വാണിജ്യസ്ഥാപനം | 322 | - | 48 | - | 12 |
| 3. | കാർഷികം | 194 | 595 | 43 | 194 | 1 |
| 4 | വ്യവസായം | 37 | 430 | - | - | - |
| 5. | ജലവിതരണം | 5 | 55 | - | - | - |

മേൽ കൊടുത്ത പട്ടികയനുസരിച്ച് 43 കാർഷിക കണക്ഷൻ അടക്കം 464 പേർ വൈദ്യുത കണക്ഷനുവേണ്ടി കാത്തിരിപ്പുണ്ടെന്നു മനസ്സിലാവുന്നു.

## തെരുവു വിളക്കുകൾ:

പഞ്ചായത്തിൽ മൊത്തം 26 ബൾബുകളും 13 സോഡിയം വേപ്പർ ലാമ്പുകളും മാത്രമേയുള്ളൂ. അവയെല്ലാം തന്നെ മക്കരപ്പറമ്പ് സെക്ഷന്റെ കീഴിൽ കൂട്ടിലങ്ങാടിയിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്.

## ഹരിജൻ കോളനികൾ:

താഴെ പറയുന്നവയാണു പഞ്ചായത്തിലെ അംഗീകാരം ലഭിച്ച ഹരിജൻ കോളനികളിൽ വൈദ്യുതീകരിച്ചവ.

1. കടൂപുറം
2. പട്ടീപറമ്പ്
3. മുണ്ടയിൽ പടി
4. പനമ്പറ്റ
5. പടിഞ്ഞാറേക്കുണ്ട്.

ഇവയിലെല്ലാം കൂടി 74 വീടുകളിൽ പഞ്ചായത്തു ചെലവിൽ വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും 23 വീടുകൾ കൂടി ഈ കോളനികളിൽ വൈദ്യുതീകരിക്കേണ്ടതുമുണ്ട്.

**വൈദ്യുതി സംബന്ധിച്ച പ്രശ്നങ്ങളും പരിഹാരങ്ങളും (ക്രോഡീകരണം)**

1. കൂട്ടിലങ്ങാടി, മങ്കടപള്ളിപ്പുറം എന്നിവിടങ്ങളിൽ ഓരോ സബ് എഞ്ചിനീയർ ഓഫീസും കറന്റ് ചാർജ് അടയ്ക്കാനുള്ള സൗകര്യവും ഏർപ്പെടുത്തുക.
2. വോൾട്ടേജ് കമ്മി തീർക്കാനുള്ള പദ്ധതികൾ സത്വരമായി പൂർത്തിയാക്കുക.
3. പഴയിൽ പോസ്റ്റുകൾ മാറ്റാനും അറ്റകുറ്റപണികൾക്കും അടിയന്തിര നടപടിയെടുക്കുക.
4. ലൈനിൽ വളരുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ വെട്ടി അപകട സാധ്യത ഒഴിവാക്കുക.
5. ബാക്കിയുള്ള ഹരിജൻ കോളനികൾ കൂടി അംഗീകാരം വാങ്ങി വൈദ്യുതീകരിക്കുക.
6. പ്രധാനകവലകളിലെങ്കിലും തെരുവു വിളക്കുകൾ സ്ഥാപിക്കുക.
7. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷനുവേണ്ട നടപടികൾ ത്വരിതപ്പെടുത്തുക.

## വിറക്:-

ഗ്രാമീണ മേഖലയായ കൂട്ടിലങ്ങാടി പോലുള്ള പഞ്ചായത്തിൽ പാചകത്തിനുള്ള ഏറ്റവും പ്രധാന ഇന്ധനം വിറകാണ്. അതിന്റെ ലഭ്യത ദിനം പ്രതി കുറഞ്ഞുവരികയുമാണ്. ഇന്ധനക്ഷമതയുള്ള പുതിയ തരം അടുപ്പുകൾ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകിയും, മിതമായ വിലയ്ക്ക് വിറക് ലഭ്യമാക്കിയും പ്രശ്നത്തിനു പരിഹാരം കാണേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന ചില പദ്ധതികൾ അടിയന്തിര സ്വഭാവത്തോടെ നടപ്പാക്കേണ്ടതുണ്ട്.

1. മലപ്പുറം മുനിസിപ്പാലിറ്റിയോടു തൊട്ടുകിടക്കുന്ന പഞ്ചായത്തിലുള്ള ആളുകൾക്ക് മലപ്പുറത്തെ ഗ്യാസ് ഏജൻസിയിൽ കുക്കിംഗ് ഗ്യാസിനു ബുക്കു ചെയ്യാനും കണക്ഷൻ ലഭ്യമാക്കാനും ഇപ്പോൾ സാധിക്കുന്നില്ല. ഈ നില മാറ്റേണ്ടതുണ്ട്. അല്ലെങ്കിൽ പഞ്ചായത്തിനു വേറെ ഗ്യാസ് ഏജൻസിയെ അംഗീരിപ്പിക്കാൻ

വേണ്ടതു ചെയ്യേണ്ടതാണ്.

2. കൊല്ലത്തിൽ ഏറ്റവും ചുരുങ്ങിയത് 300 വീടുകൾ എന്ന കണക്കിനെങ്കിലും ഇന്ധന ക്ഷമ തയുള്ള പുകയില്ലാത്ത അടുപ്പുകൾ സ്ഥാപി ക്കാൻ നടപടി ഉണ്ടാകണം. ഇതിനായി ഖാദി ബോർഡ്, അനർട്ട്, തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കണം.

3. മിതമായ വിലയ്ക്ക് വിറകു ലഭിക്കാൻ വേണ്ട നടപടികൾ പഞ്ചായത്തു തലത്തിൽ സ്വീകരിക്കണം.

## പാരമ്പര്യേതര ഊർജം:

- അനർട്ടിന്റെയും മറ്റും സഹായസഹകരണ ത്തോടെ ഗവൺമെന്റ് സബ്സിഡികളും മറ്റു പ്രയോജനപ്പെടുത്തി താഴെ പറയുന്ന പദ്ധ തികൾ നടപ്പാക്കേണ്ടതാണ്.
- വൈദ്യുതി എത്തിക്കാൻ പ്രയാസമുള്ള വീടു കളിൽ സൗരറാന്തലുകളും സൗരോർജ പാചക ഉപകരണങ്ങളും ലഭ്യമാക്കുക.
- കൂട്ടിലങ്ങാടി, പടിഞ്ഞാറ്റും മുറി, മങ്കടപള്ളി പുറം, വള്ളിക്കാവറ്റ തുടങ്ങിയ കേന്ദ്രങ്ങ ളിലെ കടകളിൽ സൗരോർജ റാന്തലുകൾ സ്ഥാപിച്ചു ലോഡ് ഷെഡിംഗ് പ്രശ്നം പരി ഹരിക്കാൻ നടപടിയെടുക്കുക.
- സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി യിൽ സൗരോർജ്ജ പമ്പുസെറ്റുകൾ വിത രണം ചെയ്യുക.
- ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ സഹായം നൽകുക.

  സൗരോർജ കവലവിളക്കുകൾ സ്ഥാപി ക്കുക.


TO MANJERI
TO PANDALLUR
TO VELLILA
LAPPURAM
പുഴ
PWD റോഡ്
പ്രധാന റോഡുകൾ
പഞ്ചായത്ത് അതിർത്തി

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടത്തിൻെറ കാര്യത്തിൽ എടുത്തു പറയത്തക്ക നേട്ടങ്ങളൊന്നും ഉണ്ടാക്കാൻ ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ബഹുഭൂരിഭാഗം ആളുകളും കൂലിവേല ചെയ്തു ജീവിതം നയിക്കുന്നവരാണ്. തൊഴിലവസരങ്ങൾ കുറവായതിനാൽ ദൈനംദിന ജീവിതം തന്നെ ക്ലേശകരമായ കുടുംബങ്ങൾ ഏറെയുണ്ട്. അതുകൊണ്ടുതന്നെ ഒരു വീടുണ്ടാക്കുക എന്നത് അവരെ സംബന്ധിച്ചിടത്തോളം വിദൂര സാധ്യതമാത്രമാണ്.

പഞ്ചായത്തിലെ ആകെ 4900 വീടുകളിൽ 2013 എണ്ണം ഭേദപ്പെട്ടവയും 2263 എണ്ണം ഇടത്തരവും 480 എണ്ണം കുടിലുകളും 144 എണ്ണം ഓല മേഞ്ഞതുമാണ്.

ഗൾഫ് മേഖലയുടെ ആനുകൂല്യം വളരെയേറെ കുടുംബങ്ങൾക്ക് ദൈനംദിന ജീവിതത്തിനപ്പുറം ഒരു വീടെങ്കിലും നേടിയെടുക്കുവാൻ സഹായിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. കോൺക്രീററ് സൗധങ്ങളുടെ അരങ്ങേററം ഇടക്കൊക്കെ കാണാമെങ്കിലും വ്യാപകമാണെന്നു പറഞ്ഞുകൂട. ഇടത്തരക്കാർ പോലും കോൺക്രീററ് കെട്ടിടങ്ങൾ ഉണ്ടാക്കാനാണു താത്പര്യം കാണിക്കുന്നത്. മര ഉരുപ്പിടികൾകൊണ്ടുള്ള അമിതമായ വിലയും മരപ്പണിത്തരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി വരുന്ന ഭീമമായ കൂലിച്ചെലവും തന്നെയാണിതിനുള്ള പ്രധാന കാരണം. നിലവിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ

വീടുകളുടെ സ്ഥിതിവിവരം പട്ടികപ്പെടുത്തി താഴെ കൊടുക്കുന്നു.

പട്ടിക 1

| വാർഡ് | ടെറസ് | ഓട് | ഓല | കുടിൽ | ആകെ |
|---|---|---|---|---|---|
| 1 | 130 | 392 | 8 | 36 | 566 |
| 2 | 25 | 375 | 10 | 62 | 472 |
| 3 | 58 | 395 | 14 | 49 | 516 |
| 4 | 20 | 404 | 14 | 38 | 476 |
| 5 | 42 | 470 | 20 | 102 | 634 |
| 6 | 20 | 290 | 12 | 18 | 340 |
| 7 | 36 | 280 | 15 | 57 | 388 |
| 8 | 60 | 282 | 15 | 34 | 391 |
| 9 | 127 | 322 | 11 | 28 | 488 |
| 10 | 27 | 249 | 15 | 22 | 313 |
| 11 | 48 | 224 | 10 | 34 | 316 |
| ആകെ | 593 | 3693 | 144 | 480 | 4900 |

ചെലവുകുറഞ്ഞ രീതിയിൽ ഉത്പാദിപ്പിക്കാനുള്ള സംരംഭങ്ങളോ, ഈ പഞ്ചായത്തിൽ നിന്നു തന്നെ ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്ന സ്ഥിതിവിശേഷമോ ഇല്ല.

ദുർബലവിഭാഗങ്ങൾക്കു വീടുവെക്കുന്നതിനു സഹായകമായ വിവിധ പദ്ധതികൾ നിലവിലുണ്ടെങ്കിലും സങ്കീർണ്ണമായ ഈടു വ്യവസ്ഥകളും, ലഭ്യമാക്കുന്നതിനുള്ള സമയ ദൈർഘ്യവും ഇത്തരത്തിലുള്ള പദ്ധതികളുടെ പ്രയോജനം ഉപയോഗപ്പെടുത്തുന്നതിനു സാധാരണക്കാർക്കു സാധിക്കാതെ വരുന്നു.

വിവിധ പദ്ധതികളിലൂടെ വായ്പകളും സൗജന്യങ്ങളും ലഭിക്കുന്നുണ്ടെങ്കിലും അമിതമായ കൂലി നിരക്കും സാധനസാമഗ്രികളുടെ വിലവർദ്ധനവും കാരണം വീടിൻെറ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു.

പഞ്ചായത്തിൽ ഒരു ലക്ഷം വീടുകോളനി ഉണ്ടെങ്കിലും ആവശ്യമായ കുടിവെള്ള സൗകര്യം പോലും അവിടെ ഏർപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ ആകെ 8 കോളനികളിലായി 335 പട്ടികജാതി കുടുംബങ്ങളാണുള്ളത് ഈ കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളിലും വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. ചേരി പ്രദേശങ്ങളിലും പുറമ്പോക്കുകളിലും കുടിൽ കെട്ടി താമസിക്കുന്നവർ ഈ പഞ്ചായത്തിൽ ഇല്ലെങ്കിലും ചേരിപ്രദേശങ്ങളിലെ കുടിലുകളെ അനുസ്മരിപ്പിക്കുമാറ് ചെറിയ കൂടിലുകൾ അങ്ങിങ്ങായി കാണപ്പെടുന്നുണ്ട്.

പല വീടുകളിലും മൂന്നും നാലും കുടുംബങ്ങൾ വളരെ പ്രയാസപ്പെട്ട് കഴിഞ്ഞു കൂടുന്ന അവസ്ഥ സർവ്വസാധാരണമാണ്. സ്വന്തമായി സ്ഥലമില്ലാത്തതും, ഉള്ളവർക്കുതന്നെ ജനറൽ വിഭാഗത്തിൽ വീടുനിർമ്മിക്കുന്നതിന് സൗജന്യങ്ങൾ പരിമിതമായതും കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യം ലഭ്യമല്ലാത്തതും ഇതിനുകാരണമാണ്.

പാർപ്പിട രംഗത്തു സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്

☛ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കു മാത്രം നൽകിവരുന്ന സൗജന്യഭവനനിർമ്മാണ പദ്ധതി ജാതി പരിഗണനകൂടാതെ എല്ലാ ദുർബല വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

☛ സ്വന്തമായി സ്ഥലമില്ലാത്തവരും വീടുവെയ്ക്കാൻ തത്പരരുമായ ഭവനരഹിതർക്ക് സൗജന്യമായി ചുരുങ്ങിയത് 4 സെൻറ് സ്ഥലവും, കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യവും ഏർപ്പെടുത്തുക

☛ NREP, IAY, JRY, MWS എന്നീ വിവിധ സ്കീമുകളിലായി സൗജന്യവും വായ്പയുമായി ലഭിക്കുന്ന ധനസഹായത്തിൻെറ പരിധി വർദ്ധിപ്പിക്കേണ്ടതും ഇടത്തരക്കാർക്കുകൂടി പ്രയോജനപ്പെടുന്ന രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയുടെ പരിധി വർദ്ധിപ്പിക്കുകയും പദ്ധതി ലഭ്യമാക്കാനുള്ള സങ്കീർണ്ണമായ ഈടു വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യുക.

## ആവശ്യമായ വീടുകൾ
### പട്ടിക 2

| വീട് ആവശ്യമുള്ള കുടുംബങ്ങൾ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | അനുവദിച്ചതിൽ ഇനിയും പൂർത്തിയാകാത്തത് | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|
| 450 | 24 | 15 | 9 | 426 |

☛ നിലവിലുള്ള പദ്ധതികൾക്കു സമാനമായ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനു പകരം നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമവും സുഗമവുമാക്കുക.

☛ പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിച്ച് എഞ്ചിനിയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈചെയ്യുക. ആവശ്യമായ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിനും ഈ സംഘത്തെ ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ ഭവന നിർമ്മാണ പദ്ധതികൾ പഞ്ചായത്തിൻെറയും സംഘത്തിൻെറയും കൂട്ടായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെത്തിക്കാനുള്ള സംവിധാനമേർപ്പെടുത്തുക.

☛ പഞ്ചായത്തുവഴി അപേക്ഷകളും പഞ്ചായത്തു മെമ്പർമാർ വഴി സ്റ്റേജ് സർട്ടിഫിക്കററുകളും നൽകുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്തുള്ള പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. പ്രധാനമായും കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ നിയന്ത്രണത്തിലുള്ള ദാരിദ്രനിർമ്മാർജ്ജന പദ്ധതികളും പട്ടികജാതി വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ മുതലായവയുടെ പ്രവർത്തനങ്ങളുമാണ് നിലവിലുള്ളത്. ഇവയിൽ പട്ടികജാതി വികസനകോർപ്പറേഷൻെറ ആസ്ഥാനം പാലക്കാട്ടും വനിതാ വികസന കോർപ്പറേഷൻെറ ആസ്ഥാനം തിരുവനന്തപുരത്തുമായതിനാൽ സാധാരണക്കാരായ ആളുകൾക്ക് അവയുടെ പ്രയോജനം വേണ്ടവിധത്തിൽ ലഭ്യമല്ല. ദാരിദ്രനിർമ്മാർജ്ജനപദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കുറെയൊക്കെ പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ട്.

വനിതാ വികസനകോർപ്പറേഷൻെറ പ്രവർത്തനങ്ങൾ സംബന്ധിച്ച്, സാമൂഹ്യസേവനരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾക്കു പോലും അറിഞ്ഞുകൂടാത്ത സ്ഥിതിവിശേഷമാണുള്ളത് കോർപ്പറേഷനെസംബന്ധിച്ചുള്ള അറിവില്ലായ്മ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും വിഘാതമായി നിൽക്കുന്നു.

വിവിധ ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെങ്കിലും അറിവില്ലായ്മമൂലം അവ പ്രയോജനപ്പെടുത്തുന്നില്ല എന്നു വേണം കരുതാൻ. പഞ്ചായത്തിലെ തൊഴിലാളികളിൽ ഏറിയ പങ്കും കർഷകത്തൊഴിലാളികളാണെങ്കിലും ചെറിയൊരു ശതമാനം മാത്രമേ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. കെട്ടിടനിർമ്മാണത്തൊഴിലാളികളും ഈ പഞ്ചായത്തിൽ കുറവല്ല. ക്ഷേമനിധി ബോർഡുമായുള്ള അവരുടെ ബന്ധം കർഷകത്തൊഴിലാളികളിൽ നിന്നും വ്യത്യസ്തമല്ല. നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിൽ വളരെയേറെ പോരായ്മകളുണ്ട്. ബോധവത്കരണത്തിൻെറ കുറവ് ഒരു പ്രധാന ഘടകമാണ്. മറേറതു പദ്ധതികളെയും പോലെ അർഹതപ്പെട്ടവർക്കു യഥാസമയം, കിട്ടാതെ വരുന്ന സ്ഥിതിവിശേഷവും ആനുകൂല്യം ലഭിക്കുവാനുള്ള സങ്കീർണ്ണങ്ങളായ വ്യവസ്ഥകളും കാരണം പലർക്കും പ്രയോജനം ലഭിക്കാതെ പോകുന്നതിനു കാരണമാകുന്നു.

വികസന ബ്ലോക്കു മുഖേന നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട ഒരു പരിപാടിയാണ് IRDP (സംയോജിത ഗ്രാമവികസന പദ്ധതി) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഗ്രാമീണജനങ്ങളെ, സ്വയം തൊഴിൽ സംരംഭങ്ങൾ ഏറെറടുത്തു കൊണ്ടു ദാരിദ്ര്യരേഖ തരണം ചെയ്യുവാൻ സഹായിക്കുന്ന പദ്ധതിയാണിത്. 11,000 രൂപയ്ക്കു താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളെയാണു ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കുന്നത്. ഇവർക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയും സർക്കാറിൽ നിന്നു ധനസഹായവും ലഭിക്കുന്നതാണ്.

8-ാം പഞ്ചവത്സര പദ്ധതികാലത്ത് 1992ൽ IRDP സർവെയിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ 1809 ആണ്. ഇതിൽ 29 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. 8-ാം പദ്ധതിയിൽ 1995-96 വരെ മൊത്തം 139

കുടുംബങ്ങൾക്ക് IRDP ധനസഹായം ലഭിച്ചിട്ടുണ്ട്. ഓരോ വർഷവും പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് 50 ശതമാനവും സ്ത്രീകൾക്ക് 40 ശതമാനവും വികലാംഗർക്ക് 3 ശതമാനവും ഈ പദ്ധതി പ്രകാരം സംവരണം ചെയ്തിട്ടുണ്ട്.

കുടുംബത്തിന് അനുവദിക്കാവുന്ന സബ്സിഡികൾക്ക് പരിധിയുണ്ട്. ചെറുകിട കർഷകർക്കു വായ്പയുടെ 25 ശതമാനവും മററുള്ളവർക്കു 33 1/3 ശതമാനവും സബ്സിഡി ലഭിക്കും. എന്നാൽ പരമാവധി സബ്സിഡി 4,000 രൂപയായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും വികലാംഗർക്കും ആകെ നിക്ഷേപതുകയുടെ 50 ശതമാനം പരമാവധി 6,000 രൂപയിൽ കവിയാത്ത തുക സബ്സിഡിയായി ലഭിക്കും ശരാശരി 15,000 രൂപയുടെ നിക്ഷേപം കുടുംബത്തിനു ലഭിക്കേണ്ടതരത്തിലാണു പദ്ധതികൾ തയ്യാറാക്കേണ്ടത്. വായ്പ ലഘുതവണകളായി 3 മുതൽ 5 വർഷത്തിനകം തിരിച്ചടക്കേണ്ടതുണ്ട്. 25,000 രൂപ വരെ 12 ശതമാനവും അതിനു മുകളിൽ 14.5 ശതമാനവുമാണ് പലിശനിരക്ക്.

വായ്പ ലഭിച്ചു പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ പലരും തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തുകയും, ചിലർ സ്വരൂപിച്ച ആസ്തി വിററുകളയുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. ഇതു പരിഹരിക്കുന്നതിനു V.E.O. നിരന്തരം ഗുണഭോക്താക്കളെ സന്ദർശിച്ചു ബോധവൽക്കരണം നടത്താറുണ്ടെങ്കിലും ജനപ്രതിനിധികളും സന്നദ്ധസംഘടനകളുംകൂടി പ്രത്യേക താല്പര്യമെടുത്ത് ഈ ദുഷ് പ്രവണത ഇല്ലാതാക്കുവാൻ സഹകരിച്ചാൽ, ഈ പദ്ധതി പൂർണ്ണമായി വിജയിപ്പിക്കുവാൻ സാധിക്കും.

ഇതുവരെ ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം തുലോം തുച്ഛമാണെന്നു കണക്കുകൾ കാണിക്കുന്നു. ഓരോ വർഷവും കൂടുതൽ കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

DWCRA (ഗ്രാമീണ വനിതാ ശിശു വികസന പരിപാടി) മലപ്പുറം ജില്ലയിൽ 1988-89 വർഷം മുതൽ നടപ്പിലാക്കിത്തുടങ്ങിയ IRDP യുടെ ഒരു അനുബന്ധ പിരപാടിയാണ്. വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി 10 മുതൽ 15 വരെ അംഗങ്ങളുള്ള വനിതാഗ്രൂപ്പുകൾക്കാണ് ഇതുവഴി ധനസഹായം അനുവദിക്കുന്നത്. ഇങ്ങനെ കൂട്ടമായി സമാഹരിക്കുന്ന വായ്പകൊണ്ട് മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഏറെറടുക്കാൻ വനിതകൾക്കു കഴിയും വനിതകളുടെ സാമ്പത്തിക ഉന്നമനത്തോടൊപ്പം തന്നെ അവരുടെ സാമൂഹിക ഉന്നമനത്തിനും ഇതുമൂലം സാധിക്കണമെന്നാണ് ഉദേശിക്കപ്പെട്ടത്. ഈ ഗ്രൂപ്പ് ചാരിററബിൾ എൻഡോവ്മെൻറ് ആക്ട് പ്രകാരം രജിസ്ററർ ചെയ്തിരിക്കണം. ഓരോ ഗ്രൂപ്പിനും ഒരു ഗ്രൂപ്പു ലീഡറും ട്രഷററും ഉണ്ടായിരിക്കും. വായ്പ, ധനസഹായം എന്നിവയ്ക്കു പുറമെ25,000 രൂപ ഒരു റിവോൾവിങ്ങ് ഫണ്ടായും നൽകിവരുന്നു.

സ്ത്രീകളുടെ ചെറുകിട സമ്പാദ്യ-വായ്പാ ഗ്രൂപ്പുകൾ (Thrift and credit Group) രൂപീകരിക്കാൻ സൗകര്യമുള്ളതിനാൽ ഗ്രൂപ്പ് അംഗങ്ങളുടെ സമ്പാദ്യത്തിൽ നിന്നും ചെറിയ തുക വീതം സ്വരൂപിക്കുകയും ഇങ്ങനെ സ്വരൂപിക്കുന്ന തുക ഗ്രൂപ്പ് അംഗങ്ങളുടെ ചെറുകിട വായ്പാ ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യാം.

വനിതകളെ സംബന്ധിച്ചിടത്തോളം അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനത്തിന് ഏററവുമധികം പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണിതെങ്കിലും ഈ പദ്ധതി വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ സ്ത്രീ സമൂഹം മുന്നോട്ടുവന്നിട്ടില്ല എന്നതു ഖേദകരമാണ്. ഇത്തരം പദ്ധതികളെകുറിച്ചുള്ള അജ്ഞതയും സംരംഭങ്ങൾ ഏറെറടുക്കുന്നതിനുള്ള മനോധൈര്യത്തിൻെറ കുറവും ഇതിനു കാരണമാണ്. കൂടാതെ ഈ പദ്ധതിയിൽ തുടക്കമിട്ട സംരംഭം പരാജയപ്പെടാൻ ഇടയായതും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിഘാതമായിട്ടുണ്ടെന്നുവേണം കരുതാൻ. 1988-89 വർഷത്തിൽ പടിഞ്ഞാററുമുറിയിൽ 25 വനിതകൾ ചേർന്ന് ആരംഭിച്ച ബുക്ക് ബൈൻഡിംഗ് യൂണിററ് പരാജയപ്പെടുകയാണുണ്ടായത്. 1991-92 ൽ പെരിന്താററിരിയിൽ ഒരു കൊപ്രപ്രോസസിങ്ങ് യൂണിററ് ആരംഭിച്ചത് ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്.

വനിതാ സംഘടനകൾ, ജനപ്രതിനിധികൾ, വകുപ്പുദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ യത്നത്തിലൂടെയും നടപടിക്രമങ്ങൾ ലഘൂകരിച്ചും ഈ പദ്ധതി വ്യാപകമാക്കുന്നതിനുള്ള നടപടികൾ അത്യന്താപേക്ഷിതമാണ്.

## ട്രൈസം

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 18 നും 35 നും മദ്ധ്യേപ്രായമുള്ള തൊഴിലില്ലാത്ത ഗ്രാമീണ യുവജനങ്ങൾക്കു ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി, അവർക്കു IRDP യുടെ പൂർണ പ്രയോജനം ലഭ്യമാക്കാനുദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ട്രൈനിംങ്ങ് കാലത്തു പരിശീലനാർഥിക്ക് പ്രതിമാസ സ്റ്റൈപൻറ് നൽകിവരുന്ന ഈ പദ്ധതി തൊഴിൽരഹിതരായ യുവജനങ്ങൾക്കു വളരെ പ്രയോജനപ്രദമായ ഒരു പരിപാടിയാണെങ്കിലും കണക്കുകൾ പരിശോധിച്ചുനോക്കുമ്പോൾ വളരെ കുറഞ്ഞ ആളുകൾക്കുമാത്രമാണിതിൻെറ പ്രയോജനം ലഭിച്ചതെന്നു വ്യക്തം. 1995-96 വർഷം വരെ ആകെ 11 പേർക്കാണ് ഇതുവഴി പരിശീലനം നൽകിയിട്ടുള്ളത്. 1996-97 ൽ 6 പേരെ പരിശീലനത്തിനയച്ചിട്ടുണ്ട്.

ഓരോ വർഷവും ചുരുങ്ങിയത് 100 പേർക്കെങ്കിലും പരിശീലനം നൽകുകയും അവർക്ക് IRDP ധനസഹായം ലഭ്യമാക്കുകയും ചെയ്തുകൊണ്ട് ഈ പദ്ധതി യുവജനങ്ങൾക്ക് "സ്വയം തൊഴിൽ" എന്ന ആശയം പ്രാവർത്തികമാക്കാൻ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## കൈത്തൊഴിൽ ഉപകരണ വിതരണ പരിപാടി

IRDP സർവെ പ്രകാരം 88 ഗ്രാമീണ കൈത്തൊഴിൽ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ 1995-96 വർഷം വരെ 33 കുടുംബങ്ങൾക്ക് ആണ് കൈത്തൊഴിലുപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്ന ഒരു പദ്ധതി എന്ന നിലയിൽ ഇതിനു പ്രാധാന്യമേറെയുണ്ട്. ഇരുമ്പുപണി, സ്വർണ്ണപണി, ചെരിപ്പ് നിർമ്മാണം മുതലായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് 2000 രൂപയുടെ സഹായവും വൈദ്യുതി ഉപയോഗിച്ചുപ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങളാണെങ്കിൽ, 4500 രൂപ വരെ വില വരുന്ന സബ്സിഡിയോടെ വിതരണം ചെയ്യുന്ന ഈ പദ്ധതി സർവേപ്രകാരം കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

## IAY (ഇന്ദിര ആവാസ് യോജന)

ദാരിദ്രരേഖയ്ക്കു താഴെയുള്ളവരും സ്വന്തമായി 2 സെൻറ് ഭൂമിയുള്ളവരും വാസയോഗ്യമായ വീടില്ലാത്തവരുമായ ആളുകൾക്കു പ്രയോജനപ്പെടുന്ന ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നവരിൽ 60% പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപെട്ടവരായിരിക്കണം എന്ന വ്യവസ്ഥയുണ്ട്. 1995-96 വർഷം വരെ ഇത്തരം വീടുകൾക്ക് അനുവദിച്ചിരുന്ന ധനസഹായം 15800 രൂപയായിരുന്നു. ഈ വർഷം മുതൽ ഈ തുക 22,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും നിർമ്മാണചെലവു ഭീമമായി വർദ്ധിച്ചസാഹചര്യത്തിൽ തുക 35000 രൂപയെങ്കിലുമായി ഉയർത്തേണ്ടതാണ്

1995-96 വർഷം വരെ നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം 20 വീടുകളാണ് അനുവദിച്ചുകിട്ടിയത്. 1996-97ൽ 10 പേർക്കു വീടനുവദിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അർഹരായ പട്ടികജാതി കുടുംബങ്ങൾ കുറവാണ്. മററു വിഭാഗങ്ങളിൽ ഇതു വളരെ കൂടുതലുമാണ് അർഹമായ പ്രാതിനിധ്യത്തിന് SC/ST വിഭാഗത്തിൽപെട്ടവർ ഇല്ലാതെ വരുമ്പോൾ മററുവിഭാഗത്തിലെ അർഹരായ കുടുംബങ്ങൾക്ക് ഇതു നൽകുവാനുള്ള ഭേദഗതി വരുത്തി ഈ പദ്ധതി കൂടുതൽ പ്രയോജനകരമാക്കേണ്ടതാണ്.

## മില്യൻ വെൽ സ്കീം (ദശലക്ഷകിണർ പദ്ധതി)

JRY പദ്ധതിയിൽ ലഭിക്കുന്ന തുകയുടെ 30 ശതമാനം തുക ഉപയോഗിച്ചു നടപ്പാക്കുന്ന പദ്ധതിയാണിത്. IRDP സർവെ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട SC/ST, ചെറുകിട നാമമാത്രകർഷകർ മുതലായവർക്കു പ്രയോജനപ്പെടുന്ന ഈ പദ്ധതിയിൽ ഗുണഭോക്താവിന് ഭക്ഷ്യ വിളകളോ, നാണ്യവിളകളോ, പച്ചക്കറിയോ കൃഷിചെയ്യാനുള്ള ഭൂമി സ്വന്തമായുണ്ടായിരിക്കണം. എന്ന നിബന്ധന ഉണ്ട്. പൊതുജലസേചനത്തിനുള്ള കിണറുകൾ, ടാങ്കുകൾ, കനാലുകൾ എന്നിവ നിർമ്മിക്കുന്നതും പ്രകൃതിദത്തമായ ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതും മണ്ണൊലിപ്പു തടയുന്നതും ചതുപ്പുനിലം കൃഷിയോഗ്യമാക്കുന്നതും ഇതിന്റെ ഭാഗമാണ്.

ഈ പദ്ധതിയുടെ പ്രയോജനം വേണ്ട വിധത്തിൽ ലഭ്യമാകുന്നില്ല. ആവശ്യമായ ബോധവത്കരണത്തിലൂടെ ഈ പദ്ധതിയിലേക്ക് ജനശ്രദ്ധ തിരിക്കേണ്ടതുണ്ട്.

## CRSP (കേന്ദ്രഗ്രാമ ശുചിത്വ പരിപാടി)

ഗ്രാമീണ ശുചിത്വം, ആരോഗ്യരംഗത്ത് അനിവാര്യമായ ഘടകമാണ്. ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ദാരിദ്രരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതി എന്ന നിലയിൽ ഇതു പ്രാധാന്യമർഹിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കക്കൂസില്ലാത്ത കുടുംബങ്ങൾ വളരെയേറെ ഉണ്ടെങ്കിലും 44 കക്കൂസുകൾ മാത്രമാണ് ഈ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ളത്. ദാരിദ്രരേഖയ്ക്കു താഴെയുള്ള കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കുന്ന ഒരു തീവ്രയത്നപരിപാടി നടപ്പാക്കി പഞ്ചായത്തിലെ പരിസര ശുചിത്വം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ

## പെൻഷൻ

വിവിധകാരണങ്ങളാൽ ജീവിതം വഴിമുട്ടിനിൽക്കുന്ന അവശരായ ആളുകൾക്ക് സഹായമെത്തിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള വിവിധപെൻഷനുകൾ നിലവിലുണ്ടെങ്കിലും അർഹരായ നിരവധി ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്നത് വൈരുധ്യമായി അവശേഷിക്കുന്നു. വിധവാപെൻഷൻ, വികലാംഗപെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വാർധക്യപെൻഷൻ മുതലായവയാണ് ഈ ഗണത്തിൽ പെടുന്നത്. വിധവാ പെൻഷൻ ലഭിക്കുന്നതിന് പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടാകുന്നത് തടസ്സമായിരിക്കുന്നു. ഇതിൽ മാററം വരുത്തി വരുമാനത്തെ നിശ്ചയിച്ചു ലഭ്യമാക്കാൻ നടപടി ഉണ്ടാവണം.

വികലാംഗ പെൻഷൻ ലഭിക്കുന്നതിനും വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കററ് ലഭിക്കുന്നതിന് അനുഭവപ്പെടുന്ന പ്രയാസം ലഘൂകരിക്കുന്നതിനു നടപടികളുണ്ടാവണം.

വാർദ്ധക്യ പെൻഷൻ പഞ്ചായത്തിലേക്കു കൈമാറിയതിനാൽ നിയമ വിധേയമായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തു സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ അർഹരായ മുഴുവൻ ആളുകൾക്കും നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയെങ്കിൽ മാത്രമേ ജീവിതത്തിന്റെ നല്ലപങ്കും കാർഷിക മേഖലയിൽ ചെലവഴിച്ച് അവശനായ തൊഴിലാളിക്ക് ആശ്വാസം പകരാൻ സാധിക്കൂ. പെൻഷൻ അനുവദിച്ചുകിട്ടിയാലും പണം ലഭിക്കുന്നതിനു വേണ്ടിവരുന്ന കാത്തിരിപ്പിനു വിരാമമിടാൻ സത്വരനടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പ്രഥമഗണനീയമാണ് അംഗൻവാടികൾ. ഏറെക്കുറെ ഒരു വിവിധോദ്ദേശ്യപരിപാടിയാണ് ഇതുവഴി പ്രാവർത്തികമാകുന്നത് എന്നു വേണമെങ്കിൽ പറയാം. സ്ക്കൂൾ പ്രായമെത്തിയിട്ടില്ലാത്ത കുട്ടികൾക്കുമാത്രമല്ല മുലയൂട്ടുന്ന അമ്മമാർക്കും ഗർഭി ണികൾക്കുമെല്ലാം ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

ഈ പഞ്ചായത്തിൽ മൊത്തം 24 അംഗൻവാടികളാണുള്ളത്. 1000 പേർക്ക് ഒരു അംഗൻവാടി എന്ന ICDS ന്റെ ലക്ഷ്യം നിറ

വേറണമെങ്കിൽ പുതുതായി 5 അംഗൻവാടി കൾകൂടി ഈ പഞ്ചായത്തിൽ അനുവദിക്കണം.

സ്വന്തമായി കെട്ടിടമുള്ള അംഗൻവാടി ഒന്നു മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. എല്ലാ അംഗൻവാടികൾക്കും കെട്ടിടമുണ്ടാക്കാൻ സാധ്യമാകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. കെട്ടിടനിർമ്മാണത്തിന് ഇപ്പോൾ അനുവദിക്കുന്ന 25,000 രൂപ തീരെ അപര്യാപ്തമാണ് ഇത് 75,000രൂപയായി വർദ്ധിപ്പിക്കുകയും സ്ഥലം കണ്ടെത്തുന്നതിന് 10,000 രൂപയെങ്കിലും അനുവദിക്കുകയും ചെയ്യേണ്ടതാണ്. പ്രാഥമികസൗകര്യങ്ങൾ പോലുമില്ലാത്ത സാഹചര്യത്തിലാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളെ ഈ ദുരവസ്ഥയിൽ തുടരാൻ അനുവദിക്കുന്നത് ക്ഷന്തവ്യമല്ല. കേവലം ഒരു വർക്കറും ഒരു ഹെൽപ്പറും മാത്രമാണ് അംഗൻവാടിജീവനാക്കാരായുള്ളത്. ഏററവും കൂടുതൽ ജോലിഭാരമുള്ള ഈ വിഭാഗമായിരിക്കും ഒരു പക്ഷെ ഏററവും കുറഞ്ഞവേതനം പററുന്ന വിഭാഗവും ഇതിനു പരിഹാരം കാണുന്നതിൻെറ ഭാഗമായി അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചു മാന്യമായ വേതനം നൽകാൻ നടപടി എടുക്കണം. എങ്കിൽ മാത്രമേ സാമൂഹ്യസേവനരംഗത്ത് ഉറച്ചുനിന്നുപ്രവർത്തിക്കാനുള്ള മനോഭാവം വളർത്തിയെടുക്കാനും അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കുകയുള്ളൂ.

## പൊതുവിതരണം

പഞ്ചായത്തിലാകെയുള്ള 5 റേഷൻഷാപ്പുകളിൽ ആകെ 2372 കാർഡുകളാണുള്ളത്. മാവേലിസ്റ്റോറുകളോ മററു പൊതുവിതരണ കേന്ദ്രങ്ങളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൻെറ പരിധിയിലുള്ള മങ്കട പള്ളിപ്പുറം സഹകരണബാങ്കിൽ, ഓണക്കാലത്ത് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് വിൽപന നടത്തിവരുന്നത്, ആ കാലയളവിൽ ഉണ്ടാവാറുള്ള അസാധാരണമായ വിലക്കയററം പിടിച്ചു നിർത്താൻ സഹായകമാണ്.

പഞ്ചായത്തിൽ പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനു കൂട്ടിലങ്ങാടി, പടിഞ്ഞാററുംമുറി, വള്ളിക്കാപററ എന്നിവിടങ്ങളിൽ ഓരോ മാവേലി സ്റ്റോറുകൾ ആരംഭിക്കേണ്ടതാണ്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും പഞ്ചായത്തിൽ സ്വീകരിച്ചു പരിഹാരം കാണുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. 400 ൽ കൂടുതൽ കാർഡുകളുള്ള റേഷൻ കടകൾ വിഭജിച്ച് സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുവാൻ നടപടി എടുക്കേണ്ടതാണ്.

5 – 8

# സംസ്കാരം

മുൻപ് സൂചിപ്പിച്ചതുപോലെ സഹിഷ്ണുതയിലും, സൗഹൃദത്തിലും അധിഷ്ഠിതമായ ഒരു ഭൂതകാലമാണ് നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ കാതൽ. ദൃഢമായ മതവിശ്വാസത്തോടൊപ്പം മതേതരമായ പരസ്പരസ്നേഹവും വിശ്വാസ്യതയും ഇവിടെ പുലർന്നിരുന്നുവെന്നത് തീർത്തും അഭിമാനകരമാണ്.

ദേശാന്തര പ്രശസ്തി നേടിയ കലാകാരന്മാരേയോ സാഹിത്യകാരന്മാരേയോ സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അതേസമയം മികവുറ്റൊരു കലാസാഹിത്യാസ്വാദന പാരമ്പര്യം നമുക്ക് അവകാശപ്പെടാവുന്നതാണ്. ദേവാലയങ്ങളുടെ ഉത്സവച്ചടങ്ങുകളിലും മതസംബന്ധമായ ആഘോഷങ്ങളിലുമൊക്കെ ന[illegible]യുള്ള കലാകാരന്മാരേയും അനുഗ്രഹ[illegible]മായ കലാസൃഷ്ടികളേയും ആദരപൂർവ്വം സ്വീകരിക്കുന്ന ഒരു പതിവ് നമുക്കുണ്ടായിരുന്നു. പഞ്ചായത്തിലെ പ്രധാനക്ഷേത്രമായിരുന്ന പടിഞ്ഞാററുമുറിയിലെ മേതൃക്കോവിലിൽ നടന്നുവന്നിരുന്ന ഗംഭിരമായ ഉത്സവാഘോഷവും പുരാതനമായ പള്ളിപ്പുറത്തെ നേർച്ചയാഘോഷവും ഇക്കാര്യത്തിൽ ഉത്തമദൃഷ്ടാന്തങ്ങളാണ്. പതിനൊന്ന് ദിവസംവരെ നീണ്ടുനിന്നിരുന്ന മേതൃക്കോവിലിലെ ഉത്സവാഘോഷത്തോടനുബന്ധിച്ച് ക്ലാസിക് ക്ഷേത്രകലകളായ കഥകളി, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, പുരാണകഥാഖ്യാനം എന്നിവയൊക്കെ പതിവായി അരങ്ങേറിയിരുന്നു. അക്കാലത്തെ നിരവധി പ്രമുഖരായ കലാകാരന്മാർ ഇതിൽ പങ്കെടുത്തിട്ടുണ്ട്. ആദ്യ പഞ്ചായത്തുഭരണസമിതിയുടെ പ്രസിഡണ്ടായിരുന്ന കൂരിമണ്ണിൽ പട്ടിയിൽ ബാപ്പുഹാജിയുടെ നേതൃത്വത്തിൽ പ്രശസ്തമായ ഒരു കോൽക്കളിസംഘം പള്ളിപ്പുറത്തുണ്ടായിരുന്നു. മുസ്ലീം വിവാഹങ്ങളെ സംഗീതമയമാക്കിയിരുന്ന 'എതിരേൽക്കൽ' ചടങ്ങുകളും ഹിന്ദുവിവാഹങ്ങളോടനുബന്ധിച്ച് തയ്യാറാക്കിയിരുന്ന കാവ്യഗുണമുള്ള മംഗളപത്രങ്ങളും ആഘോഷങ്ങളേയും ചടങ്ങുകളേയും സാഹിത്യ കലാപ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കുന്നതിന് പണ്ടുണ്ടായിരുന്ന താല്പര്യം വ്യക്തമാകുന്നു.

റേഡിയോ ആർട്ടിസ്ററായ കെ.സി.പി നമ്പൂതിരി, പൂർവ്വകാല നാടൻകവികളായിരുന്ന അവറാൻകുട്ടി, കോയകുട്ടിമാസ്ററർ തുടങ്ങിയവരുടെ പേരുകൾ ഇവിടെ സ്മരണീയമാണ്.

1960 കളിൽ ജനകീയ കലാപ്രവർത്തനങ്ങൾ വ്യാപകമായപ്പോൾ നമ്മുടെ പഞ്ചായത്തിനേയും അത് സ്വാധീനിച്ചിട്ടുണ്ട്. അക്കാലത്ത് നിലവിൽവന്ന നിരവധി കലാകായിക സംഘടനകൾ രണ്ടു പതിററാണ്ടോളം നമ്മുടെ പഞ്ചായത്തിൽ സജീവമായിരുന്നു. ഈസംഘടനകളുടെയും ക്ലബ്ബുകളുടെയും വാർഷികാഘോഷങ്ങളും ഗ്രാമീണ കലാപ്രവർത്തനങ്ങളും ജനങ്ങളെ വലിയ തോതിൽ ആകർഷിക്കുകയും ചെയ്തിരുന്നു. പടിഞ്ഞാററുമുറിയിലെ യുണൈററഡ് ബ്രദേഴ്സ് ക്ലബ്, മാസ് തിയ്യേറ്റേഴ്സ്, നെഹ്റു യുവക് സ്പോർട്സ് ക്ലബ്, സൃഷ്ടി സ്പോർട്സ് & ആർട്സ് ക്ലബ്, വള്ളിക്കപ്പാറയിലെ കല്പന യുവജനവായനശാല &സ്പോർട്സ് ക്ലബ് തുടങ്ങിയവ ഇക്കാലത്ത് സജീവമായി പ്രവർത്തിച്ചിരുന്ന കലാകായിക സംഘടനകളാണ്. പഞ്ചായത്തിലെ ചില ഗ്രന്ഥശാലകളും വായനശാലകളും ഉടലെടുത്തത് ഇക്കാലത്താണ്.

എന്നാൽ മറ്റെല്ലായിടത്തുമെന്നപോലെ നമ്മുടെ പഞ്ചായത്തിലും സാംസ്കാരിക രംഗത്തു് അടുത്തകാലത്തായി വലിയ തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളത്. കലാ കായികപ്രവർത്തനങ്ങൾ പഞ്ചായത്തിൽ ഏറക്കുറെ നിലച്ചിരിക്കുകയാണ്. ഓണം, ബക്രീദ് തുടങ്ങിയ വിശേഷാവസരവേളകളിൽ അപൂർവ്വമായി മാത്രം നടത്തപ്പെടുന്ന കായിക മത്സരങ്ങളിലേക്കും സ്കൂൾവാർഷികാഘോഷങ്ങളിലേക്കും ചുരുങ്ങിപ്പോയിരിക്കുകയാണ് നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങൾ. പഞ്ചായത്തിൽ ഇപ്പോൾ വിരലിലെണ്ണാവുന്ന സാംസ്കാരിക സംഘടനകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. നെഹ്റുയുവക് കേന്ദ്രയുമായി അഫിലിയേററ് ചെയ്തിട്ടുള്ള പടിഞ്ഞാററുമുറിയിലെ പ്രിയദർശിനിക്ലബ് യുവധാരതിയ്യേറ്റേഴ്സ്, മങ്കടപള്ളിപ്പുറത്തെ ബ്രദേഴ്സ് ക്ലബ് എന്നിവ ഇതിൽ ഉൾപ്പെടും. പടിഞ്ഞാററുമുറിയിലെ തന്നെ യുണൈററഡ് ബ്രദേഴ്സ് ക്ലബ് സ്വന്തമായി കെട്ടിടമുള്ള ഏകസ്ഥാപനമാണ്.

### വായനശാലകൾ

കേരള ഗ്രന്ഥശാലാസംഘത്തിൻെറ ധനസഹായത്തോടെ പ്രവർത്തിക്കുന്ന രണ്ട് ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിലുണ്ട്. പടിഞ്ഞാററുമുറിയിലെ ഗാന്ധിസ്മാരക വായനശാലയും മങ്കടപള്ളിപ്പുറത്തെ പൊതുജന വായനശാലയുമാണവ. ഈ ഗ്രന്ഥാലയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ ചേർക്കുന്നു.

വായനശാലകളുടെയും ഗ്രന്ഥാലയങ്ങളുടെയും എണ്ണം കുറയുക മാത്രമല്ല നിലവിലുള്ള ഗ്രന്ഥാലയങ്ങൾ പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വായിക്കുന്നവർ തന്നെ ഗൗരവതരമായ വൈജ്ഞാനിക ഗ്രന്ഥങ്ങളോ സാഹിത്യമേന്മയുള്ള പുസ്തകങ്ങൾക്കോ പകരം നിലവാരം കുറഞ്ഞതെന്ന് കരുതപ്പെടുന്ന പുസ്തകങ്ങളോട് ആഭിമുഖ്യം പുലർത്തുന്നുവെന്നാണ് സൂചനകൾ പഞ്ചായത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ടെലിവിഷൻ മാധ്യമങ്ങൾ ആസ്വാധന നിലവാരം താഴ്ത്തുകയാണ് ചെയ്യുന്നത്. കുട്ടികളുടെ പഠനത്തേയും ഇത് പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിൽ കേബിൾ ടി.വി. നെററ്വർക്കുകൾ പ്രവർത്തിക്കുന്നില്ല. ക്രിക്കററിനോട് ആഭിമുഖ്യം വർദ്ധിച്ചുവരുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ ഇഷ്ട കായിക വിനോദം ഫുട്ബോളാണ്. ജില്ലയിലെ മികച്ച ഫുട്ബോൾ ടീമുകളിലൊന്ന് അടുത്ത കാലംവരെ പഞ്ചായത്തിലുണ്ടായിരുന്നു. സന്തോഷ്ട്രോഫിയിൽ കേരളത്തെ പ്രതിനിധീകരിച്ചമുഹമ്മദ് അൽ അൽബർ ഈ പഞ്ചായത്തുകാരനാണ്. എന്നാൽ ഈ ജനപ്രിയവിനോദം പ്രോത്സാഹിപ്പിക്കുന്നതിനുള്ളൊരു ശ്രമവും ഇപ്പോൾ നടക്കുന്നില്ലെന്നാണ് വാസ്തവം. ഒരു ഗ്രൗണ്ട് പോലും പഞ്ചായത്തിലിപ്പോൾ നിലവില്ല.

| നമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മററു പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | മങ്കടപള്ളിപ്പുറം വായനശാല | 1951 | — | 4296 | 700 | 9 | — |
| 2 | ഗാന്ധിസ്മാരക വായനശാല പടിഞ്ഞാററുമുറി | 1957 | D | 4473 | 1200 | ദേശാഭിമാനി പത്രം<br>ദേശാഭിമാനി വാരിക<br>മാതൃഭൂമി വാരിക<br>കലാകൗമുദി<br>ചിന്ത<br>Frontline | ഈ വർഷം ഒരു ലഹരി വിരുദ്ധസെമിനാർ നടത്തിയിരുന്നു. |

നിർദ്ദേശങ്ങൾ

1.വായനയോട് ആഭിമുഖ്യം വളർത്താൻ സഹായകമായ സഹായകമായ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തങ്ങൾ സംഘടിപ്പിക്കണം.

2.എല്ലാവാർഡുകളിലും ഓരോ വായനശാലകൾ സ്ഥാപിക്കുന്നതിന് സഹായം നൽകണം.

3.പഞ്ചായത്തിൽ ഒരു പ്രധാന കേന്ദ്രത്തിൽ ഗ്രന്ഥാലയത്തോടുകൂടിയ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

4.പഞ്ചായത്തിൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ഒരു ഗ്രൗണ്ട് കം ഓപ്പൺ എയർ ഓഡിറ്റോറിയം പണിയണം.

5.പഞ്ചായത്ത് തല കലാ കായിക മത്സരങ്ങൾ കൂടുതൽ ആസൂത്രിതമായും പ്രാധാന്യത്തോടെയും സംഘടിപ്പിക്കണം.

6. ദൂരദർശൻ പരിപാടികളുടെ ഗുണനിലവാരത്തിൽ അടിസ്ഥാനപരമായ മാററം ഉറപ്പുവരുത്തുകയും കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ പരിപാടികളുടെ സമയത്തിൽ മാററം വരുത്തുകയും വേണം.

7.പഞ്ചായത്ത്വക വെയിററിംഗ് ഷെഡുകളുടെ മുകൾ ഭാഗത്ത് സാംസ്കാരിക സംഘടനകൾക്കുവേണ്ടി മുറികൾ പണിയാവുന്നതാണ്. 8ാംവാർഡിൽനിന്നും വന്ന ഈ നിർദ്ദേശം ഗൗരവമായ പരിഗണന അർഹിക്കുന്നു.



## 5 – 9

# വനിത

സാമൂഹ്യമായി സ്ത്രീകൾ ഏററവും പിന്നണിയിൽ കിടക്കുന്ന ഒരു പഞ്ചായത്താണ് കൂട്ടിലങ്ങാടി. വളരെക്കാലമായി ഈ സ്ഥിതിവിശേഷം തന്നെയാണ് തുടരുന്നത്.

പഴയ കാലത്ത് പെൺകുട്ടികൾക്ക് സ്കൂൾവിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. കുടിപ്പള്ളിക്കൂടത്തിലൂടെയാണ് ഉയർന്ന ഹൈന്ദവകുടുംബങ്ങളിലെ ചുരുക്കം പെൺകുട്ടികൾ എഴുതുവാനും വായിക്കുവാനുമുള്ള അറിവ് നേടിയിരുന്നത്. എന്നാൽ എല്ലാജാതിയിൽപ്പെട്ടവർക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു. മുസ്ളീം പെൺകുട്ടികൾക്ക് മതപഠനം മാത്രമാണ് ലഭിച്ചിരുന്നത്. പൊതുപരിപാടികൾക്കൊന്നുംതന്നെ സ്ത്രീകൾ മുന്നോട്ടു വന്നിരുന്നില്ല. ഈ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം 14172 ആണ്. ഇത് പുരുഷൻമാരുടെ എണ്ണത്തെക്കാൾ 660 എണ്ണം കൂടുതലാണ്. എന്നാൽ ഇതിന് ആനുപാതികമായ ഒരു പരിഗണന അവർക്ക് ലഭിച്ചിട്ടില്ല.

1919 ൽ മങ്കട പള്ളിപ്പുറം എൽ.പി. സ്കൂൾ ഉണ്ടായപ്പോഴാണ് ഈ പഞ്ചായത്തിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചത്. 1929 ൽ പടിഞ്ഞാറ്റുമുറിയിൽ എൽ.പി.സ്കൂൾ ഉണ്ടായതും അവരുടെ പഠനത്തിന് സഹായകമായി. ഹൈസ്കൂൾ പഠനത്തിനായി മറ്റു പ്രദേശങ്ങളെ ആശ്രയിക്കുന്ന രീതിയാണ് ആ കാലങ്ങളിൽ ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്ന പെൺകുട്ടികൾ വളരെ കുറവായിരുന്നു. മങ്കട പള്ളിപ്പുറം ഹൈസ്കൂൾ ആരംഭിച്ചതോടെയാണ് മുസ്ലീം പെൺകുട്ടികൾ ഉയർന്ന ക്ലാസുകളിൽ പഠിക്കാൻ തുടങ്ങിയത്. മുസ്ളീം പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ പടിഞ്ഞാററുമുറി പ്രദേശം വളരെ മുൻപു മുതൽക്കെ മുന്നിട്ടു നിന്നിരുന്നു. വിദ്യാഭ്യാസം നേടിയ മുസ്ളീം സ്ത്രീകൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

പരമ്പരാഗത തൊഴിൽമേഖലകളായ പായനെയ്ത്ത്, തുണിനെയ്ത്ത്, പരമ്പ്, കുട്ട ഉണ്ടാക്കൽ ഓലപ്പായമെടയൽ, മൺപാത്ര നിർമാണം, കൃഷിപണി എന്നിവയിൽ കൃഷിപണിഒഴികെ മറ്റെല്ലാം നശിച്ചുകഴിഞ്ഞിരിക്കുന്നു. മൺപാത്ര നിർമ്മാണം ഒരു സമുദായത്തിൻെറ തൊഴിൽ എന്ന നിലയിൽ നാല് എട്ട് വാർഡുകളിൽ ചുരുക്കം കുടുംബങ്ങൾ ഉപജീവനമാർഗ്ഗമായി ഇന്നും സ്വീകരിക്കുന്നുണ്ട്. കാർഷികമേഖലയിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം വൻതോതിൽ കുറഞ്ഞുവരികയാണ്. അടുത്തകാലത്തായി കൂടിവന്ന കെട്ടിടനിർമാണ മേഖലയാണ് ഇതിലെ ഒരുവിഭാഗം സ്ത്രീ തൊഴിലാളികളെ സ്വീകരിച്ചിട്ടുള്ളത്. വീട്ടുജോലിക്കു പോകുന്ന സ്ത്രീകളുടെ എണ്ണവും വളരെ കുറഞ്ഞിട്ടുണ്ട്. സേവന മേഖലകളിലും തയ്യൽപോലുള്ള തൊഴിലുകളിലും ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

സേവനമേഖലയൊഴികെ മറ്റെല്ലാ തൊഴിൽരംഗത്തും സ്ത്രീകളുടെ കൂലി പുരുഷൻമാരുടേതിനെ അപേക്ഷിച്ച് കുറവാണ്. കർഷകതൊഴിലാളി സ്ത്രീക്ക് അറുപതു മുതൽ എൺപതു വരെ ഉറുപ്പിക കൂലിയുള്ളപ്പോൾ പുരുഷൻമാരുടേത് നൂറുമുതൽ നൂററമ്പതു രൂപ വരെയാണ്. ഇതുപോലുള്ളവ്യത്യാസം മറ്റുരംഗങ്ങളിലും നിലനിൽക്കുന്നു.

പാചകം, കുട്ടികളെ പരിചരിക്കുക തുടങ്ങിയ വീട്ടുജോലികൾക്കു പുറമെ പുരയിട കൃഷിയുമായി ബന്ധപ്പെട്ട നാനാപണികൾ ചെയ്യുക, ആടുമാടുകളെ നോക്കുക, ഭക്ഷണത്തിനാവശ്യമായ ഫലമൂലാദികൾ, വിറക് എന്നിവ ശേഖരിക്കുക, വേനൽക്കാലങ്ങളിൽ ഓലമെടയുക, മുറ്റംപണിച്ചെയ്യുക തുടങ്ങി നാനാവിധ കാണാപ്പണികളും സ്ത്രീകൾ ചെയ്യുന്നു.

ഭൂരിപക്ഷം കുടുംബങ്ങളിലും പുരുഷൻമാർ ഗൾഫിൽ ആയതിനാൽ കുടുംബഭാരം ചുമക്കുന്നത് സ്ത്രീകളാണ്. എങ്കിലും ഭർതൃപിതാവിൻെറയോ, മാതാവിൻെറയോ, സഹോദരൻെറയോ നിയന്ത്രണത്തിലാണ് കുടുംബഭരണം നിർവഹിക്കപ്പെടുന്നത്.

ഈ പഞ്ചായത്തിൽ 24 അംഗനവാടികളുണ്ട്. ഒന്നൊഴികെ മറ്റെല്ലാം വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കാലക്രമേണ കെട്ടിട ഉടമകൾ ഇവ ഒഴിപ്പിക്കാൻ സാധ്യത ഉണ്ട്. അംഗനവാടികളിൽ കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങളോ വിനോദത്തിനും ആരോഗ്യവികസനത്തിനും ആവശ്യമായ സംവിധാനങ്ങളോ ഇല്ല. അംഗനവാടി ജീവനക്കാരുടെ വരുമാനം സമാനമേഖലയിലെ ജീവനക്കാരനുമായി തട്ടിച്ചുനോക്കുമ്പോൾ തുഛമാണ്. അംഗനവാടിയുമായി ബന്ധപ്പെട്ട് 176 ഗർഭിണികളും 266 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്.

DWCRA യുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവന്ന ബുക്ക് ബൈൻഡിംഗ് യൂണിററ് തകർന്നുപോയി. കാരണം ഇതിനുവേണ്ടി വാങ്ങിയ യന്ത്രം അനുയോജ്യമായതായിരുന്നില്ല. എന്നതിനുപുറമെ അതിനുവേണ്ട കടലാസ് ലഭ്യമാക്കാനുള്ള ഏർപ്പാടുകളും ഇല്ലായിരുന്നു. മറ്റൊന്ന് ഒരു വനിതാ കൊപ്രസംസ്കരണ യൂണിററാണ്. ഈ സ്ഥാപനം ഇപ്പോഴും പ്രവർത്തിച്ചുവരുന്നുണ്ട്. വനിതകളുടെ നേതൃത്വത്തിൽ ഒരു സ്വകാര്യ പ്രസ്സ് പടിഞ്ഞാററുമുറിയിൽ പ്രവർത്തിക്കുന്നുണ്ട്. കൊല്ലങ്ങൾ പഴക്കമുള്ളതാണെങ്കിലും ഈ പ്രസ്സിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാനുള്ള സാമ്പത്തിക സ്ഥിതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. മൂന്നാം വാർഡിൽ വനിതകൾ നടത്തുന്ന ഒരു ടൈപ്പ്റൈററിങ്ങ് ഇൻസ്ററിററ്യൂട്ടും 1,3,5 വാർഡുകളിൽ ഓരോ തുന്നൽ പരിശീലനകേന്ദ്രങ്ങളും ഉണ്ട് ഇവയും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സി.ബി.എൻ.പി.യുടെ പ്രവർത്തനവും പഞ്ചായത്തിലുണ്ട്. ബഹുജനസംഘടനകളിലെ വനിതാപങ്കാളിത്തം തീരെ തൃപ്തികരമല്ല. പഞ്ചായത്തുതെരഞ്ഞെടുപ്പിൽ മത്സരിച്ച വനിതാ സ്ഥാനാർത്ഥികൾപോലും ബഹുജനസംഘടനകളുടെ മുന്നണി പ്രവർത്തകരാണെന്ന് പറഞ്ഞുകൂടാ. സാമൂഹ്യവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയാണ് വനിതകൾ വേണ്ടത്രമുന്നോട്ട് വരാതിരിക്കുവാനുള്ളകാരണം പഞ്ചായത്തിലെ രണ്ടു മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതും ഇതിനൊരുകാരണമാണ്. സ്ത്രീകൾക്ക് പൊതു രംഗത്ത് മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നതിൽ സമൂഹവും സമുദായങ്ങളും പ്രകടിപ്പിക്കുന്ന അസഹിഷ്ണുതയും വലിയൊരളവിൽ ഇതിനുകാരണമാണ് സ്ത്രീധനപീഢനത്തിനും സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കും എതിരെ പ്രതികരിക്കാനുള്ള തൻേറടം സ്ത്രീ സമൂഹം കൈവരിച്ചിട്ടില്ല.

## നിർദ്ദേശങ്ങൾ

സ്ത്രീകൾക്ക് തൊഴിൽ നൽകാനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം. സാമൂഹ്യമായും വിദ്യാഭ്യാസപരമായും അവരെ ഉയർത്തിക്കൊണ്ടുവരുന്നതിൽ തൊഴിൽ സംരഭങ്ങൾക്ക് വലിയസ്ഥാനമുണ്ട്. കൂട്ടായ പ്രവർത്തനത്തിൻേറയും കൂട്ടായ ഉത്തരവാദിത്വത്തിൻെറയും സാമ്പത്തികവളർച്ചനേടുന്നതിൻെറയും കാര്യത്തിൽ ഈ തൊഴിൽ സ്ഥാപനങ്ങളുടെ സ്ഥാനം പ്രാധാനമാണ്. തുന്നൽ പരിശീലനവും റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും നടത്തുന്നതിനുള്ള യൂണിററ്, അച്ചാർ കൊണ്ടാട്ടം, പപ്പടം എന്നിവ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം, കോഴിവളർത്തൽ, പശുവളർത്തൽ, ആടുവളർത്തൽ, സോപ്പ് സൂപ്പർ വൈററ് ഇവയുടെ നിർമ്മാണത്തിനുള്ള

യൂണിററ്, പായ്നെയ്ത്ത്കേന്ദ്രം, കൊപ്ര സംസ്കരണ യൂണിററ്, നൂൽനൂൽപ്പ്, മെഴുകുതിരിനിർമ്മാണം, എന്നീ തൊഴിൽ സംരംഭങ്ങൾ വനിതകളുടെ സംയുക്താഭിമുഖ്യത്തിലും നിയന്ത്രണത്തിലുമായി ആരംഭിക്കണം. അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിന് ആവശ്യമായ വിത്ത്, വളം, കീടനാശിനികൾ എന്നിവ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കണം. ഉൽപ്പന്നങ്ങൾക്ക് വിപണനസൗകര്യം ഏർപ്പെടുത്തണം. പഞ്ചായത്തിലെ ഹെൽ ത്ത്സെൻറർ പ്രദേശത്ത് സ്ത്രീകളുടേതായ ലാബോറട്ടറി നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. ഹെൽത്ത്സെൻററിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തണം. ഗവ. ആയുർവ്വേദ ആശുപത്രിക്ക് സൗജന്യമായി ലഭിച്ചസ്ഥലത്ത് കെട്ടടംപണിപൂർത്തിയാക്കി വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആശുപത്രി അങ്ങോട്ടുമാററണം. ഒരു ഗവ.ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണം. കൂട്ടിലങ്ങാടി പടിഞ്ഞാററുമുറി, മങ്കടപള്ളിപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ പൊതുകക്കൂസുകൾ മൂത്രപ്പുര എന്നിവ നിർമ്മിക്കണം. സ്ത്രീപീഢനത്തെക്കുറിച്ച് പോലീസ് വനിതാ സെല്ലിനുള്ള അക്ഷേപങ്ങൾ സ്വീകരിക്കുന്ന പരാതിപ്പെട്ടികൾ സ്ഥാപിക്കണം. അംഗനവാടി ജീവനക്കാരുടെ വേതനം സമാനമേഖലയിലെ ജീവനക്കാരുടേതിന് തുല്യമായി വർദ്ധിപ്പിക്കണം.



# 5 – 10

# സഹകരണമേഖല

ജനകീയാസൂത്രണപദ്ധതിയുടെ അന്തഃസത്ത 'സഹകരണം' എന്നതിനെ ഊന്നിക്കൊണ്ടുള്ളതാണ് "ഐക്യമത്യം മഹാബലം" "ഒത്തുപിടിച്ചാൽ മലയും പോരും" എന്നീ പഴമൊഴികൾ ഇതിനെ അന്വർഥമാക്കുന്നു. സഹകരണത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനത്തിനുമാത്രമെ വിജയം കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. ഇന്ത്യയിൽ 19-ാം നൂററാണ്ടിൻെറ അവസാനഘട്ടത്തിലാണു സഹകരണപ്രസ്ഥാനം വേരുവെച്ചത് ഗ്രാമങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസനം പ്രത്യേകിച്ചും സഹകരണ പ്രസ്ഥാനത്തിൽ ഊന്നിക്കൊണ്ടേ സാധ്യമാകൂ. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. കാർഷിക മേഖലയിൽ നിന്ന് സഹകരണപ്രസ്ഥാനത്തെ മാററിനിർത്തുക സാധ്യമല്ല. രാജ്യത്തിൻെറ പുരോഗതിക്ക് ഈ പ്രസ്ഥാനം വളരേണ്ടതുണ്ട്.

കൂട്ടിലങ്ങാടി പഞ്ചായത്തിൽ ആകെ രണ്ടു സഹകരണ സംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഒന്നു മങ്കടപ്പള്ളിപ്പുറം സർവ്വീസ് സഹകരണബാങ്കും മറേറത് കടുകൂർ ഹരിജൻ സംഘവുമാണ്.

മങ്കടപള്ളിപ്പുറം സർവീസ് സഹകരണ ബാങ്കിൻെറ പരിധി പഞ്ചായത്തുമുഴുവൻ വ്യാപിച്ചിട്ടുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ ബാങ്കിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കാലാനുസൃതമായ മാററങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയത്തക്ക വിധം സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്.

നിലവിലുള്ള സംഘങ്ങളും അവയുടെ പ്രവർത്തനങ്ങളും സാധ്യതകളും താഴെ കൊടുക്കുന്നു.

## 1 മങ്കട പള്ളിപ്പുറം സർവ്വീസ് സഹകരണബാങ്ക്:-

പഞ്ചായത്തിലെ ഏക സഹകരണസ്ഥാപനമായ മങ്കടപള്ളിപ്പുറം സർവീസ് സഹകരണ ബാങ്കിൽ 5476 മെംബർ മാരാണ് ഉള്ളത്. നിലവിവുള്ള മെംബർഷിപ്പ് തുക 5 രൂപയാണ്. ആൾ ജാമ്യത്തിന് കൃഷി, കച്ചവടങ്ങൾക്ക് 4,000 രൂപയും വസ്തു ഈടിൻമേൽ 10,000 രൂപയുമാണ് വ്യക്തികൾക്കു വായ്പയായി നൽകിവരുന്നത്. 1995-96 വർഷത്തിൽ ഹ്രസ്വകാല വായ്പയായി 92,25,385 രൂപ ബാങ്ക് വിതരണം ചെയ്തിട്ടുണ്ട്.

രാസവളങ്ങളും കീടനാശിനികളും ഈ ബാങ്ക് മുഖേന വിപണനം നടത്തുന്നുണ്ട്. കശുവണ്ടി സംഭരണവും ബാങ്ക് ഏറെറടുത്തു നടത്താറുണ്ട്.

ഈ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അർഹമായ വായ്പ യഥാസമയത്തു നൽകാൻ ഈ ബാങ്കിനു കഴിയാതെ വരുന്നു. ധാരാളം കർഷകർ ഈ പഞ്ചായത്തിലുണ്ടെങ്കിലും മുഴുവൻ പേരും ഈ ബാങ്കിൽ അംഗങ്ങളായിട്ടില്ല. അർഹരായ എല്ലാവർക്കും വായ്പ നൽകാൻ സംവിധാനമില്ല ദീർഘകാല കാർഷികവായ്പ ഈ ബാങ്കു വഴി ലഭിക്കുന്നില്ല

☆ എല്ലാ കർഷകരെയും അംഗങ്ങളാക്കി ബാങ്കിൻെറ ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

☆ മെംബർഷിപ്പുതുക ആവശ്യമെങ്കിൽ വർദ്ധിപ്പിക്കാവുന്നതാണ്.

☆ ആൾ ജാമ്യത്തിൽ ലഭിക്കുന്ന ഹ്രസ്വകാല വായ്പ 4,000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

☆ വസ്തു ഈടിൻമേൽ നൽകുന്ന വായ്പ 10,000/- രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിക്കുക.

☆ കൃഷിഭവൻ വഴി നൽകുന്ന വായ്പകൾ ഈ ബാങ്കുമുഖേന വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. നിക്ഷേപസമാഹാരണം നടത്തി പ്രവർത്തന മൂലധനം വർദ്ധിപ്പിക്കേണ്ടതാണ്.

☆ ഈ ബാങ്കിൻെറ ഓരോ ശാഖ കൂട്ടിലങ്ങാടി ടൗണിലും മങ്കടപള്ളിപ്പുറത്തും തുടങ്ങുക

☆ കാർഷിക ഉത്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിക്കുവാൻ ബാങ്കുകളിൽ സംവിധാനം ഉണ്ടാകണം.

☆ കൊപ്രസംഭരണത്തിന് ബാങ്കിൽ സംവിധാനമേർപ്പെടുത്തുക.

☆ കാർഷികോപകരണങ്ങളായ ട്രോക്ടർ, ട്രില്ലർ കൊയ്ത്തുമെതിയന്ത്രങ്ങൾ മുതലായവ വാടകയ്ക്ക് കർഷകർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ബാങ്കിൽ ഏർപ്പെടുത്തുക

## കടുകൂർ - ഹരിജൻ സഹകരണസംഘം:-

കാർഷിക രംഗത്ത് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘമാണിത്. ഈ സംഘത്തിൻെറ പ്രവർത്തനം കൂടുതൽ ഊർജ്ജപ്പെടുത്തി മററുള്ളവർക്കും ഒരു പ്രചോദനമാക്കിത്തീർക്കാൻ യത്നിക്കേണ്ടതാണ്

## വിദ്യാലയ സഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ രജിസ്ററർ ചെയ്ത് പ്രവർത്തിച്ചുവരുന്ന വിദ്യാലയ സഹകരണ സംഘങ്ങളാണു താഴെ പറയുന്നവ.

1. മങ്കടപള്ളിപ്പുറം ഗവ. ഹൈസ്ക്കൂൾ കോ. ഓപ്പറേററീവ് സൊസൈററി.

2. മങ്കടപള്ളിപ്പുറം ഗവ. യു.പി. സ്ക്കൂൾ കോ. ഓപ്പറേററീവ് സൊസൈററി.

3. കൂട്ടിലങ്ങാടി ഗവ.യു.പി. സ്ക്കൂൾ കോ. ഓപ്പറേററീവ് സൊസൈററി.

മേൽപറഞ്ഞ സൊസൈററികളെല്ലാം തന്നെ വെറും ടെക്സ്ററ് പുസ്തക വില്പനകേന്ദ്രങ്ങളായി മാത്രമാണ് ഇന്നു പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ പഠന സാമഗ്രികൾ യൂണിഫോമുകൾ എന്നിവയുടെ വിതരണം കൂടി നടത്തി പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്. ഇതിൽ നിന്നു ലഭിക്കുന്ന വരുമാനത്തിൻെറ ഒരു ഭാഗം പാഠ്യാനുബന്ധപ്രവർത്തനങ്ങളായ കായിക മത്സരം, കലാ മത്സരം, ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ എന്നിവയുടെ ചെലവിലേക്ക് ഉപയോഗപ്പെടുത്താൻ സാധ്യമാകുന്ന രീതിയിലുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

വിവിധമമേഖലകളിൽ ആരംഭിക്കാവുന്ന സഹകരണ സംഘങ്ങൾ

1. ക്ഷീരോത്പാദന സഹകരണ സംഘം
2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണ സംഘം
3. കോഴിവളർത്തൽ സഹകരണ സംഘം
4. മെഴുകുതിരി നിർമ്മാണ സഹകരണ സംഘം
5. അച്ചാർ നിർമ്മാസ സഹകരണ സംഘം
6. കൊപ്രസംസ്കരണ സഹകരണ സംഘം
7. ചകിരി സംസ്കരണ സഹകരണ സംഘം
8. സോപ്പുനിർമ്മാണ സഹകരണ സംഘം
9. ഹോളോബ്രിക്സ്, സിമൻറ്, കട്ടില, ജനൽ നിർമ്മാണ സഹകരണ സംഘം
10. പച്ചക്കറി വിപണന സഹകരണ സംഘം
11. ആടുവളർത്തൽ സഹകരണ സംഘം

ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കാത്തവിധത്തിൽ സുഗമമായ വിപണന സൗകര്യം ഉണ്ടാക്കിയെടുക്കുക എന്നതായിരിക്കണം സഹകരണസംഘങ്ങളുടെ പ്രധന ലക്ഷ്യം.

ഒരുമ തന്നെ പെരുമ

## 5 – 11

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 6.2 % (1991 സെൻസസ്) പട്ടികജാതിവിഭാഗമാണ്. 335 പട്ടികജാതി കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 810 പുരുഷന്മാരും 808 സ്ത്രീകളുമാണ് പഞ്ചായത്തിലുള്ളത്. രണ്ട് പുരുഷന്മാരും ഒരു സ്ത്രീയും ഉൾപ്പെടുന്ന ഒരു പട്ടികവർഗ്ഗ കുടുംബവും ഇവിടെ ഉണ്ട്.

പട്ടികജാതി പട്ടിവർഗ്ഗക്ഷേമത്തിനായി സർക്കാർ പല പദ്ധതികളും രൂപീകരിച്ചിട്ടുണ്ടെങ്കിലും വിവിധ കാരണങ്ങളാൽ അത് വേണ്ടവിധത്തിൽ ഈ പഞ്ചായത്തിൽ വിജയപ്രദമായിട്ടില്ല. ഇവിടെ 8 അംഗീകൃത കോളനികളും അംഗീകാരത്തിനായി അപേക്ഷിച്ച ഒരു കോളനിയും ഉണ്ട്. കൂടാതെ ഒററപ്പെട്ട ഹരിജൻ വീടകൾ വേറെയുമുണ്ട്.

സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ ഈ വിഭാഗം വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. സർക്കാർ ഇവരുടെ ഉയർച്ചയ്ക്കു വേണ്ടി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടുമാണ് ഇത് ഫലപ്രദമാകാത്തത്. എങ്കിലും മുണ്ടെയിൽ പടി, പനമ്പററ, പടിഞ്ഞാറെക്കുണ്ട് എന്നീ കോളനിൾ അൽപം ഭേദപ്പെട്ടതായിരിക്കുന്നു. പ്രൊഫഷണൽ ബിരുദത്തിന് പഠിക്കുന്ന പെൺകുട്ടികളുൾപ്പെടെ യുവജനങ്ങളിൽ കോളേജ് വിദ്യാഭ്യാസം നേടിയവർ ഏറെ ആളുകൾ ഇവിടെ ഉണ്ട്. വിദ്യാഭ്യാസം നേടാത്തവർ കൂലിപ്പണി, വീടുപണി, പെയിൻറിംഗ് തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നു. പ്രായമായവരിൽ അധികവും കാർഷിക ജോലി ചെയ്യുന്നവരാണ്.

മററു കോളനികൾ വളരെയധികം പിന്നോക്കാവസ്ഥയിലാണ്. വള്ളിക്കാപററ, പട്ടിപറമ്പ് തുടങ്ങിയ കോളനികളിൽ പ്രായപൂർത്തിയായവർ മിക്കവരും കൂലിപ്പണിയെടുത്തു ജീവിക്കുന്നവരാണ്. 10-ാം ക്ലാസ്സുവരെ പഠിച്ചവർ ഇല്ലെന്നു തന്നെ പറയാം. രക്ഷിതാക്കളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനു വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ ആകെ പഠിക്കുന്ന 6448 കുട്ടികളിൽ 362 പേർ പട്ടികജാതവ വിദ്യാർത്ഥികളാണ്. ആകെയുള്ള 3331 ആൺകുട്ടികളിൽ 181 പേരും 3117 പെൺകുട്ടികളിൽ 181 പേരുമാണ് പട്ടികജാതി വിഭാഗക്കാരായുള്ളത്.

പട്ടിക 1

| | ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | ശതമാനം |
|---|---|---|---|---|
| പട്ടികജാതി | 1618 | 810 | 808 | 6.2 |
| പട്ടികവർഗ്ഗം | 03 | 02 | 01 | 0. |

പട്ടിക 2

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് |
|---|---|---|
| 1 | 2 | പനമ്പറ |
| 2 | 2 | പടിഞ്ഞാറെകുണ്ട് |
| 3 | 3 | നേർത്തകുണ്ട് |
| 4 | 4 | മുണ്ടയിൽപടി |
| 5 | 4 | മങ്ങാരത്തിൽ |
| 6 | 5 | വട്ടത്തൊടി |
| 7 | 6 | പട്ടിപറമ്പ് |
| 8 | 9 | കൊള്ളിത്തൊടി |

പട്ടികജാതികുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവന്നിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും ഇവർ ജീവിക്കുവാനുള്ള തൊഴിലിനു വേണ്ടി മററു മേഖലകളിലേക്ക് പോകാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേർന്നിട്ടുള്ളത്. ഈ മേഖലയിൽ സ്ത്രീക്ക് 60 ഉം പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നു. കൂലിവേലചെയ്തു മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിനു തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിടപ്രശ്നം ഒരു പരിധിവരെ വിവിധ പദ്ധതികളുടെ ഭാഗമായി പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മിക്ക ഹരിജൻ കോളനികളിലും പരിമിത സൗകര്യങ്ങളാണെങ്കിലും ചെററക്കുടിലുകളിൽ നിന്നു മോചനമായിട്ടുണ്ട്. ഒററപ്പെട്ട കുടുംബങ്ങൾക്ക് ഇതിൻെറ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. പനമ്പറ കോളനിയിൽ പലഭാഗങ്ങളിലും കക്കൂസ് നിലവിലില്ല. മററു പലഭാഗങ്ങളിലും ഇതേ പ്രശ്നമുണ്ട്. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുക്കേണ്ടതാണ്.

പടിഞ്ഞാറെക്കുണ്ട്, പനമ്പറ കോളനികളിലേക്കുള്ള റോഡ് ടാർ ചെയ്യേണ്ടതുണ്ട്. മങ്ങാരത്തിൽ വട്ടത്തൊടി കോളനികളിലേക്ക് റോഡ് നിർമ്മിക്കേണ്ടതുണ്ട്. പനമ്പറ കോളനിയിൽ നടപ്പാലം ആവശ്യമാണ്. പടിഞ്ഞാറെക്കുണ്ട്, പനമ്പറ ഭാഗങ്ങളിൽ മണ്ണൊലിപ്പു തടയേണ്ടതുണ്ട്.

വട്ടത്തൊടി, കൊള്ളിത്തൊടി കോളനികളിൽ വൈദ്യുതി എത്തിക്കുകയും മുണ്ടയിൽപ്പടി കോളനിയിലെ വൈദ്യുതീകരണം പൂർത്തിയാക്കുകയും വേണം. പലഭാഗങ്ങളിലും പൈപ്പ് എത്തിയിട്ടും വെള്ളം കിട്ടാത്ത രണ്ടാം വാർഡിലെ കോളനികളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

പടിഞ്ഞാറെക്കുണ്ട് പനമ്പറ കോളനികൾക്കുള്ള പൊതു ശ്മശാനങ്ങൾക്ക് അതിരുകെട്ടേണ്ടതാണ്. കൂടാതെ ഇവർ താമസിക്കുന്ന സ്ഥലങ്ങൾ വേർതിരിക്കുന്ന അതിർത്തി ആവശ്യമാണ്. ഇതിനു മനുഷ്യാധ്വാനം കോളനിയിൽ നിന്നു ലഭ്യമായതിനാൽ സാമ്പത്തികസഹായം ലഭിക്കേണ്ടിയിരിക്കുന്നു. മങ്ങാരത്തിൽ കോളനിയിൽ ഉള്ള ഒരു കുഴൽ കിണർ ഉപയോഗ ശൂന്യമാണ്. അതു നേരെയാക്കി വെള്ളപ്രശ്നം പരിഹരിക്കണം.

നേർത്തകുണ്ട് കോളനിവാസികൾക്ക് അവരുടെ പൊതു ശ്മശാനത്തിലേക്ക് പൊതു വഴിയില്ല. ജാതീയമായ ഉച്ചനീചത്വങ്ങൾ പഞ്ചായത്തിൽ അനുഭവപ്പെടുന്നില്ല. വിവാഹം തിടങ്ങിയ ആഘോഷങ്ങൾക്കും ചടങ്ങുകൾക്കും മററു സമുദായക്കാർ പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നുണ്ട്. ജാതിപ്പേര് ചൊല്ലിവിളിക്കുന്ന സമ്പ്രദായം ഇല്ല.

പഞ്ചായത്തിലെ ബഹുജനസംഘടനാ പ്രവർത്തനരംഗത്ത് പട്ടികജാതിയിൽ പെട്ടവർ നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. ഏതാണ്ട് അൻപതോളം പേർ വിവിധ ബഹുജന പ്രസ്ഥാനങ്ങളുടെ നേതൃത്വനിരയിലുണ്ട്.

### പ്രശ്നങ്ങൾ

1. പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്ര ഇല്ല.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നതിനാലും കാർഷികമേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നതിനാലും തൊഴിൽ സാധ്യത കുറയുന്നു.

3. അധികപേർക്കും പട്ടയമില്ല.

4. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഇല്ല

5. കോളനികളിൽ കുടിവെള്ളം വൈദ്യുതി എന്നി ആവശ്യത്തിനില്ല.

6. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

സാധ്യതകൾ

☆ ഇവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനു പ്രാധാനമായും പണത്തിന്റെ ദുർവിനിയോഗം തടയേണ്ടതുണ്ട്.

☆ മദ്യപാനത്തിനും മററുമായി ചെലവാക്കുന്നതിനെതിരെ നല്ല രീതിയിൽ ബോധവത്ക്കരണം നടത്തണം.

☆ കൂട്ടിലങ്ങാടി ഹെൽത്ത്സെൻററിന്റെ പ്രവർത്തനം വിപുലമാക്കിയാൽ കോളനിനിവാസികൾക്ക് അതുപകാരപ്രദമായിരിക്കും.

☆ പട്ടികജാതിക്കാർക്കുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവത്ക്കരണം നടത്തേണ്ടതുണ്ട്.

☆ കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തണം.

☆ തൊഴിലില്ലായ്മ പരിഹരിക്കാനായി പഞ്ചായത്തു കേന്ദ്രീകരിച്ചു സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കണം

☆ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ തൊഴിൽ യൂണിററ് ആരംഭിക്കണം. (കോഴിവളർത്തൽ, റെഡിമേഡ് ഡ്രസ്സ്, ബുക്ക് ബൈൻഡിംഗ്, സോപ്പ് നിർമ്മാണം തുടങ്ങിയവ)

☆ 7-ാം വാർഡിലെ ചെലൂർ പ്രദേശത്ത് താമസിക്കുന്ന 10 ഹരിജൻ കുടുംബങ്ങളെ ഒരു കോളനിയായി അംഗീകരിക്കണം.

☆ കോളനികളിലുൾപ്പെടാതെ ഒററപ്പെട്ടുകിടക്കുന്ന പട്ടികജാതി വീടുകൾക്കും കോളനി വീടുകൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക.

☆ ഈ പഞ്ചായത്തിൽ മുണ്ടയിൽപടിയിൽ താമസിക്കുന്ന 'കുംഭാരന്മാർ' എന്ന വിഭാഗം വളരെ ദാരിദ്ര്യമനുഭവിക്കുന്നവരാണ് അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് അവരുടെ തൊഴിലിന് ആവശ്യമായ ധനസഹായവും ബോധവത്ക്കരണവും നൽകണം.

☆ മുണ്ടയിൽപടി ഹരിജൻ കോളനിയിലെ 33 വീട്ടുകാർക്കും കൂടിയുള്ള നാൽപതേക്രയോളം വരുന്ന ചെരിവുള്ള ഭൂമിയിൽ മണ്ണൊലിപ്പുനിവാരണ കയ്യാലകൾ നിർമ്മിക്കുകയും ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

☆ കോളനികളിൽ സാംസ്കാരിക നിലയങ്ങൾ ഉണ്ടാക്കുക.

☆ രണ്ടാം വാർഡിലെ രണ്ടുകോളനിക്കാർക്കും പ്രയോജനമാവും വിധം ഒരു റേഷൻ കട അനുവദിക്കുക.



# 5 12

# വിഭവസമാഹരണം

വിഭവസമാഹരണത്തിനുള്ള യത്നത്തിനു മനുഷ്യനോളം തന്നെ പഴക്കമുണ്ട്. ഇക്കാര്യത്തിൽ മനുഷ്യൻ വൈവിധ്യമാർന്ന ഉപാധികൾ മുൻകാലം മുതൽ അവലംബിച്ചിട്ടുമുണ്ട്. ഏതു മാർഗം നോക്കിയാലും ഖജനാവിലെത്തുന്ന ധനത്തിന്റെ സിംഹഭാഗവും പൊതുജനങ്ങളിൽ നിന്നു പിരിക്കുന്ന നികുതിയാണെന്ന സത്യം അവശേഷിക്കുന്നു.

സാമ്പത്തിക ഭദ്രത ഏതൊരു സ്ഥാപനത്തിന്റെയും നിലനിൽപിന്റെ നെടുംതൂണാണ്. സുസ്ഥിരമായ ഒരു സാമ്പത്തിക അടിത്തറ കെട്ടിപ്പടുക്കാതെ ഒരു സ്ഥാപനത്തിനും നിലനിൽക്കുക സാധ്യമല്ല എന്നത് ഒരു സത്യം മാത്രമാണ്. സാമ്പത്തിക പരാധീനതയുടെ നടുച്ചുഴിയിൽ പെട്ടു നട്ടം തിരിയുന്ന പഞ്ചായത്തുകളാണ് നമ്മുടെ നാട്ടിൽ അങ്ങോളമിങ്ങോളം കാണപ്പെടുന്നത്. ഇതിൽ പെട്ട ഒന്നാണു കൂട്ടിലങ്ങാടി പഞ്ചായത്ത് എന്നത് ഒരു ദുഃഖ സത്യം മാത്രമാണ്.

പഞ്ചായത്തു രാജ് സ്ഥാപനങ്ങളുടെ വിജയം സാധിതപ്രായമാകുവാൻ വേണ്ട ധന സമ്പാദനത്തിനു സ്വീകരിക്കേണ്ട മാർഗങ്ങളെക്കുറിച്ച് യഥാർത്ഥമായ ഒരു ചിത്രം ഉണ്ടായാൽ മാത്രമെ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിതപ്രായമാകൂ. ജനപങ്കാളിത്തത്തോടു കൂടിയ വികസനമാണ് ഒമ്പതാം പദ്ധതിയുടെ ലക്ഷ്യമെന്നതിനാൽ ജനപങ്കാളിത്തത്തിനൂന്നൽ കൊടുത്തുകൊണ്ടുള്ള തരത്തിലായിരിക്കണം വിഭവസമാഹരണം.

പഞ്ചായത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതിയെക്കുറിച്ചുള്ള ഒരവലോകനത്തിനു ശേഷം വിഭവസമാഹരണത്തിന്നായി കടന്നു ചെല്ലാവുന്ന പുതിയ മേഖലകളെക്കുറിച്ചു ചർച്ച ചെയ്യാം.

## *അവലോകനം*

പഞ്ചായത്തിന്റെ വിവിധ രംഗത്തെ വരവു ചെലവു കണക്കുകൾ വിശദമായി പഠിക്കേണ്ടതുണ്ട്. കൂട്ടിലങ്ങാടി പഞ്ചായത്തിലെ 1995-96 വർഷത്തെ മൊത്തം വരുമാനം 11,44,979.30 രൂപയാണ്. ഇതിൽ തനതു വരുമാനം 3,27,714.10 രൂപയും സംസ്ഥാന സർക്കാരിൽനിന്നുള്ള ഗ്രാന്റുകൾ 7 ,58,278 രൂപയും മറ്റു വരുമാനങ്ങൾ 58,987.20 രൂപയുമാണ്. പഞ്ചായത്തിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ മൊത്തം വരവിനെ കാണിക്കുന്ന വിവരങ്ങൾ പട്ടിക 1ൽ കാണിച്ചിരിക്കുന്നു.

## പട്ടിക 1

| നമ്പർ | ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|---|
| 1 | തൊഴിൽ നികുതി | 50783 | 32586 | 40947 | 79570 | 74515 |
| 2 | കെട്ടിടനികുതി | 11224756 | 54679.01 | 159731.50 | 157198.04 | 157330.10 |
| 3 | ഗ്രാന്റുകൾ | 214970.15 | 333341 | 163647 | 15054 | 429778 |
| 4 | ഉപാധിരഹിതഫണ്ട് | 210437 | 220100 | 229800 | 319500 | 328500 |
| 5 | വസ്തുകൈമാറ്റ നികുതി | 96764 | 11588 | 209350 | 96403 | 95869 |
| 6 | മറ്റു വരുമാനങ്ങൾ | 134268.59 | 147467 | 250294.90 | 143283.70 | 58987.20 |
| | ആകെ വരവ് | 819470.30 | 799761.01 | 1053770.40 | 811008.74 | 1144979.30 |

## പട്ടിക 2

## പ്രധാന തനതു വരുമാനത്തിലെ വ്യതിയാനങ്ങൾ – ശതമാനത്തിൽ

| നമ്പർ | പ്രധാന വരവിനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|---|
| 1. | കെട്ടിടനികുതി | 13.69 | 6.84 | 15.16 | 19.38 | 13.74 |
| 2. | തൊഴിൽ നികുതി | 6.02 | 4.07 | 3.89 | 9.81 | 6.51 |
| 3 | വസ്തു കൈമാറ്റ നികുതി | 11.81 | 1.45 | 19.87 | 11.89 | 8.37 |

നേരിയ വർദ്ധനവു മാത്രമാണു തനതു വരുമാനത്തിൻ കാണുന്നത്. നികുതിയേതര വരുമാനത്തിൽ കഴിഞ്ഞ വർഷം 12.46 ശതമാനം വർധനവുണ്ടായി.

സർക്കാരിൽനിന്നു ലഭിക്കുന്ന ധനസഹായത്തിൽ ഉണ്ടായ വ്യതിയാനം പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 3

## സർക്കാർ ധനസഹായത്തിൽ ഉണ്ടായ വ്യതിയാനം ശതമാനത്തിൽ

| ക്രമ നമ്പർ | ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|---|
| 1. | അൺടൈഡ്ഫണ്ട് | 49.47 | 39.77 | 58.41 | 94.65 | 43.32 |
| 2. | എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 1.54 | 2.82 | 4.07 | ഇല്ല | ഇല്ല |

എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിന്റെ അളവ് വളരെ കുറവായാണു കാണുന്നത്.

ഇനി പഞ്ചായത്തിന്റെ ചെലവിനങ്ങൾ പരിശോധിക്കാം. കഴിഞ്ഞ അഞ്ചു വർഷത്തെ ചെലവിനങ്ങൾ പട്ടിക 4 ൽ കാണിച്ചിരിക്കുന്നു.

## പട്ടിക 4

## കൂട്ടിലങ്ങാടി പഞ്ചായത്തിലെ കഴിഞ്ഞ അഞ്ചുവർഷത്തെ ചെലവിനങ്ങൾ

| ക്രമ നമ്പർ | ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|---|
| 1. | ഭരണ ചെലവ് | 171931.35 | 193310.10 | 201959.50 | 226645.50 | 220468.00 |
| 2. | പൊതുമരാമത്ത് | 160987.40 | 739213.50 | 823307.60 | 478714.75 | 759771.00 |
| 3 | മറ്റു ചെലവുകൾ | 64662.30 | 183893.95 | 124137.75 | 411621.00 | 387163.10 |
| 4. | കടം സംബന്ധിച്ച് | 10500.80 | 27099.00 | 7214.00 | 14004.00 | 3775.00 |
| | ആകെ | 408081.85 | 1143516.55 | 1157118.85 | 1130985.25 | 1371177.10 |

ഈ പഞ്ചായത്തിൽ ആകെ ഒരു ധനകാര്യ സ്ഥാപനമേ ഉള്ളൂ. അതു മങ്കട പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്കാണ്. ഇതിന്റെ പ്രവർത്തനം പഞ്ചായത്തുമായി ഒത്തു ചേർന്നു വിപുലപ്പെടുത്തി പഞ്ചായത്തിലെ വായ്പാ സൗകര്യം വർദ്ധിപ്പിച്ചു വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാവുന്നതാണ്.

ഗൾഫ് മേഖലയുടെ സ്വാധീനം ഈ പഞ്ചായത്തിൽ കൂടുതലുണ്ടെന്നു പറഞ്ഞുകൂടാ. ചുരുങ്ങിയ പേർ മാത്രമെ ഗൾഫിൽ ജോലി ഉള്ളവരായിട്ടുള്ളൂ. അവർ സ്വന്തമായി ഓരോ വീടു പണിയുന്നതിനാണു പ്രധാനമായും വരുമാനം ചെലവഴിക്കുന്നത്. ചെറുകിട വ്യവസായത്തിലേക്ക് ഇവരിൽ ചിലരുടെയെങ്കിലും വരുമാനം തിരിച്ചുവിട്ട് സാധ്യതകളും പരിശോധിക്കാവുന്നതാണ്.

പ്രശ്നങ്ങൾ മാത്രമാണ് ഇപ്പോൾ കൂടുതലും മുന്നിലായുള്ളത്. പൂർണ്ണമായ അധികാര വികേന്ദ്രീകരണം കടലാസിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. കാലഹരണപ്പെട്ട നിയമങ്ങൾ, ഭരണച്ചെലവിലെ വർദ്ധനവ്, കോൺട്രാക്ടർമാർക്കു കൈകളിലെത്തുന്ന ലാഭം, ദീർഘകാല വായ്പ ലഭിക്കുവാനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ അഭാവം, വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ, സന്നദ്ധ പ്രവർത്തനങ്ങളിലെ താത്പര്യക്കുറവ് തുടങ്ങിയ നിരവധി പ്രശ്നങ്ങളുണ്ട്.

വിഭവ സമാഹരണത്തിനുള്ള ചില സാധ്യതകൾ പരിശോധിച്ചു നോക്കാം. സംസ്ഥാന സർക്കാറുകൾക്കും പഞ്ചായത്തുകൾക്കും, ജനങ്ങളിൽനിന്നു പിരിച്ചെടുക്കാവുന്ന തുകയ്ക്ക് ഒരു പരിധിയുണ്ടെന്നും ഈ പരിധി എത്രതന്നെ ഉയർത്തിയാലും ആവശ്യങ്ങളുടെ ഒരു ഭാഗം പോലും നിറവേറ്റുവാൻ പര്യാപ്തമാകുകയില്ലെന്നുമുള്ള സത്യം അംഗീകരിച്ചു കൊണ്ടു പണം മാത്രമായിട്ടല്ലാതെ മറ്റു രൂപത്തിലുള്ള വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രം ആവിഷ്കരിച്ചുകൊണ്ടു ചിലതരം പ്രവർത്തനങ്ങൾക്കു ബദൽ രീതികൾ കണ്ടെത്തിക്കൊണ്ട് ഒരു പുതിയ വികസന സംസ്കാരം ഉരുത്തിരിച്ചെടുക്കാൻ വികസനസെമിനാറിനു കഴിയുമ്പോഴാണു വിഭവസമാഹരണവും യാഥാർത്ഥ്യമാകുന്നത്.

## *സാധ്യതകൾ*

1. മനുഷ്യവിഭവം പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡ് അടിസ്ഥാനത്തിൽ തൊഴിൽ ദാന സേനകൾക്ക് രൂപം കൊടുക്കുകയും നിശ്ചിത തുക സേനയുടെ ഭക്ഷണച്ചെലവിനും മറ്റും അനുവദിച്ചുകൊണ്ടു സേനയുടെ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

2. ഉപഭോക്താക്കളിൽ നിന്നു മുഖ്യഭാഗം സംഭാവന സ്വീകരിച്ചു ടാർ റോഡുകൾ നിർമ്മിക്കുകയും കൂടുതൽ തുക സംഭാവനയായി നൽകാൻ തയ്യാറുള്ളവർക്കു റോഡുകൾ അനുവദിച്ചു കൊടുക്കുന്നതിൽ മുൻഗണന നൽകുകയും ചെയ്തുകൊണ്ടു സാമ്പത്തിക ബാധ്യത കുറയ്ക്കുവാനും, ആരോഗ്യകരമായ ഒരു മത്സരം ഈ രംഗത്ത് ഉണ്ടാക്കുന്നതുവഴി കൂടുതൽ പ്രവൃത്തി കുറഞ്ഞ കാലയളവിൽ ചെയ്തു തീർക്കാനും സാധിക്കുന്നതാണ്.

3. റോഡുകളുടെയും, പൊതുകിണർ, കുളം മുതലായവയുടെയും സംരക്ഷണം ഗ്രാമസഭാ കമ്മറ്റികളെ ഏൽപിക്കുകയും റിപ്പയർ പ്രവൃത്തികൾക്ക് ഒരു നിശ്ചിത ശതമാനം തുക പഞ്ചായത്തിൽനിന്നു നൽകുയും മനുഷ്യവിഭവവും മറ്റും ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന്റെയും സംരക്ഷിക്കുന്നതിന്റെയും ഉത്തരവാദിത്തം കമ്മറ്റിയെത്തന്നെ ഏൽപിക്കുകയും ചെയ്യുക.

4. തറ വിസ്തീർണ്ണം, ആഢംബരം എന്നിവയെ ആധാരമാക്കി കെട്ടിടനികുതി ചുമത്തു

ന്നതിനെക്കുറിച്ചും, നിശ്ചിത സംഖ്യയിൽ കൂടുതൽ വരുമാനമുള്ള വിദഗ്ദ തൊഴിലാളികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

തിയ്യേറ്ററുകൾ സ്ഥാപിച്ചും കേബിൾ T.V.യ്ക്ക് നികുതി ചുമത്തിയും വിനോദനികുതി വർദ്ധിപ്പിക്കാവുന്നതും പടിഞ്ഞാറ്റുംമുറി, കൂട്ടിലങ്ങാടി തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിച്ച് ഉപയോഗിക്കുന്നവരിൽനിന്നു നിശ്ചിത തുക ഫീസായി ഈടാക്കാവുന്നതുമാണ്.

6. പൊതു ടാപ്പുകൾ ഉപയോഗിക്കുന്നവരിൽനിന്ന് ഒരു നിശ്ചിത തുക പഞ്ചായത്തിനു ലഭ്യമാക്കുകയും ടാപ്പിന്റെ സംരക്ഷണച്ചുമതല ഗുണഭോക്താക്കൾക്കുതന്നെ നൽകുകയും ചെയ്യുക.

7. പൊതു റോഡു സൈഡിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾക്കു ദിവസം പ്രതി ഒരു ചെറിയ തുക ഫീസ് ഈടാക്കുക. പ്രധാന റോഡുകളുടെ ഇരുപാർശ്വങ്ങളിലും താമസിക്കുന്നവരിൽനിന്ന് ഒരു നിശ്ചിത തുക പ്രത്യേക കരമായി ഈടാക്കുക മുതലായവയും പരിഗണിക്കാവുന്നതാണ്.

8. പഞ്ചായത്തു വെയിറ്റിംഗ് ഷെഡുകൾ പരസ്യത്തിനു നൽകിയും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

9. ഗൾഫ് മേഖലകളിലും മറ്റും ജോലി ചെയ്യുന്നവരിൽനിന്നു വ്യാവസായികാവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കാവുന്ന വിധത്തിൽ നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള അധികാരം, ആവശ്യമായ നിയമനിർമ്മാണത്തിലൂടെ പഞ്ചായത്തിനു നൽകുകയാണെങ്കിൽ ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ ഉണ്ടാക്കാൻ ഉപകരിക്കുമെന്നതിൽ തർക്കമില്ല

10. വിഭവസമാഹരണത്തോടൊപ്പം കൂടുതൽ കാര്യക്ഷമത കൈവരിക്കാനും അധിക ചെലവുകൾ ഒഴിവാക്കാനുമുള്ള ചില നിർദ്ദേശങ്ങൾ മാത്രമാണു മുകളിൽ സൂചിപ്പിച്ചത്. പ്രായോഗികമായ മറ്റു മാർഗ്ഗങ്ങളും സ്വീകരിച്ചു ധന ദുർവിനിയോഗം പരമാവധി തടഞ്ഞും പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ നമുക്കു സാധിക്കണം.

# 6

# ഉപസംഹാരം

പഞ്ചായത്ത് രാജ് നിയമം വിഭാവനം ചെയ്യുന്ന ജനപങ്കാളിത്തത്തിന്റെ പ്രസക്തിക്ക് ഒന്നുകൂടി ഊന്നൽ കൊടുത്തുകൊണ്ട്, ഇന്ന് സാർവ്വത്രികമായി കണ്ടുവരുന്ന അഴിമതികളിൽ നിന്നു നമ്മുടെ നാടിനെ മോചിപ്പിക്കുവാൻ–പൊതുമുതലിന്റെ സൂക്ഷിപ്പുകാരും സംരക്ഷകരുമായി ജനകോടികളെ മാറ്റിയെടുക്കുവാൻ നമുക്കു കഴിയണം. വികസനത്തിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി അവയെക്കുറിച്ചുള്ള സൂക്ഷ്മ പഠനത്തിനു ശേഷം മുൻഗണനാക്രമം നിശ്ചയിച്ചു പരിഹാരം കണ്ടെത്തുന്ന ഘട്ടത്തിലെത്തുകയും അതു പ്രാവർത്തികമാകുകയും ചെയ്യുന്നതോടുകൂടി നമ്മുടെ പുതിയ കാല്പാടിന്റെ ആദ്യഘട്ടവിജയം നാം നേടിക്കഴിഞ്ഞിരിക്കും.

വാർഡ് തലങ്ങളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇവയിൽ അടിയന്തിര സ്വഭാവമുള്ളവയെങ്കിലും താമസംവിനാ ചെയ്തു തീർക്കേണ്ട ബാധ്യത നമുക്കുണ്ട്. ആവശ്യമായ വിഭവസമാഹരണം നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമെ ഇതു സാധ്യമാവുകയുള്ളൂ. പ്രകൃതിവിഭവങ്ങളും ജനപങ്കാളിത്തത്തിലൂടെ ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യവിഭവങ്ങളും മറ്റു സംഭാവനകളും, അതോടൊപ്പം ഗവൺമെന്റിൽ നിന്നു പ്രതീക്ഷിക്കുന്ന പദ്ധതി വിഹിതവും നമ്മെ ലക്ഷ്യ പ്രാപ്തിക്കു സഹാ

ജനകീയാസൂത്രണ പരിപാടിയുടെ രണ്ടാം ഘട്ട പ്രവർത്തനം വികസന സെമിനാർ പൂർത്തിയാകുന്നതോടുകൂടി അവസാനിക്കുകയാണ്. 9–ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിൽ ഇതുവരെ നടന്ന പദ്ധതി ആസൂത്രണങ്ങളിൽ നിന്നു തികച്ചും വ്യത്യസ്തമായ ഒരു സമീപനമാണു സ്വീകരിച്ചിട്ടുള്ളത്. ഉന്നത തലങ്ങളിൽ വെച്ചു മാത്രം നടത്തപ്പെട്ടിരുന്ന ആസൂത്രണ പ്രക്രിയ ഏറ്റവും താഴ്ന്ന തലത്തിൽ നിന്നു തുടങ്ങി ഘട്ടം ഘട്ടമായി പൂർത്തിയാക്കി ഉന്നത തലങ്ങളിലേക്കു എത്തിച്ചു കൊടുക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആസൂത്രണത്തിലെന്നപോലെ നിർവഹണത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ഈ പരിപാടി ഒരു പുതിയ തുടക്കം എന്ന നിലയിൽ പരീക്ഷണ ഘട്ടത്തിലാണുള്ളത്.

വികസന സങ്കൽപങ്ങൾക്കുതന്നെ പുതിയ മാനം കണ്ടെത്തുന്ന ഈ പരിപാടിയിലൂടെ ഗ്രാമ പ്രദേശങ്ങളുടെ വികസനത്തിനുള്ള ഒരു മാർഗരേഖ കണ്ടെത്തുവാനും, കാർഷിക വ്യാവസായിക മേഖലകളിൽ ഇതുവഴി ഉണ്ടാക്കാൻ കഴിയുമെന്നും കരുതപ്പെടുന്ന ക്രമാനുഗതമായ പുരോഗതിയിലൂടെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും, തൊഴിലവസരങ്ങൾ സൃഷ്ടിച്ചും സ്വാശ്രയശീലം വളർത്തിയും നമ്മുടെ പ്രതീക്ഷകൾ സാക്ഷാത്കരിക്കപ്പെടുമെന്നു പ്രത്യാശിക്കുന്നു.

യിക്കുമെന്ന ശുഭാപ്തി വിശ്വാസം മാത്രമാണ് ഇപ്പോൾ നമ്മുടെ പക്കലുള്ളത്.

നമ്മുടെ പഞ്ചായത്തിൽ നാനാതുറകളിൽ പ്രവർത്തിക്കുന്ന വിദഗ്ദരുടെ സംഘം നേതൃത്വം കൊടുക്കുന്ന പദ്ധതി ആസൂത്രണത്തിന്റെ മൂന്നാം ഘട്ടത്തിലേക്കാണു നാം പ്രവേശിക്കാൻ പോകുന്നത്. ഇതുവരെ നടന്ന പ്രവർത്തനങ്ങളിൽ നാം കാണിച്ച ശുഷ്കാന്തിയും താത്പര്യവും മേലിലും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ നമുക്കീ രംഗത്തു വിജയിച്ചു എന്ന് അവകാശപ്പെടാൻ സാധിക്കുകയുള്ളു.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രയാണത്തിൽ അവലംബിക്കാവുന്ന സമഗ്രവികസന രേഖയാണു നമുക്കുണ്ടാകേണ്ടത്. ഈ റിപ്പോർട്ടു സമഗ്രമായിട്ടുണ്ടെന്ന് അവകാശപ്പെടുന്നില്ല. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ധൃതിപിടിച്ചു തയ്യാറേക്കേണ്ടി വന്നതിനാൽ പരിമിതികൾ ഉണ്ടായേക്കാമെങ്കിലും അപാകതകൾ സംഭവിക്കാതിരിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പോരായ്മകളുണ്ടെങ്കിൽ മൂന്നാംഘട്ട പ്രവർത്തനങ്ങളിൽ അവ നികത്താൻ സാധിക്കുമെന്നതിനാൽ ഗൗരവപൂർവമായ പ്രവർത്തനം മൂന്നാം ഘട്ടത്തിൽ നാം നടത്തേണ്ടിയിരിക്കുന്നു എന്നതിനാൽ കൂടുതലായുള്ള ചർച്ചകൾക്കും വിശകലനത്തിനുമായി കൂട്ടിലങ്ങാടി പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ഈ സെമിനാർ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.




UDAYA ART PRINTERS, CHOONDAL. PHONE : 0488 - 522714, KUNNAMKULAM.